# മജ്‌ലിസ് അൻസാറുല്ലാഹ്
# അഖിലേന്ത്യാ ഇജ്‌തിമാഅ്

## ഒക്ടോബർ 19, 20, 21 തീയതികളിൽ

## ഖാദിയാൻ ദാറുൽ അമാനിൽ

# മജ്‌ലിസ് അൻസാറുല്ലാഹ്
# സംസ്ഥാന ഇജ്‌തിമാഅ്

## ആഗസ്റ്റ് 19 ഞായറാഴ്ച

### *കോഴിക്കോട് ബയ്ത്തുൽ ഖുദ്ദൂസിൽ*

ഇജ്‌തിമാഅ് ആഗസ്റ്റ് 12-ന് നടത്തുമെന്നാണ് സർക്കുലർ മുഖേന അറിയിച്ചിരുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ 19-ലേക്ക് മാറ്റിവെക്കുകയായിരുന്നു.

*നാസിം*
*മജ്‌ലിസ് അൻസാറുല്ലാഹ്*

بسم الله الرحمن الرحيم

نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

**2007 ജനുവരി–ഫിബ്രുവരി** 1180 ധനു - മകരം 1426 ദുൽഹജ്ജ് - മുഹറം 1385 സുൽഹ് - തബ്ലീഗ്

പുസ്തകം 6
ലക്കം 5
വില 10 രൂപ



*എഡിറ്റർ ഇൻ ചാർജ്:*
എം. നാസിർ അഹ്മദ്

*മാനേജർ:*
എം. മുഹമ്മദ് സലിം



**SATHYAMITHRAM**
**ANSARULLAH PUBLICATION**

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020



***Postal Address :***
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**

മേഖലാ അമീർ എ.പി.കുഞ്ഞാമുസാഹിബിന്റെ വേർപാട് .................... 4

**യുഗനാദം**

എന്റെ നിയോഗോദ്ദേശ്യം .................... 5

**വിശുദ്ധ ഖുർആൻ**

സൂറത്തുൽ ബഖ്റഃ അർത്ഥം വ്യാഖ്യാനം .................... 6

ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുമോ? .................... 8
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**പ്രഭാഷണം**

തിരുനബിയുടെ ജീവിതമാതൃക സ്വായത്തമാക്കുക .................... 10
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**

അല്ലാഹുവിന്റെ മലക്കുകൾ(3) .................... 16
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)

പ്രവാചകന്മാരുടെ അനിവാര്യത .................... 17
ബി.എം

നമസ്കാരവും ആരോഗ്യവും .................... 21
അശ്റഫലി

അലനെല്ലൂരിൽ പുതിയ പള്ളി .................... 24
എം.അബ്ദുൽബശീർ

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) .................... 27
എച്ച്. ശംസുദ്ദീൻ കാവശ്ശേരി

ഇസ്ലാമും ആൾദൈവങ്ങളും .................... 29
എസ്. ഉദ്ദീൻ, കണ്ണൂർ

തിരുനബിയുടെ വിവാഹങ്ങൾ; യാഥാർത്ഥ്യമെന്ത്? .................... 31
അഡ്വ. നിസാർ അഹ്മദ്

എക്സിബിഷൻ അൽ–ഖുർആൻ ഇന്റർനാഷണൽ 2007 .................... 35
യു. മൻസൂർ അഹ്മദ്

അനുസ്മരണം, അറിയിപ്പുകൾ .................... 40

بســم الله الرحمن الرحيم
نحمده ونصلى على رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# മേഖലാ അമീർ
# എ.പി. കുഞ്ഞാമു സാഹിബിന്റെ വേർപാട്



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കോഴിക്കോട് മേഖലാ അമീർ ജനാബ് എ.പി. കുഞ്ഞാമുസാഹിബ് അന്തരിച്ചു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. 2007 ജനുവരി 7-ാം തിയ്യതി പുലർച്ചെ 2 മണിക്കാണ് അദ്ദേഹത്തിന്റെ വിയോഗം ഉണ്ടായത്. 73 വയസ്സായിരുന്നു.

തലശ്ശേരി പുന്നോൽ പ്രദേശത്ത് ആലമ്പത്ത് പുത്തൻപുരയിലായിരുന്നു തറവാട്. പിതാവ് കുഞ്ഞിപ്പോക്കർ സാഹിബ്. മാതാവ് കുഞ്ഞിമറിയം സാഹിബ.

1960-ലാണ് എ.പി. കുഞ്ഞാമുസാഹിബ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ബയ്അത്ത് ചെയ്തത്. തുടർന്ന് പല സ്ഥാനങ്ങളും അദ്ദേഹം അലങ്കരിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ മുഖപത്രമായ 'സത്യദൂതൻ' മാസികയുടെ പ്രസാധകൻ ഫസ്‌ലെ ഉമർ എജ്യുക്കേഷൻ ട്രസ്റ്റിന്റെ ചെയർമാൻ കോഴിക്കോട് ജമാഅത്തിന്റെ ഖായിദ്, പ്രസിഡന്റ്, തബ്‌ലീഗ് സെക്രട്ടറി, തർബിയ്യത്ത് സെക്രട്ടറി, ഉമൂറെ ആമ, ഖാസി, സംസ്ഥാന സമിതി തബ്‌ലീഗ് സെക്രട്ടറി, ജനറൽ സെക്രട്ടറി, കേരള ഹിലാൽ കമ്മറ്റി ചെയർമാൻ, മിനാരത്ത് ഇംഗ്ലീഷ് മാസികയുടെ പ്രസാധകൻ ഇതിനേക്കാളൊക്കെ ഉപരി സംസ്ഥാന അമീറായും അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. 1993 ഫെബ്രുവരിയിലാണ് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ കേരള സംസ്ഥാന അമീറായി നിയോഗിച്ചത്. പതിനാല് വർഷം അദ്ദേഹം ആ സ്ഥാനം അലങ്കരിച്ചു.

കേരളത്തിലെ ജമാഅത്തിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനുവേണ്ടി അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആല 2005 ആഗസ്റ്റിൽ സംസ്ഥാന ഇമാറത്തിനു പകരം 6 മേഖലാ അമീറുമാരെ നിയമിക്കുന്നതുവരെ അദ്ദേഹം സുബായി അമീറായിരുന്നു.

35 വർഷമായി അദ്ദേഹം കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡന്റ്, അമീർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 20 വർഷമായി സ്വന്തം ബിസിനസ്സിൽനിന്നകന്ന് ജമാഅത്തിന്റെ സേവനത്തിൽ വ്യാപൃതനായിരുന്നു.

കോഴിക്കോട് ബയ്ത്തുൽ ഖുദ്ദൂസിന്റെ നിർമ്മാണത്തിൽ കുഞ്ഞാമു സാഹിബിന്റെ സാന്നിധ്യം വളരെ വലുതായിരുന്നു. 1981-ൽ പള്ളിനിർമ്മാണ കമ്മിറ്റിയുടെ ചെയർമാനായി ഐകകണ്ഠ്യേനയാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്.

അദ്ദേഹം തികഞ്ഞ ഭക്തനും മൂസിയുമായിരുന്നു. മരിക്കുന്നതിനു മുമ്പേവരെ- ഡിസംബർവരെ ജമാഅത്തിന് കൊടുത്തുവന്നിരുന്ന മാസവരി കൃത്യമായി കൊടുത്തിരുന്നു. തികഞ്ഞൊരു വ്യക്തിത്വത്തിന്റെ ഉടമയാണ് നമ്മളിൽനിന്ന് വേർപ്പെട്ടുപോയത്. അല്ലാഹു തആല അമീർ സാഹിബിന് ജന്നത്തും മഗ്ഫിറത്തും നല്കിയനുഗ്രഹിക്കുമാറാകട്ടെ.



# എന്റെ നിയോഗോദ്ദേശ്യം

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

എന്നെ ദൈവം നിയോഗിച്ചതിന്റെ ഉദ്ദേശ്യം ദൈവവും അവന്റെ സൃഷ്ടികളും തമ്മിലുള്ള ബന്ധത്തിൽ വന്നുപോയ പൊരുത്തക്കേട് അകറ്റി സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും ബന്ധം പുനഃസ്ഥാപിക്കുകയും സത്യം വെളിപ്പെടുത്തുക മുഖേന മതയുദ്ധങ്ങൾ അവസാനിപ്പിച്ച് രഞ്ജിപ്പിന് അടിത്തറയിടുകയും ചെയ്യുക എന്നതാണ്. ലോകദൃഷ്ടികളിൽനിന്ന് മറഞ്ഞുപോയ മതപരമായ സത്യങ്ങൾ വെളിപ്പെടുത്തുകയും ഇന്ദ്രിയാശകളുടെ അന്ധകാരത്തിൽ അമർന്നുപോയ ആത്മീയതയുടെ മാതൃക കാണിക്കുകയും മനുഷ്യനുള്ളിൽ കടന്ന് ദുആകൊണ്ടോ ശ്രദ്ധ കൊണ്ടോ വെളിപ്പെടുന്ന ദൈവികശക്തികളുടെ അവസ്ഥ വാക്കുകൾ കൊണ്ടുമാത്രമല്ല, അനുഭവത്തിലൂടെ വിവരിക്കുകയും എല്ലാത്തിലുമുപരി, ഇപ്പോഴില്ലാതായിരിക്കുന്നതും ബഹുദൈവ വിശ്വാസത്തിന്റെ കലർപ്പുകൾ ഒന്നുമില്ലാത്തതുമായ സ്വച്ഛവും, ഇപ്പോൾ കാണാൻപോലും കിട്ടാത്തതുമായ തെളിമയാർന്ന തൗഹീദിന്റെ ശാശ്വതമായ ചെടി വീണ്ടും സമുദായത്തിൽ വെച്ചുപിടിപ്പിക്കുകയും ചെയ്യുക. ഇതെല്ലാം എന്റെ കഴിവുകൊണ്ടല്ല, മറിച്ച്, ആകാശഭൂമികളുടെ നാഥനായ ദൈവത്തിന്റെ ശക്തികൊണ്ടാണ് സംഭവിക്കുക. (ലക്ചർ ലാഹോർ, റൂഹാനി ഖസായിൽ, വാള്യം-20, പേജ്-180)

എല്ലാം നഷ്ടപ്പെട്ടുപോയവരെ സഹിഷ്ണുതയും, സൽസ്വഭാവവും, സഹാനുഭൂതിയുംകൊണ്ട് ദൈവത്തിലേക്കും അവന്റെ പരിശുദ്ധ സന്മാർഗ്ഗത്തിലേക്കും വലിച്ചടുപ്പിക്കാനും എനിക്ക് നല്കപ്പെട്ടിട്ടുള്ള പ്രകാശത്താൽ ജനങ്ങളെ സൽപന്ഥാവിൽ നടത്താനുമാണ് അല്ലാഹു എന്നെ ലോകത്തേക്ക് അയച്ചത്........ ദൈവമുണ്ടെന്ന ദൃഢവിശ്വാസം ലഭിക്കാനുതകുന്ന തെളിവുകൾ അവർക്ക് ലഭിക്കേണ്ടത് അനിവാര്യമാണ്. കാരണം ലോകത്തിലെ ഒരു വലിയ വിഭാഗം ദൈവാസ്തിക്യത്തിലും അവന്റെ വെളിപാട് മുഖേനയുള്ള സന്മാർഗ്ഗത്തിലും വിശ്വാസമില്ലാത്ത കാരണത്താൽ നാശമടഞ്ഞുകൊണ്ടിരിക്കുന്നു. അദൃശ്യകാര്യങ്ങളും മറഞ്ഞിരിക്കുന്ന സംഭവങ്ങളും വരാനിരിക്കുന്ന വാർത്തകളും, ദൈവം തന്റെ പ്രത്യേക ആളുകളോട് പറയുകയും മനുഷ്യശക്തിക്ക് കണ്ടെത്താൻ അസാധ്യമായ അതിഗോപ്യമായ രഹസ്യങ്ങൾ തന്റെ സമീപസ്ഥർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു എന്നതിനേക്കാൾ സ്പഷ്ടവും സുഗ്രാഹ്യവുമായ മറ്റൊരു മാർഗ്ഗവും ദൈവത്തെ വിശ്വസിക്കുന്നതിന് ഉണ്ടായിട്ടില്ല. കാരണം അതീവരഹസ്യവും, മനുഷ്യശക്തിക്ക് അതീതവുമായ ഭാവിയിൽ പുലരാനുള്ള വാർത്തകളെക്കുറിച്ച് മനസ്സിലാക്കാൻ അതല്ലാതെ മനുഷ്യന് ഒരു മാർഗ്ഗവുമില്ല. പ്രത്യേകിച്ചും ദൈവത്തിന്റെ ശക്തിപ്രഭാവങ്ങളും, വിധികളുമായി ബന്ധമുള്ള അദൃശ്യകാര്യങ്ങളും, അദൃശ്യവാർത്തകളും മനുഷ്യന് സ്വകഴിവുകൊണ്ട് സ്വയം കരഗതമാക്കാൻ സാധ്യമല്ല.

ആയതിനാൽ വഴിതെറ്റിയ ആളുകളെ തന്റെ അടയാളങ്ങൾ മുഖേന സൽപന്ഥാവിൽ കൊണ്ടുവരുന്നതിനുവേണ്ടി, ലോകജനങ്ങളിൽനിന്ന് എന്നെ തിരഞ്ഞെടുത്തുകൊണ്ട് ദൈവം എനിക്കുമേൽ വലിയൊരു ഔദാര്യമാണ് ചെയ്തിരിക്കുന്നത്. കാരണം, ക്രിസ്തുമതത്തിന്റെ സഹായികൾ അതായത്, പാതിരിമാർ സത്യത്തിൽനിന്ന് ദൂരെ മാറിപ്പോയതും, നേർമാർഗ്ഗം നഷ്ടപ്പെട്ട സമൂഹമായി മാറിയതും മാത്രമല്ല, ആയിരക്കണക്കിന് ദൂരം വെള്ളത്തിലൂടെയും കരയിലൂടെയും യാത്രചെയ്ത് മറ്റുള്ളവരേയും തങ്ങളെപ്പോലെയാക്കാൻ അവർ പരിശ്രമിക്കുന്നതും വാനലോകത്തുനിന്ന് ദൈവം കണ്ടു. യഥാർത്ഥ ദൈവം ആരെന്ന് അവർക്കറിവില്ല. മറിച്ച് അവരുടെ ദൈവം അവരുടെതന്നെ ഒരു കണ്ടുപിടിത്തമാണ്. അതുകൊണ്ടുതന്നെ, ദൈവത്തിന്റെ മനുഷ്യനോടുള്ള കാരുണ്യം തന്റെ ദാസരെ അവരുടെ കുത്സിതവലകളിൽനിന്ന് രക്ഷപ്പെടുത്തണമായിരുന്നു. അതിന് അവൻ തന്റെ ഈ മസീഹിനെ അയച്ചു. അദ്ദേഹം തെളിവുകളുടെ ആയുധംകൊണ്ട്, ഹദ്റത്ത് ഈസാ(അ)ന്റെ ശരീരത്തെ മുറിപ്പെടുത്തുകയും, വ്രണപ്പെടുത്തുകയും ചെയ്ത് ആ കുരിശിനെ തകർത്തു. (തിരിയാഖുൻ ഖുലൂബ്, റൂഹാനി ഖസായിൻ, പേജ്-143)

**വിശുദ്ധ ഖുർആൻ**

# സൂറ: ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

وَاَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ ۗ وَمَا تُقَدِّمُوْا لِاَنْفُسِكُمْ مِّنْ خَيْرٍ تَجِدُوْهُ عِنْدَ اللّٰهِ ۗ اِنَّ اللّٰهَ بِمَا تَعْمَلُوْنَ بَصِيْرٌ ﴿١١١﴾

**111. "നമസ്കാരം (മുറപ്രകാരം) നിലനിറുത്തുകയും സക്കാത്ത് നൽകുകയും ചെയ്യുക. നിങ്ങൾ എന്തെങ്കിലും നന്മ നിങ്ങൾക്കായി മുൻകൂട്ടി ചെയ്തുവെക്കുകയാണെങ്കിൽ അല്ലാഹുവിങ്കൽ അത് നിങ്ങൾ കണ്ടെത്തുന്നതാണ്. നിശ്ചയമായും നിങ്ങൾ ചെയ്യുന്നതെല്ലാം അല്ലാഹു നല്ലവണ്ണം കണ്ടുകൊണ്ടിരിക്കുന്നു."**

*പദാർത്ഥം*

وَاَقِيْمُوا الصَّلٰوةَ നമസ്ക്കാരം നിലനിറുത്തുക وَاٰتُوا الزَّكٰوةَ സക്കാത്ത് നൽകുകയും ചെയ്യുക. وَمَا تُقَدِّمُوْا ഏതൊന്ന് മുമ്പേ അയക്കുന്നുവോ لِاَنْفُسِكُمْ നിങ്ങൾക്കായി مِّنْ خَيْرٍ നന്മയിൽനിന്ന് تَجِدُوْهُ നിങ്ങൾ അത് കണ്ടെത്തും عِنْدَ اللّٰهِ അല്ലാഹുവിന്റെ പക്കൽ اِنَّ اللّٰهَ നിശ്ചയമായും അല്ലാഹു بِمَا تَعْمَلُوْنَ നിങ്ങൾ പ്രവർത്തിക്കുന്നത് بَصِيْرٌ നല്ലവണ്ണം കണ്ടുകൊണ്ടിരിക്കുന്നു.

*വ്യാഖ്യാനം*

തൊട്ടുമുമ്പിലുള്ള ആയത്തിൽ ശത്രുക്കളെ നിങ്ങൾ സ്വയം ശിക്ഷിക്കാതെ അല്ലാഹുവിന്റെ ശിക്ഷയെ കാത്തിരിക്കാൻ മുസ്ലിംകളോട് നിർദ്ദേശിച്ചിരിക്കുന്നു. ഈ കല്പന മുസ്ലിംകൾക്ക് അമർഷത്തിനും അക്ഷമക്കും കാരണമാകുന്നുണ്ടെങ്കിൽ അവരോട് അല്ലാഹു പറയുന്നു നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് പ്രാർത്ഥിക്കുക. നമസ്കാരം നിലനിറുത്തുകയും ശത്രുക്കൾക്ക് സന്മാർഗ്ഗം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യുക. അവർ സന്മാർഗ്ഗത്തിന്നർഹരല്ലെങ്കിൽ അവരുടെ ഉപദ്രവത്തിൽനിന്നും രക്ഷപ്പെടാനായി ദൈവത്തോട് പ്രാർത്ഥിക്കുക. അതോടൊപ്പം സക്കാത്ത് നൽകുകയും ചെയ്യുക. സമൂഹത്തിലെ ദരിദ്രരേയും പാവങ്ങളേയും സഹായിച്ച് അവരെ കൈപിടിച്ചുയർത്തി അവരെ നിങ്ങളുമായി അടുപ്പിക്കുക. അതിൽ സത്യം സ്വീകരിക്കാൻ താല്പര്യമുള്ളവർ അത് സ്വീകരിക്കുന്നതാണ്.

"നിങ്ങൾ എന്തു നന്മ മുമ്പേ അയക്കുന്നുവോ അത് അല്ലാഹുവിന്റെ പക്കൽ കണ്ടെത്തും" എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം നിങ്ങൾ ക്ഷമ കൈക്കൊള്ളുകയാണെങ്കിൽ അതും ഒരു നന്മയായി എഴുതപ്പെടും എന്നാണ്. നമസ്ക്കാരവും സക്കാത്ത് നൽകലും നന്മയായി ഗണിക്കപ്പെടുന്നതുപോലെ ദൈവകല്പനകളെ മാനിച്ചുകൊണ്ട് ക്ഷമ കൈക്കൊള്ളുന്നതും ഒരു നന്മയായിത്തീരുന്നതാണ്.

ക്ഷമ എന്നാൽ ഭീരുത്വമല്ല. അത് രണ്ടും വ്യത്യസ്തമാണ്. ഒരു വിശ്വാസി ക്ഷമിക്കുന്നത് ദൈവം നിർണ്ണയിച്ചിട്ടുള്ള വൃത്തത്തിനകത്ത് ഒരുങ്ങിനിൽക്കുക എന്നതാണ്. വിശ്വാസം നിലനിറുത്തുന്നതിനും മതാഭിമാനം നിലനിറുത്തുന്നതിനും ത്യാഗങ്ങൾ അർപ്പിക്കേണ്ടിവരുമ്പോൾ അവൻ മുൻപന്തിയിൽ ഉണ്ടാകും. മാത്രമല്ല ജീവൻ ത്യജിച്ചും അവർ അതിന് തയ്യാറായിരിക്കും. എന്നാൽ, ഒരു ഭീരു സാഹചര്യങ്ങൾക്കനുസരിച്ച് തനിക്ക് നേരിടാൻ കഴിയില്ല എന്ന് കാണുമ്പോൾ നിർബന്ധിതനായി ക്ഷമിക്കുന്നു. ദൈവത്തിന്റെ കല്പനയ്ക്ക് വിധേയമായിട്ടായിരിക്കില്ല ഈ ക്ഷമ. അതുകൊണ്ട് ഇതിനെ ഭീരുത്വം എന്നേ പറയാൻ പറ്റൂ.

وَقَالُوا لَنْ يَّدْخُلَ الْجَنَّةَ اِلَّا مَنْ كَانَ هُوْدًا اَوْ نَصٰرٰى ؕ تِلْكَ اَمَانِيُّهُمْ ؕ قُلْ هَاتُوْا بُرْهَانَكُمْ اِنْ كُنْتُمْ صٰدِقِيْنَ ﴿١١٢﴾

**112. "യഹൂദരോ ക്രൈസ്തവരോ അല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് അവർ പറയുന്നു. അതവരുടെ വ്യാമോഹങ്ങളാണ്. പറയുക, നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് ഹാജരാക്കുക."**

*പദാർത്ഥം*

وَقَالُوا അവർ പറഞ്ഞു لَنْ يَّدْخُلَ ഒരിക്കലും പ്രവേശിക്കുകയില്ല الْجَنَّةَ സ്വർഗ്ഗത്തിൽ اِلَّا ഒഴികെ مَنْ كَانَ هُوْدًا ആർ യഹൂദിയാണോ اَوْ അല്ലെങ്കിൽ نَصٰرٰى ക്രിസ്ത്യാനികൾ تِلْكَ اَمَانِيُّهُمْ അത് അവരുടെ വ്യാമോഹമാണ് ؕ قُلْ നീ പറയുക هَاتُوْا നിങ്ങൾ കൊണ്ടുവരിക بُرْهَانَكُمْ നിങ്ങളുടെ തെളിവുകൾ اِنْ كُنْتُمْ صٰدِقِيْنَ നിങ്ങൾ സത്യവാന്മാരാണെങ്കിൽ

*വ്യാഖ്യാനം*

മുകളിൽകൊടുത്ത ആയത്ത് രണ്ട് വചനങ്ങളെ സംഗ്രഹിച്ച് എഴുതിയിരിക്കുകയാണ്. അതിന്റെ ശരിയായ രീതി ഇപ്രകാരമാണ്. യഹൂദികൾ പറയുന്നു. യഹൂദർ മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ. ക്രിസ്ത്യാനികൾ പറയുന്നു ക്രിസ്ത്യാനികൾ മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ.

ഇവിടെ ഗ്രന്ഥാനുസാരികളുടെ പരസ്പരമുള്ള സ്പർദ്ദയെയാണ് വെളിപ്പെടുത്തുന്നത്. അവർ മറ്റു സമൂഹങ്ങളെ സ്വർഗ്ഗത്തിൽനിന്ന് അകറ്റിനിറുത്തുന്നു എന്ന് മാത്രമല്ല അവർ പരസ്പരം ഒരു കക്ഷി മറ്റൊരു കക്ഷിയെ സ്വർഗ്ഗത്തിൽനിന്ന് മാറ്റിനിറുത്തുന്ന അവസ്ഥയിലാണുള്ളത്.

ഇവിടെ യഹൂദികൾ പറയുന്ന 'അവർ മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ' എന്നത് ശരിയല്ല എന്നല്ല പറയുന്നത്. കാരണം ഓരോരുത്തരും അവർ സ്വർഗ്ഗത്തിൽ പോകും എന്ന് തന്നെയാണ് പറയുന്നത്. മുസ്ലിംകൾ കരുതുന്നത് അവർ മാത്രമേ സ്വർഗ്ഗത്തിൽ പോകുകയുള്ളൂ എന്നാണ്. എന്നാൽ ഇസ്‌ലാം ഒരു പ്രത്യേക ജാതിക്കാർക്ക് മാത്രമാണ് മോക്ഷത്തിന്റെ കുത്തകാവകാശം എന്ന് പറയുന്നില്ല. ദൈവത്തിൽനിന്ന് വരുന്ന മാർഗ്ഗനിർദ്ദേശങ്ങളെ ആര് സ്വീകരിച്ചാലും അവർക്ക് മോക്ഷം ലഭിക്കുന്നതാണ്. അതിന് ഇസ്മാഈൽ സന്തതികൾ തന്നെയാവണം എന്നൊന്നും ഖുർആൻ നിർദ്ദേശിക്കുന്നില്ല. അത് പറയുന്നത് '***വബിൽ ആഖിറത്തിഹും യൂഖിറൂൻ***' എന്നുള്ളതാണ്. ഭാവിയിൽ ഇറങ്ങുന്ന ദൈവിക നിർദ്ദേശങ്ങളും അവർ അംഗീകരിക്കുന്നു. യഹൂദികൾ അവരുടെ മതത്തിൽ പുറമേയുള്ളവരെ ആരേയും പ്രവേശിപ്പിക്കുകയില്ല. കാരണം ഇസ്മാഈൽ സന്തതികളെ മാത്രമേ അവർ സ്വർഗ്ഗത്തിന്റെ അവകാശികളായി കണക്കുകൂട്ടുന്നുള്ളൂ. ക്രിസ്തുമതം ഇന്ന് ലോകത്തെല്ലാവരേയും ക്രിസ്തുമതത്തിലേക്ക് ക്ഷണിക്കുന്നതിൽ ഇസ്‌ലാമിനോട് സാമ്യമുണ്ടെങ്കിലും അവരുടെ അടിസ്ഥാന അദ്ധ്യാപനങ്ങളിൽനിന്നും മനസ്സിലാകുന്നത് അന്യജാതിക്കാർക്ക് ഈ സന്ദേശം നൽകരുതെന്നാണ്. (മത്തായി, 10:6,7)

എന്നാൽ, ഇസ്‌ലാമിന്റെ സന്ദേശം '***വമാ അർസൽനാക ഇല്ലാ കാഫ്ഫത്തൻ ലിന്നാസി ബശീറൻ വനദീറൻ***' എന്നാണ്. നിന്നെ മാനവകുലത്തിന്നാകമാനം സന്തോഷവാർത്ത നൽകുന്നവനും താക്കീത് നൽകുന്നവനുമായിട്ടല്ലാതെ നാം അയച്ചിട്ടില്ല. തിരുനബി(സ.അ) ഇപ്രകാരം അരുളി. "മുമ്പുവന്ന പ്രവാചകന്മാരെയെല്ലാം പ്രത്യേകം പ്രത്യേകം സമൂഹത്തിനായിട്ടാണ് അയച്ചിട്ടുള്ളത്. എന്നാൽ, എല്ലാ കറുത്തവർക്കും വെളുത്തവർക്കും (മാനവകുലത്തിനാകമാനം) വേണ്ടി അയക്കപ്പെട്ടതാണ്. (മുസ്ലിം)

യഹൂദ ക്രിസ്തീയ വിശ്വാസവും ഇസ്‌ലാമിക വിശ്വാസവും തമ്മിലുള്ള ഒരു അന്തരം കൂടി ഇവിടെ പ്രകടമാണ്. യഹൂദരും ക്രിസ്ത്യാനികളും പറയുന്നത് നൂറ്റാണ്ടുകൾ പിന്നിട്ടാലും ലക്ഷക്കണക്കിന് വർഷം പിന്നിട്ടാലും സ്വർഗ്ഗത്തിൽ യഹൂദികളും ക്രിസ്ത്യാനികളും മാത്രമേ ഉണ്ടാവുകയുള്ളൂ എന്നതാണ്. എന്നാൽ, ഇസ്‌ലാമിന്റെ വിശ്വാസം ആരും എന്നെന്നും നരകത്തിൽ ഉണ്ടാവില്ലെന്നാണ്. നരകശിക്ഷ നിത്യമാണെന്ന് ഇസ്‌ലാം ഘോഷിക്കുന്നില്ല. ഒരു നിരീശ്വരവാദി പോലും അവസാനം സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടും എന്നാണ് അത് സിദ്ധാന്തിക്കുന്നത്. കാരണം മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് അവന്റെ യഥാർത്ഥമായ ദാസരായിത്തീരാനാണ്. വിശുദ്ധഖുർആൻ പറയുന്നു. "ജിന്നിനേയും മനുഷ്യനേയും ഞാൻ എന്നെ ആരാധിക്കാനല്ലാതെ സൃഷ്ടിച്ചിട്ടില്ല." മറ്റൊരു സ്ഥലത്ത് പറയുന്നു. "എന്റെ ദാസരിൽ പ്രവേശിക്കുക എന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക." അതുകൊണ്ട് എല്ലാവരും അവസാനം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകതന്നെ ചെയ്യും.

നിങ്ങൾ സത്യവാന്മാരാണെങ്കിൽ തെളിവ് കൊണ്ടുവരിക എന്നതുകൊണ്ട് ഉദ്ദേശ്യം സ്വർഗ്ഗത്തിന്റെ അവകാശികൾ നിങ്ങളാണെങ്കിൽ ദൈവസാമീപ്യത്തിനുള്ള തെളിവുകൾ നിങ്ങൾ ഹാജരാക്കുക. ദൈവത്തിന്റെ അനുഗ്രഹങ്ങളുടേയും കാരുണ്യത്തിന്റേയും അനന്തരാവകാശികൾ നിങ്ങളല്ലേ ആവേണ്ടത്. അവന്റെ വചനങ്ങൾ നിങ്ങൾക്കല്ലേ ഇറങ്ങേണ്ടത്. അതുകൊണ്ട് ദൈവസാമീപ്യത്തിനുള്ള തെളിവുകൾ നിങ്ങൾ നിരത്തി നിങ്ങളുടെ വാദത്തെ സാക്ഷ്യപ്പെടുത്തുക. എന്നാൽ, അങ്ങനെയുള്ള തെളിവുകൾ നിങ്ങൾക്ക് കൊണ്ടുവരാൻ സാധ്യമല്ല.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

# ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുമോ?

**അ**ല്ലാഹു പ്രവാചകന്മാർ മുഖേന നമുക്ക് പറഞ്ഞുതരികയും പിന്നീടുണ്ടായ സംഭവങ്ങൾ അത് സത്യമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളതിൽ നിന്ന് രക്ഷാശിക്ഷയുടെ നിയമം ഈ ലോകത്തുനിന്നു തന്നെ ആരംഭിക്കുന്നവിധത്തിലാണ് അവൻ നിശ്ചയിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. മനുഷ്യൻ ചെയ്തുകൂട്ടുന്ന അക്രമങ്ങളും അധർമ്മങ്ങളും അവർ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അതിന്റെ കഷ്ടവും നഷ്ടവും ഇവിടെത്തന്നെ ലഭിക്കുന്നു. കുറ്റവാളികൾ പശ്ചാത്താപവും പുനരാലോചനയുംകൊണ്ട് തങ്ങളുടെ അവസ്ഥയിൽ വ്യക്തമായ മാറ്റമുണ്ടാക്കുന്നതിനും അല്ലാഹുവുമായിട്ടുള്ള ദാസത്വബന്ധം നിലനിറുത്തുന്നതിൽ വന്ന വീഴ്ച ബോധപൂർവ്വം പരിഹരിക്കുന്നതിനും വേണ്ടിയാണ് ഇവിടെ ശിക്ഷ നല്കുന്നത്. ശിക്ഷ ഉണ്ടാകുമ്പോൾ ഒന്നുകിൽ അവർ അല്ലാഹുവിന്റെ സഹായത്തോടെ തന്റെ ദുർബ്ബലതകൾ ചികിത്സിച്ച് ഭേദപ്പെടുത്തുന്നു. അല്ലെങ്കിൽ അവരുടെ നിർഭാഗ്യംകൊണ്ട് അക്രമങ്ങളും അനാവശ്യങ്ങളും കൂടുതൽ ചെയ്യാൻ അവർ തന്റേടം കാണിക്കുകയും അത് കൂടിക്കൂടി ഒടുവിലവർ നരകാവകാശികളായി തീരുകയും ചെയ്യുന്നു. ഉപദേശം അല്ലെങ്കിൽ ഗുണപാഠം എന്ന നിലയിൽ ഈ ലോകത്ത് നല്കപ്പെടുന്ന ശിക്ഷയുടെ ഉദാഹരണം ക്ലാസ്സ് മുറിയുടേതാണ്. അശ്രദ്ധയും അലസതയും അകറ്റുന്നതിനുവേണ്ടി അദ്ധ്യാപകൻ പഠനമുറിയിൽ കുട്ടികളെ ലഘുവായി ശിക്ഷിക്കാറുണ്ട്. അറിവ് സമ്പാദിക്കുന്നതിൽനിന്ന് കുട്ടികളെ തടയുക എന്നതല്ല അദ്ധ്യാപകന്റെ ഉദ്ദേശ്യം. പ്രത്യുത അവർക്ക് നല്ലവണ്ണം കാര്യങ്ങൾ പറഞ്ഞുകൊടുത്ത് അവരെ കൂടുതൽ ജാഗ്രത പാലിക്കുന്നവരും സമർത്ഥരുമാക്കിത്തീർക്കുക എന്നതാണ്. ഇപ്രകാരം അല്ലാഹു കുറ്റവാളികൾക്കും ദുഷ്ടാത്മാക്കൾക്കും ഈ ലോകത്ത് ലഘുവായ നിലയിൽ ശിക്ഷ കൊടുക്കുന്നത് ആ കുറ്റകൃത്യങ്ങളുടെ ഭവിഷ്യത്ത് അറിഞ്ഞ് അല്ലാഹുവിന്റെ പ്രതാപത്തേയും മഹത്വത്തേയും ഭയക്കുന്നതിനും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിനും വേണ്ടിയാണ്.

എന്റെ ജമാഅത്തിന് ഞാനിത് പല പ്രാവശ്യം പറഞ്ഞുകൊടുത്തിട്ടുള്ളതാണ്. ഇപ്പോൾ വീണ്ടും വിശദീകരിക്കുന്നു. മനുഷ്യൻ ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതേതുടർന്ന് അല്ലാഹുവിൽനിന്ന് ഒരു പ്രതിപ്രവർത്തനം ഉണ്ടാകുന്നു. ഉദാഹരണത്തിന്, അളവിൽ കവിഞ്ഞ് വിഷം കഴിച്ചാൽ മരണം സംഭവിക്കുന്നു. ഇവിടെ വിഷം കഴിക്കൽ മനുഷ്യന്റെ പ്രവൃത്തിയാണ്. അപ്പോൾ അവനെ മരിപ്പിച്ചുകൊണ്ട് അല്ലാഹു അവന്റെ പ്രവൃത്തി വെളിപ്പെടുത്തി. വീടിന്റെ വാതിലുകളും ജനലുകളും അടയ്ക്കുന്ന പ്രവൃത്തി മനുഷ്യരുടേതാണ്. ആ പ്രവൃത്തി മനുഷ്യർ ചെയ്യുന്നതോടെ അല്ലാഹുവിന്റെ പ്രവൃത്തി ഇരുട്ടിന്റെ രൂപത്തിൽ വെളിപ്പെടുന്നു. ഇപ്രകാരം മനുഷ്യപ്രവൃത്തിയുടെ ഫലമെന്നനിലയിൽ അല്ലാഹുവിന്റെ പ്രവൃത്തികൾ മുഖേന സംഭവിക്കുന്ന നിയമം ലോകത്ത് നടന്നുവരുന്നു. ഇത് ബാഹ്യപ്രവൃത്തികളുമായി ബന്ധപ്പെട്ടതും ലൗകികസംവിധാനത്തിൽ ഇതിന്റെ ഉദാഹരണങ്ങൾ നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നതുമാണ്. ഇതേരീതിയിൽ ആന്തരികവുമായി ബന്ധപ്പെട്ട വ്യവസ്ഥിതികളുമുണ്ട്. ദൈവികശിക്ഷയെക്കുറിച്ച് മനസ്സിലാക്കുന്നതിനും ഈ തത്ത്വം അറിഞ്ഞിരിക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. നമ്മൾ ചെയ്യുന്നത് നന്മയായാലും തിന്മയായാലും അതൊരു ഫലമുൾക്കൊള്ളുന്നുണ്ടെന്നും അത് നമ്മുടെ പ്രവൃത്തിക്ക് ശേഷമാണ് വെളിപ്പെടുന്നതെന്നും ഞാൻ പറഞ്ഞുവല്ലോ. ഇനി നിങ്ങൾക്ക് പാപത്തിന്റെ ഫലമായി നല്കപ്പെടുന്ന ശിക്ഷയും നന്മയുടെ ഫലമായി നല്കപ്പെടുന്ന നിർവൃതിയും പെട്ടെന്ന് മനസ്സിലാകുന്നതാണ്. ഞാൻ പറഞ്ഞ തത്ത്വം വിവരിക്കാൻ ഇസ്‌ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും തികച്ചും നിസ്സഹായരും നിരാലംബരുമാണെന്ന് ഞാൻ പൂർണ്ണ ഉൾക്കാഴ്ചയോടും വാദത്തോടുംകൂടി പറഞ്ഞുകൊള്ളട്ടെ.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന് വേണ്ടിയാണെന്ന കാര്യം ഓരോ വിശ്വാസിയും സമ്മതിക്കുന്നതാണ്. അതുകൊണ്ട് അവന്റെ സകല സന്തോഷങ്ങളുടേയും സുഖങ്ങളുടേയും പരമമായ അവസ്ഥ അവന് ലഭ്യമാകുന്നത് ദൈവവും അടിയാനുമായി ഉണ്ടായിരിക്കേണ്ട സുദൃഢബന്ധം കുറ്റമറ്റ നിലയിൽ അവനിലുണ്ടാകുകയും പരിപൂർണ്ണമായ നിലയിൽ അവൻ അല്ലാഹുവിന്റേതായി തീരുകയും ചെയ്യുമ്പോഴാണ്. ദൈവത്ത്വവും ദാസത്ത്വവും തമ്മിലുള്ള ആ ബന്ധം സുദൃഢമാകാത്തിടത്തോളം അതാ

യത്, അതിനെ പ്രവർത്തനപഥത്തിൽ കൊണ്ടുവരാത്തിടത്തോളം കാലം യഥാർത്ഥ നിർവൃതി അവന് ലഭ്യമല്ല. ദൈവത്വത്തിന്റെയും ദാസത്വത്തിന്റേയും ഇടയിലുള്ള ഈ ബന്ധം അറ്റുപോകുമ്പോൾ അതിനെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രവാചകന്മാർ സമാഗതരാകുന്നത്. ഈ സുപ്രധാന ഉദ്ദേശ്യമാണ് അവരുടെ ആഗമനത്തിലുള്ളത്. എന്നാൽ, മനുഷ്യർ സ്വന്തം പ്രവൃത്തിയിലൂടെ ദൈവത്തിൽനിന്ന് അകലുന്നു. ദൈവവും മനുഷ്യനും തമ്മിൽ കോർത്തിണക്കപ്പെടേണ്ട സ്നേഹത്തിന്റെ ചങ്ങലയിൽനിന്ന് അവൻ സ്വയം തന്നെ വേർപെടുത്തുന്നു. അപ്പോൾ അത്തരക്കാരിൽനിന്ന് അകലുക എന്നതാണ് അല്ലാഹുവിന്റെ പ്രവൃത്തി. അല്ലാഹു അകലുന്ന കാരണത്താൽ മനുഷ്യമനസ്സിൽ ഇരുൾ മൂടുന്നു; വാതിലുകൾ അടയ്ക്കുമ്പോൾ മുറി ഇരുട്ടുകൊണ്ട് നിറയുന്നതുപോലെ. ഇപ്രകാരം അല്ലാഹുവിൽനിന്ന് മുഖം തിരിക്കുന്ന മനുഷ്യന്റെ ഉള്ളിൽ ഇരുട്ട് വ്യാപിക്കുന്നു. അകൽച്ച കൂടുന്തോറും ഇരുട്ടും കൂടാൻ തുടങ്ങുന്നു. അവസാനം മനസ്സ് കറുകറാ കറുത്തുപോകുന്നു. ഈ കൂരിരുട്ടിന്നാണ് ജഹന്നം അഥവാ നരകം എന്നു പറയുന്നത്. ഇതിൽനിന്ന് ഒരു ശിക്ഷ ഉടലെടുക്കുന്നു. അല്ലാഹുവിൽനിന്ന് അകലാനുള്ള കാരണങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഈ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഒരുവൻ കഠിനമായി പരിശ്രമിക്കുമ്പോൾ അല്ലാഹു തന്റെ കാരുണ്യംകൊണ്ട് അവനിലേക്ക് മടങ്ങുന്നു; ജനലുകളും വാതിലുകളും തുറക്കുമ്പോൾ പ്രകാശം വീണ്ടും അകത്ത് കടന്ന് ഇരുട്ടിനെ അകറ്റുന്നതുപോലെ. നന്മയുടെ കൈവിട്ടുപോയ പ്രകാശം പശ്ചാത്തപിച്ച് മടങ്ങുന്നവന് വീണ്ടും നല്കപ്പെടുകയും അതിനെ അവൻ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

**പശ്ചാത്താപത്തിന്റെ യാഥാർത്ഥ്യം**

ഇപ്പറഞ്ഞതുതന്നെയാണ് തൗബയുടെ യാഥാർത്ഥ്യം. ഇതിനുള്ള ഉദാഹരണങ്ങൾ പ്രകൃതി നിയമത്തിൽ നമുക്ക് ദർശിക്കാൻ കഴിയും. പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ ജനതയിൽ ഇറങ്ങുന്ന ശിക്ഷയെ സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. ഉദാഹരണം പറഞ്ഞാൽ ലൂത്തിന്റെ ജനതയുടെമേൽ ഇറങ്ങിയ ശിക്ഷ. അല്ലെങ്കിൽ ബുഖ്ത്നസർ മുഖേനയോ ത്വയ്തസ്റൂമി മുഖേനയോ യഹൂദർ നശിപ്പിക്കപ്പെട്ടത്. ആ ശിക്ഷകൾ ഇറങ്ങിയത് കേവലം ഭിന്നിപ്പുകൊണ്ടായിരുന്നില്ല. അവർക്ക് വന്നുഭവിച്ച ശിക്ഷയ്ക്കുള്ള പ്രധാന കാരണം അവർ പ്രവാചകന്മാരെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്തതായിരുന്നു. അവരുടെ പീഡനങ്ങൾ അവസാനം അവരിലേക്കുതന്നെ മടങ്ങി. അതവരെ നശിപ്പിച്ചു. സമാധാനഭംഗം സൃഷ്ടിക്കുന്ന കള്ളന്മാരേയും കൊള്ളക്കാരേയും രാജ്യദ്രോഹികളേയും മറ്റ് കുറ്റവാളികളേയും ശിക്ഷിക്കുക എന്നത് ഭരണകൂടത്തിന്റെ നിയമങ്ങളിൽ പെട്ടതാണ്. സമാധാനം നിലനിറുത്തുന്നതിനും മറ്റുള്ളവർക്ക് ഗുണപാഠം ലഭിക്കുന്നതിനും വേണ്ടിയാണിത്. ഇതേപ്രകാരം തന്നെയാണ് അല്ലാഹുവും നിയമം വെച്ചിട്ടുള്ളത്. ഉപദ്രവകാരികളും അക്രമികളും അതിര് ലംഘിക്കാതിരിക്കാൻ അല്ലാഹു ശിക്ഷ ഇറക്കുന്നു. അങ്ങനെ അതിരുകടക്കാൻ ആഗ്രഹിക്കുന്നവർക്ക് മുന്നറിയിപ്പും നല്കുന്നു. മറ്റൊരു കാര്യവും ഓർമ്മിക്കേണ്ടതുണ്ട്. ഈ ശിക്ഷയും മുന്നറിയിപ്പും ആർക്കാണോ നല്കുന്നത് അവർക്കും അതിൽനിന്ന് ഗുണപാഠം സ്വീകരിക്കുന്ന മറ്റുള്ളവർക്കും ഒരു കാരുണ്യം എന്ന നിലയിലാണിത്. കാരണം ശിക്ഷ നല്കുന്നില്ലെങ്കിൽ അസമാധാനം വ്യാപിക്കുകയും അതിന്റെ പരിണാമം അങ്ങേയറ്റം ദാരുണമായിരിക്കുകയും ചെയ്യുന്നതാണ്.

പ്രകൃതിനിയമത്തിലേക്ക് ഒന്ന് ദൃഷ്ടിപായിക്കുക. മനുഷ്യപ്രകൃതിയിൽതന്നെ ഇതിന് ഉദാഹരണം കാണാം. '***വലക്കും ഫിൽ ഖിസ്വാസി ഹയാത്തുൻയ്യാ ഉലിൽ അൽബാബ്***' നിങ്ങളുടെ ജീവിതത്തിന്റെ നിലനില്പിന് പ്രതിക്രിയാനിയമം അനിവാര്യമാണ്. കർമ്മങ്ങൾക്ക് തക്കതായ പ്രതിഫലം ഉണ്ടാകുന്നില്ലെങ്കിൽ പിന്നെ ആ കർമ്മങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്? അതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? ചുരുക്കത്തിൽ ഇവിടെ നല്കപ്പെടുന്ന ശിക്ഷ യഥാർത്ഥമായ നിലയിലുള്ളതല്ല. അത് യഥാർത്ഥമായ ശിക്ഷയുടെ നിഴലാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം ഗുണപാഠമാണ്.

പരലോകത്തെ ശിക്ഷയുടെ ഉദ്ദേശ്യം മറ്റൊന്നാണ്. അത് പരമമായതാണ്. അവിടെ '***മയ്യഅ്മൽ മിസ്ഖാല ദർറത്തിൻ ശർറയ്യറ***' എന്നതിന്റെ പ്രതിബിംബാത്മകമായ മാതൃക ജനങ്ങൾ കാണും. മനുഷ്യൻ താൻ ചെയ്ത അതിസൂക്ഷ്മമായ പാപങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ശിക്ഷ അനുഭവിക്കേണ്ടിവരും. ഇഹലോകശിക്ഷയും പരലോകശിക്ഷയും തമ്മിലുള്ള ഒരു വലിയ വ്യത്യാസം, ഇഹലോകശിക്ഷ സമാധാനം നിലനിറുത്തുന്നതിനും ഗുണപാഠം സ്വീകരിക്കുന്നതിനുമാണെങ്കിൽ പരലോകശിക്ഷ മനുഷ്യകർമ്മങ്ങളുടെ അവസാനത്തെ ഫലമാകുന്നു എന്നതാണ്. അവിടെ അവന് ശിക്ഷ അനുഭവിച്ചേപറ്റൂ. കാരണം അവൻ വിഷം തിന്നുകഴിഞ്ഞിരിക്കുകയാണ്. അതിന്റെ ദോഷഫലത്തിൽനിന്ന് രക്ഷപ്പെടാൻ ഔഷധമില്ലാതെ സാധ്യമല്ല.

**പരലോകശിക്ഷയുടെ യാഥാർത്ഥ്യം**

പരലോകശിക്ഷ ഒരു തത്ത്വജ്ഞാനപരമായ യാഥാർത്ഥ്യമുൾക്കൊള്ളുന്നതാണ്. ഇസ്‌ലാമിനല്ലാതെ മറ്റൊരു മതത്തിനും അതിന്റെ പൂർണ്ണമായ അവസ്ഥ വിവരിക്കാൻ സാധിച്ചിട്ടില്ല. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു '***മൻ കാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽ ആഖിറത്തി അഅ്മാ വ അദല്ലു സബീലാ***' ഇഹലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല, കൂടുതൽ വഴിപിഴച്ചവനുമായിരിക്കും (2:73).

ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിനെ

**പേജ് 37 – ൽ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

# തിരുനബിയുടെ ജീവിതമാതൃക സ്വായത്തമാക്കുക

لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ
عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ
عَلَيْكُم بِالْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾

അല്ലാഹുതആല അവന്റെ മഹനീയമായ ഗുണങ്ങൾ തന്റെ കഴിവുകൾകൊണ്ട് പ്രകടമാക്കുന്നു. സത്യവിശ്വാസികളോടും തന്റെ നിറം ഉൾക്കൊള്ളാനും ഗുണങ്ങൾ സ്വായത്തമാക്കാനും അവൻ പറയുന്നു. എങ്കിൽ മാത്രമെ തന്റെ യഥാർത്ഥ ദാസനായിത്തീരുകയുള്ളൂവെന്നും അവൻ അറിയിക്കുന്നു. അല്ലാഹുവിന്റെ ഈ നിർദ്ദേശങ്ങളുടെ ഉന്നതമായ മാതൃക, നബി(സ) തിരുമേനിയ്ക്കു പുറമെ മറ്റാരിലുമില്ലെന്നതിന് സംശയമൊന്നുമില്ല. കാരണം, അല്ലാഹുവിന്റെ പ്രിയപ്പെട്ട റസൂലാണ് അവിടന്ന്. ആ ധന്യാത്മാവിന്റെ പ്രകാശത്തിൽനിന്ന് ഒരു ലോകംതന്നെ അനുഗ്രഹം പറ്റി, അനുഗ്രഹം പറ്റിക്കൊണ്ടിരിക്കുന്നു, പറ്റിക്കൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്; നമ്മെ സൃഷ്ടിച്ചിട്ടുള്ളവനെ തിരിച്ചറിയാൻ സാധിക്കുന്നതിനുവേണ്ടിയാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ) തിരുമേനിയുടെ അനുഗൃഹീതമായ വ്യക്തിത്വത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"തന്റെ വ്യക്തിത്വവും മഹനീയമായ ഗുണങ്ങളും കർമ്മങ്ങളും പ്രവൃത്തികളും ആത്മീയവും പരിശുദ്ധവുമായ മാർഗ്ഗങ്ങളും മുഖേന, പരിപൂർണ്ണതയുടെ മാതൃക ജ്ഞാനപരവും കർമ്മപരവും സത്യസന്ധവും പ്രബലവുമായ നിലയിൽ കാഴ്ചവച്ച ആ മനുഷ്യൻ, പരിപൂർണ്ണമനുഷ്യൻ എന്നു പറയപ്പെട്ടു. എല്ലാ മനുഷ്യരിലുംവെച്ച് പരിപൂർണ്ണനും പ്രവാചകന്മാരിൽവച്ച് സമ്പൂർണ്ണനുമായ അദ്ദേഹം പരിപൂർണ്ണാനുഗ്രഹങ്ങളോടുകൂടിവന്നു. അതുകൊണ്ടുണ്ടായ ആത്മീയവിപ്ലവംമൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചുകിടന്ന ഒരു ലോകം അവിടന്ന് മുഖേന പുനരുജ്ജീവിച്ചു. (ആ ഖിയാമത്ത് എന്നു പറയുന്നത് മരിച്ചവരെ ജീവിപ്പിക്കുക എന്നതായിരുന്നു) ആ അനുഗൃഹീതപ്രവാചകൻ ഖാതമുൽഅമ്പിയാ, ഇമാമുൽ അസ്ഫിയാ ഖാതമുൽ മുർസലീൻ ഫഖ്റുന്നബിയ്യീൻ ജനാബ് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു. ഞങ്ങളുടെ അല്ലാഹുവേ! ആ പ്രിയങ്കരനായ നബിയിൽ ലോകാരംഭം മുതൽ ആർക്കും നൽകാത്ത രീതിയിലുള്ള അനുഗ്രഹങ്ങളും കാരുണ്യങ്ങളും നീ ചൊരിയേണമേ! "***അല്ലാഹുമ്മ സല്ലി വസല്ലം വബാരിക്ക് അലയ്ഹി വ ആലിഹീ വ അസ്ഹാബിഹീ അജ്മഈൻ***"

ഇതാണ് നമ്മുടെ നബി(സ). ആ മഹാത്മാവ് അല്ലാഹുമായിട്ടുള്ള സ്നേഹം കാരണം അല്ലാഹു വിന്റെ നിറം ഉൾക്കൊണ്ടുകൊണ്ട് അല്ലാഹുവിന്റെ മഹനീയ ഗുണങ്ങളുടെ യഥാർത്ഥ പ്രതിച്ഛായ കാണിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "അവിടന്ന് അല്ലാഹുവിനെ അങ്ങേയറ്റം സ്നേഹിച്ചു. മനുഷ്യകുലത്തിനോടുള്ള അങ്ങേയറ്റത്തെ സ്നേഹത്താൽ അവിടത്തെ ജീവൻ അലിഞ്ഞു."

നബി(സ) തിരുമേനിക്ക് അല്ലാഹുവിനോട് അഗാധമായ സ്നേഹമായിരുന്നു. അക്കാരണത്താൽ അവിടന്ന് അല്ലാഹുവിന്റെ സൃഷ്ടികളേയും സ്നേഹിച്ചു. സൃഷ്ടികൾ വിഷമിക്കുന്നത് നബി(സ) ന് സഹിക്കാൻ കഴിയുമായിരുന്നില്ല. അല്ലാഹു തന്റെ സൃഷ്ടികളോട് മഹനീയഗുണങ്ങളായ റഹ്മാനിയ്യത്തും റഹീമിയ്യത്തും അനുസരിച്ച് പെരുമാറുമ്പോൾ, പുതപ്പും വിരിപ്പും അനക്കമടക്കവും അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനുവേണ്ടിയുള്ളതായിരുന്ന ഒരാൾക്ക് അല്ലാഹുവിന്റെ സൃഷ്ടികളോട് അതേരീതിയിൽ പെരുമാറാതിരിക്കാൻ കഴിയുന്നതെങ്ങനെ? അല്ലാഹുവിന്റെ സൃഷ്ടികൾക്കുവേണ്ടിയുള്ള റഹ്മാനിയ്യത്ത് റഹീമിയ്യത്ത് എന്നീ വികാരങ്ങൾ നബി(സ)യിൽ അപാരമായിരുന്നു. അതനുസരിച്ചുള്ള സ്നേഹം എത്ര മാത്രം വർദ്ധിച്ചിരുന്നുവെന്ന് പറഞ്ഞാൽ, വിശുദ്ധഖുർആനിൽ അല്ലാഹു അത് ഈ വാക്കുകളിൽ സുരക്ഷിതമാക്കി. ഞാൻ പാരായണം ചെയ്ത വചനത്തിൽ അതാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ തർജമ ഇങ്ങനെയാണ്.

"സത്യമായും നിങ്ങളിൽനിന്ന് തന്നെയുള്ള ഒരു

ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം; സത്യവിശ്വാസികളോടു കൃപയും കരുണയുമുള്ള ആളുമാണ്. (9:128)

ഇതാണ് നമ്മുടെ പ്രിയങ്കരനായ നബി(സ)യുടെ മാതൃക. മനുഷ്യകുലത്തിന്റെ ക്ഷേമത്തിനായുള്ള അവിടത്തെ വികാരം, എത്രയെന്നുപറഞ്ഞാൽ നിങ്ങൾ വിഷമിക്കുമ്പോൾ ആ പ്രിയപ്പെട്ട റസൂൽ അങ്ങേയറ്റം വിഷമത്തിലായിപ്പോകുന്നു.

ഈ വചനത്തിൽ കാഫിറിനേയും മുഅ്മിനിനേയും സംബന്ധിച്ച് ഒരുപോലെയുള്ള വികാരത്തിന്റെ പ്രകടനമാണുള്ളത്. എന്തെന്തെല്ലാം ഉപദ്രവങ്ങളാണ് നബി(സ)യോടും വിശ്വാസികളോടും എതിരാളികൾ ചെയ്തിരുന്നതെന്ന് നാം അവിടത്തെ ജീവിതത്തിൽ കണ്ടതാണ്. സ്ത്രീകളുടെ കാലുകൾ ഒട്ടകങ്ങളുടെ കാലിൽകെട്ടി വിരുദ്ധ ദിശകളിലേക്ക് പായിച്ച് പിളർക്കുകകൂടി ചെയ്തു. നബി(സ) തിരുമേനിയെ തന്നെയും അങ്ങേയറ്റം ദ്രോഹിച്ചു. ശത്രുക്കളുടെ എതിർപ്പുമൂലം രണ്ടരവർഷംവരെ വിശ്വാസികളോടൊപ്പം ഒരു മലയിടുക്കിൽ പീഡനങ്ങൾ സഹിച്ചുകഴിയേണ്ടിവന്നു. എന്നിട്ടും അവിടന്ന് അവരുടെ ക്ഷേമം കാംക്ഷിക്കുകയായിരുന്നു. അവർക്ക് സന്മാർഗ്ഗം കിട്ടുന്നതിനും അവരെ നേരായ മാർഗ്ഗത്തിൽ നടത്തുന്നതിനുംവേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യുകയായിരുന്നു. അവർ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാനായിരുന്നു അങ്ങനെ ചെയ്തിരുന്നത്. പ്രതിരോധം ചെയ്തിട്ടുണ്ടെങ്കിൽ തന്നെ, ഒരിക്കലും അത് അതിക്രമിച്ചിരുന്നില്ല. പകരം വീട്ടുക, ശത്രുത പുലർത്തുക തുടങ്ങിയവയുടെ പ്രശ്നമേ ഇല്ലായിരുന്നു. അതിന്റെ ഛായപോലും അവിടത്തെ ഹൃദയത്തിലുണ്ടായിരുന്നില്ല. അവരെ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ജീവൻ വിഷമത്തിലിടുകയായിരുന്നു ആ മഹാത്മാവ്. അതാണ് ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത്. ഈ കാഫിരീംകൾക്കും, മുശ്‌രിക്കീങ്ങൾക്കും അല്ലാഹുവിന് പുത്രനുണ്ടെന്ന് വിശ്വസിക്കുന്നവർക്കും, അതിൽനിന്ന് മടങ്ങിവരുന്നില്ലെങ്കിൽ ഒരു ശിക്ഷ നിങ്ങൾക്കുവേണ്ടി എഴുന്നേറ്റുനില്ക്കുന്നുവെന്ന് അവിടന്ന് അറിയിച്ചുകൊടുത്തു. അതിന്റെ കീഴെ വരാൻ പോകുന്നവരാണ് നിങ്ങൾ എന്നു പറഞ്ഞു. അത്തരം ഘട്ടത്തിൽ ആ റഹ്മത്തുൻല്ലിൽ ആലമീന്റെ അവസ്ഥ അങ്ങേയറ്റം വിഷമം പിടിച്ചതും ബുദ്ധിമുട്ടുള്ളതും ആയിത്തീർന്നു. അസ്വസ്ഥനായിക്കൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തു. അവർക്ക് സത്യസന്ദേശം എത്തിച്ചുകൊടുത്തു. എന്തിനാണ് ഈ ലോകവും പരലോകവും നഷ്ടപ്പെടുത്തിക്കളയുന്നതെന്ന് അവരോടു ചോദിച്ചു. എന്തിനാണ് നിങ്ങളെ ജഹന്നത്തിന്റെ തീയിലേക്ക് വലിച്ചെറിയുന്നത്. ആ അവസ്ഥ എത്രത്തോളം ഉയർന്നുവെന്നുവെച്ചാൽ, അല്ലാഹു പറയുന്നു: ***ഫല അല്ലക്ക ബാഖിഉൻന്നഫ്സക്ക അലാ ആഥാരിഹിം ഇൻല്ലം യുഅ്മിനൂ ബിഹാദൽ ഹദീഥി അസഫാ-*** അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാത്തപക്ഷം അവർ ഹേതുവായി ദുഃഖം നിമിത്തം നിന്റെ ജീവനെ നീ നശിപ്പിച്ചേക്കുമോ? (18:7)

ഈ കാരുണ്യത്തിന്റെ വികാരം ജനങ്ങളെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. എനിക്കൊന്ന് പറഞ്ഞുതരിക! ഏതെങ്കിലും പിതാവിന് തന്റെ മക്കളുടെ ദീനും ദുൻയാവും രക്ഷിക്കണമെന്നുള്ള ചിന്തയുണ്ടോ? നബി(സ) ലോകം മുഴുവനുമുള്ള ജനങ്ങളെക്കുറിച്ച് ചിന്തിച്ചത്, അവർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്ന ഒറ്റക്കാരണത്താലാണ്. അല്ലാഹുവിന് തന്റെ സൃഷ്ടികളുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, അവരെ ശയ്ത്താന്റെ കൈയിൽനിന്ന് രക്ഷിക്കുന്നതിനായിട്ടാണ് നബി(സ) തിരുമേനിയെ നിയോഗിച്ചത്. ഈ ഒരൊറ്റ ഉദ്ദേശ്യമേ നബി(സ) തിരുമേനിയ്ക്കുണ്ടായിരുന്നുള്ളൂ.

മുഅ്മിനീങ്ങളോടും എത്ര ഉൽക്കടമായ ആഗ്രഹമാണ് നബി(സ) തിരുമേനിയ്ക്കുണ്ടായിരുന്നത്. വിശ്വാസികളെ കണ്ടുകൊണ്ട് അവിടന്ന് വളരെയേറെ സന്തോഷിച്ചിരുന്നു. അല്ലാഹുവിന്റെ ഇഷ്ടവും സാമീപ്യവും കരസ്ഥമാക്കുന്നതിനായി അവർക്ക് വിവിധ രീതിയിൽ അവിടന്ന് മാർഗ്ഗദർശനം നല്കാറുണ്ടായിരുന്നു. ഒന്ന് രണ്ട് ഉദാഹരണം ഞാൻ പറയാം. തന്നെ വിശ്വസിക്കുന്നവർ എപ്പോഴും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പുതപ്പിൽ പൊതിഞ്ഞിരിക്കണമെന്ന് അവിടന്ന് ആഗ്രഹിച്ചിരുന്നു.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) പറയുന്നു: ‘നമസ്കാരത്തിൽ ചൊല്ലാൻ അങ്ങ് എനിക്ക് എന്തെങ്കിലും ദുആ പഠിപ്പിച്ചുതരാൻ’ ഞാൻ നബി(സ) തിരുമേനിയോട് പറഞ്ഞു. അവിടന്ന് പറഞ്ഞു: “നീ പറയുക, അല്ലാഹുവേ, തീർച്ചയായും ഞാനെന്റെ ജീവനിൽ അക്രമം ചെയ്തു. നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനായി ആരും തന്നെയില്ല. നീ എനിക്ക് പൊറുത്തുതന്നാലും. എന്നിൽ കാരുണ്യം ചൊരിഞ്ഞാലും. തീർച്ചയായും പൊറുക്കുന്നവനും കരുണാമയനും നീ തന്നെയാണ്.”

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: നബി(സ) തിരുമേനി പറഞ്ഞു: “നിങ്ങൾ ഓരോരുത്തരും വുളു നഷ്ടപ്പെടാതെ തന്റെ മുസല്ലയിൽ നമസ്കാരവും പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോഴൊക്കെ മലക്കുകൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കും: അല്ലാഹുവേ, നീ അവനെ അനുഗ്രഹിക്കേണമേ. അവനു പൊറുത്തുകൊടുക്കേണമേ.” നമസ്കാരത്തിലേക്ക് വരുന്നതിനും അല്ലാഹുവിൽനിന്ന് പൊറുക്കലും കാരുണ്യവും തേടുന്നതിനുള്ള താൽപര്യം ഉണ്ടാക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. അങ്ങനെ അല്ലാഹുവിന്റെ സ്നേഹം കൂടുതൽ കൂടുതൽ സ്വരുക്കൂട്ടുന്നവനായിത്തീരണം.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം നബി(സ) പറയുന്നത് കേട്ടു. അല്ലാഹുവേ, ഏതൊരു സത്യവിശ്വാസിയോടു ഞാൻ കടുത്ത ഭാഷയിൽ

സംസാരിച്ചിട്ടുണ്ടോ, നീ അത് ഖിയാമത്തുന്നാൾ നിന്റെ സാമീപ്യം അവന് ലഭിക്കുന്നതിനുള്ള ഒരു മാർഗ്ഗമാക്കേണമേ." അതായത്, തന്റെ കടുപ്പത്തിലുള്ള സംസാരവും അവന് കാരുണ്യമായിത്തീരണം. ഇത്ര മാത്രം അവിടന്ന് സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളായിരുന്നു.

ഏതെങ്കിലും കാരണത്താൽ എന്തെങ്കിലും ആരോടെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, അത് അവരുടെ നാശത്തിന് കാരണമാകാതെ, അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്നതിനുള്ള മാർഗ്ഗമായിത്തീരണം. ഇതാണ് നമ്മുടെ പ്രിയങ്കരനായ നബി(സ). ആ മഹാത്മാവിന് അല്ലാഹു റഊഫ് എന്നും റഹീം എന്നും പേര് നല്കിയിരിക്കുന്നു. ആ മഹാത്മാവ് തന്റെ വിശ്വാസികളുടെ നില മെച്ചപ്പെടുത്തുന്നതിനും, അന്യരെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതിനും അങ്ങേയറ്റം വിഷമിക്കുന്നയാളാണ്. ഇതുസംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ആകർഷണശക്തിയും നിശ്ചയദാർഢ്യവും ഒരു മനുഷ്യന് നല്കപ്പെടുന്നത് അയാൾ അല്ലാഹുവിന്റെ പുതപ്പിനുകീഴിൽ വരുമ്പോഴാണ്. അല്ലാഹുവിന്റെ തണലിന് വിധേയനായിത്തീരുമ്പോഴാണ്. പിന്നീട് അവർ സൃഷ്ടികളോടു സഹാനുഭൂതിയോടെ പെരുമാറാനും അവരുടെ ഉന്നമനത്തിനുമായി ഉള്ളിൽ ഒരു വിഷമം പ്രാപിക്കുന്നു. നമ്മുടെ നബികരീം(സ) ഈ പദവിയിൽ, എല്ലാ അമ്പിയാക്കന്മാരേക്കാളും (അ) വളർന്നുകഴിഞ്ഞിരുന്നു. അതുകൊണ്ട് സൃഷ്ടികൾക്കുള്ള ബുദ്ധിമുട്ടുകൾ കണ്ടുനില്ക്കാൻ നബി(സ)ന് സാധിക്കുമായിരുന്നില്ല. അല്ലാഹു പറയുന്നു: ***അസീസുൻ അലയ്ഹിമാ അനിത്തും***. അതായത് ഈ റസൂലിന്, നിങ്ങളുടെ ബുദ്ധിമുട്ടുകൾ കണ്ടുനില്ക്കാൻ സാധിക്കുന്നില്ല. അദ്ദേഹത്തിന് അത് കഠിനമായ വിഷമം ഉണ്ടാക്കുന്നു. നിങ്ങൾക്ക് എപ്പോഴും വലിയ വലിയ നേട്ടം ഉണ്ടാകണമെന്നാണ് അദ്ദേഹം എപ്പോഴും ആഗ്രഹിക്കുന്നത്. വീണ്ടും അവിടന്ന് പറയുന്നു: വിശുദ്ധഖുർആൻ നമുക്കു നല്കുന്ന പാഠം, നന്മ ചെയ്യുന്നവരേയും സജ്ജനങ്ങളേയും ഉത്തമന്മാരേയും സ്നേഹിക്കുക എന്നാണ്. ആജ്ഞാലംഘകരോടും സത്യനിഷേധികളോടും അനുകമ്പയോടുകൂടി പെരുമാറുക. അല്ലാഹു പറയുന്നു: ***അസീസുൻ അലയ്ഹിമാ അനിത്തും ഹരീസ്വുൻ അലയ്ക്കും***. അതായത്, സത്യനിഷേധികളേ! ഈ നബി നിങ്ങളെ സ്നേഹിക്കുന്നയാളാണ്. എത്രത്തോളമെന്നാൽ നിങ്ങളുടെ ദുഃഖത്തെ കണ്ടുനില്ക്കാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. ഈ ബലാകളിൽനിന്നെല്ലാം നിങ്ങൾ രക്ഷപ്പെടണമെന്ന് അദ്ദേഹം അങ്ങേയറ്റം ആഗ്രഹിക്കുന്നയാളാണ്."

നാം കണ്ടുവന്നതുപോലെ, ഈ സത്യനിഷേധികൾക്കും മോക്ഷം കിട്ടുന്നതിനായി അവിടന്ന് അതിയായി ആഗ്രഹിച്ചിരുന്നു. അതെത്രമാത്രം ആയിരുന്നുവെന്നുവെച്ചാൽ, അവർ വിശ്വസിക്കാത്തതുകൊണ്ട് അവരോടുള്ള സഹാനുഭൂതിയാൽ സ്വന്തം ജീവൻ വിഷമത്തിലകപ്പെടുത്തിയിരുന്നു. ഇതാണ് ആ പരിപൂർണ്ണമനുഷ്യൻ. ഇതുപോലുള്ള ഉദാഹരണം വേറെയെങ്ങും നമുക്ക് ലഭിക്കുകയില്ല.

ഇക്കാലത്ത് പാശ്ചാത്യലോകത്ത്, ഏതെങ്കിലും നാട്ടിൽ ഇസ്‌ലാമിനും നബി(സ) തിരുമേനിയ്ക്കുമെതിരിൽ വിവിധ രീതിയിൽ തെറ്റായ പ്രചാരണം നടത്തി, നബി(സ)യുടെ സ്ഥാനത്തെ അടിച്ചുതാഴ്ത്താനുള്ള ശ്രമം നടന്നുവരുന്നുണ്ട്. കഴിഞ്ഞദിവസം, ഹോളണ്ടിലെ ഒരു പാർലമെന്റംഗം ഇത്തരം ഒരു പ്രസ്താവം നടത്തി. അതിൽ നബി(സ) തിരുമേനിയേയും, ഇസ്‌ലാമിനേയും, വിശുദ്ധഖുർആനേയും കുറിച്ച് നിരർത്ഥകവും അക്രമപരവുമായ പദപ്രയോഗങ്ങളാണ് നടത്തിയിട്ടുള്ളത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എവിടെയൊക്കെ ഇസ്‌ലാമിനും, ഇസ്‌ലാമിന്റെ സ്ഥാപകനുമെതിരെ(സ) ഇത്തരം നിരർത്ഥകമായ സംസാരങ്ങൾ നടക്കുന്നുവോ, അവിടെ ജമാഅത്ത് ഉടനെ അതിന് മറുപടി നല്കാറുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ നിന്ന് ഈ തെറ്റുധാരണ മായ്ച്ചുകളയുന്നതിനും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുന്നതിനും വേണ്ടി ഇക്കാര്യത്തെക്കുറിച്ചെഴുതാൻ ഹോളണ്ടിലെ അഹ്മദികളോടും ഞാൻ പറഞ്ഞിരുന്നു.

യഥാർത്ഥത്തിൽ ഇന്ന് ഇസ്‌ലാം ഒന്നുമാത്രമാണ് മതത്തിന്റേയും അല്ലാഹുവിന്റേയും ബുദ്ധിപരമായ ചിന്ത സമർപ്പിക്കുന്നത്. നിരർത്ഥകവും അബദ്ധജടിലവുമായ കാര്യങ്ങൾ ഇക്കൂട്ടർ പറയുന്നത് അറിവില്ലായ്മകൊണ്ടോ, അറിവിലുള്ള കുറവുകൊണ്ടോ ആണ്. അതുകൊണ്ട് ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനമെന്താണെന്ന് അവർക്ക് പറഞ്ഞുകൊടുക്കുക. അവരുടെ ബുദ്ധി തെളിമയാർന്നതായിത്തീരാൻ അവിടത്തെ ജീവിതത്തിന്റെ ഒരോ ദിശയിലും മാതൃക എന്തായിരുന്നുവെന്നും സൃഷ്ടികളോടുള്ള സഹാനുഭൂതി എങ്ങനെയാണ് അവിടത്തെ പരിശുദ്ധഹൃദയത്തിൽ നിറഞ്ഞിരുന്നതെന്നും പറഞ്ഞുകൊടുക്കേണ്ടതാണ്. എന്നാൽ, അവരുടെ ഹൃദയം പകയാലും വിദ്വേഷത്താലും നിറഞ്ഞിരിക്കുകയും ഒന്നും കേൾക്കാൻ തയ്യാറാകാതിരിക്കുകയുമാണെങ്കിൽ അതുമുഖേന അവരിൽ ന്യായപൂർത്തിവരുമല്ലോ.

എന്തായാലും ഇന്ന് ഇത് വലിയൊരു ജോലിയാണ്. ഓരോ അഹ്മദിയും ഇത് ചെയ്യേണ്ടതാണ്. ഞാൻ പറഞ്ഞ ഹോളണ്ടിലെ പാർലമെന്റംഗത്തിന്റെ മനസ്സിൽ, ഇസ്‌ലാമിനോടും നബി(സ) തിരുമേനിയോടും വിശുദ്ധഖുർആനോടും മുസ്‌ലിംകളോടുമുള്ള പകയും വിദ്വേഷവും അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നുവെന്നാണ് തോന്നുന്നത്. അതാണ് കഴിഞ്ഞ ഒരു ദിവസം അയാൾ ഇന്റർവ്യൂവിലൂടെ പ്രകടിപ്പിച്ചത്. ഇദ്ദേഹത്തിന്റെ പേര്, ഖയ്റത്ത് ബിൽഡേഴ്സ് എന്നാണ്. കാത്തലിക് കുടുംബത്തിലാണ് ഇയാൾ ജനിച്ചത്. പക്ഷേ, ഇപ്പോൾ എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച് ഇയാൾക്ക് മതവുമായി പ്രത്യേക ബന്ധമൊന്നുമില്ല.

ഇവർക്ക് തങ്ങളുടെ മതത്തിൽനിന്ന് സമാധാനം

കിട്ടാതെ വരികയും, ദൈവത്തിനോളം എത്തുന്നത് എങ്ങനെയെന്ന് മനസ്സിലാകാതാകുകയും ചെയ്തപ്പോൾ, ഇസ്‌ലാമിനെ ചീത്തപറയാനും അതിനെതിരിൽ ആക്ഷേപം ഉന്നയിക്കാനും തുടങ്ങിയിരിക്കുകയാണ്. എന്തായാലും, ഈ സാഹിബ്, ഇസ്‌ലാമികാദ്ധ്യാപനത്തിനുമേൽ ആരോപണമുന്നയിക്കുന്നവരിൽ പഴയ ഒരാളാണ്. രാജ്യത്തിന്നെതിരിൽ പ്രശ്നമുണ്ടായപ്പോഴും ഇയാൾ മുന്നിലുണ്ടായിരുന്നു. പ്രത്യക്ഷത്തിൽ മതവുമായിട്ട് ഇയാൾക്ക് ബന്ധമൊന്നുമില്ല. പക്ഷേ, ഇസ്‌ലാമിനോടുള്ള പക കാരണം ക്രിസ്തുമതത്തേയും യഹൂദമതത്തേയും ഇസ്‌ലാമിനേക്കാൾ ശ്രേഷ്ഠമെന്ന് മനസ്സിലാക്കി. പക്ഷേ, ബുദ്ധിയുണ്ടെങ്കിൽതന്നെ- ഇക്കാലത്ത് തങ്ങൾ ബുദ്ധിമാന്മാരാണെന്നാണല്ലോ പാശ്ചാത്യരാജ്യങ്ങൾ കരുതുന്നത്. ഇദ്ദേഹമാണെങ്കിൽ താൻ വിദ്യാസമ്പന്നനാണെന്ന് പറയുകയും ചെയ്യുന്ന പാർലമെന്റംഗവുമാണ്- മറ്റു മതങ്ങളെക്കുറിച്ച് നിരർത്ഥകമായ കാര്യങ്ങൾ പറയാനുള്ള അവകാശമില്ല. കുറച്ചുപേരുടെ വ്യക്തിപരമായ പ്രവൃത്തികണ്ടുകൊണ്ട്, ഖുർആനേയും നബി(സ) തിരുമേനിയേയും കുറിച്ച്, ബുദ്ധിമാന്മാരായ ആളുകൾക്ക് പറയാനൊക്കാത്ത കാര്യങ്ങൾ പറയാൻ പാടില്ല. ഉദാഹരണത്തിന്, നബി (സ) തിരുമേനിയെക്കുറിച്ച് പറയുന്നു. 'അയാൾ ഇന്ന് ഹോളണ്ടിലുണ്ടായിരുന്നെങ്കിൽ (നഊദുബില്ലാഹ്) ഭീകരവാദി എന്ന് മുദ്രകുത്തി നാട്ടിൽനിന്ന് പുറത്താക്കുമായിരുന്നു' എന്ന്. താങ്കൾ എന്തു പുറത്താക്കാനാണ്. മുഹമ്മദുനബി(സ)യുടെ അനുയായികൾ ലോകം മുഴുവൻ തലയുയർത്തിനില്ക്കുന്നത് നിങ്ങൾ കാണാൻ പോകുകയാണ്. നബി(സ) യുടെ ദൗത്യപ്രഖ്യാപനം മുതൽ ഇന്നുവരെ, ആ മഹാത്മാവിന്നെതിരിൽ ചെയ്യാത്ത എന്തെങ്കിലും പ്രവൃത്തി ബാക്കിയുണ്ടോ? അവരെല്ലാം വിജയിച്ചുവോ? ഇന്ന് ലോകത്ത് എല്ലായിടത്തും എല്ലാ രാജ്യത്തും അവിടങ്ങളിൽ മുസ്‌ലിം ജനസംഖ്യ കുറവാണെങ്കിലും കൂടുതലാണെങ്കിലും നിത്യവും 5 നേരം അത്യുച്ചത്തിൽ, ഏതെങ്കിലും നബിയുടെ നാമം വിളിച്ചുപറയുന്നുണ്ടെങ്കിൽ, അത് ഈ ലോകത്തിന് കാരുണ്യമായ നബിയുടെ നാമമാണ്. ഇവിടെയൊക്കെയുള്ള നിരർത്ഥകമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവരെക്കുറിച്ചും ചീത്ത പറയുന്നവരെക്കുറിച്ചുമുള്ള സഹാനുഭൂതിയാൽ ആ മഹാത്മാവിന്റെ ഹൃദയം നിറഞ്ഞിരുന്നു.

ഖുർആന്റെ കല്പനകളിലേക്ക് നോക്കുമ്പോൾ പകുതി ഖുർആൻ പറിച്ചുമാറ്റണമെന്ന് ഇയാൾ പറയുന്നു. നീതിയോടുകൂടി ആരെങ്കിലും അയാളോടു ചോദിക്കട്ടെ, താങ്കൾ മതമില്ലാത്തയാളാണ്. പക്ഷേ, ഏതൊരു മതത്തെ താങ്കൾ ഇസ്‌ലാമിനേക്കാൾ ശ്രേഷ്ഠമായിക്കരുതുന്നുവോ അവരുടെ അദ്ധ്യാപനങ്ങളും വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളും താരതമ്യം ചെയ്തുനോക്കുക. ഏകപക്ഷീയത ഒഴിവാക്കി വിശുദ്ധഖുർആൻ പാരായണം ചെയ്യുക. എന്നിട്ടും മനസ്സിലാകുന്നില്ലെങ്കിൽ ഞങ്ങളിൽനിന്ന് മനസ്സിലാക്കുക. അജ്ഞരായ ആളുകൾക്ക് ഈ പരിശുദ്ധവചനം മനസ്സിലാകുകയില്ല. വിശുദ്ധഖുർആൻ പറയുന്നത്, ആദ്യം നിങ്ങളുടെ മനസ്സും ബുദ്ധിയും പരിശുദ്ധമാക്കുക എന്നാണ്. എങ്കിൽ മാത്രമേ ഈ പരിശുദ്ധവചനം മനസ്സിലാകുകയുള്ളൂ. ഇല്ലെങ്കിൽ നിങ്ങളെപ്പോലുള്ള 'ജാഹിൽ' മുമ്പേയും കഴിഞ്ഞുകടന്നിട്ടുണ്ട്. അയാളും ആക്ഷേപം ഉന്നയിച്ചുകൊണ്ട് കടന്നുപോയതാണ്. അയാളും ബുദ്ധിയുടെ പിതാവെന്ന് അവകാശപ്പെട്ടയാളാണ്. ഖുർആൻ മനസ്സിലാക്കാത്ത കാരണത്താൽ അയാളുടെ പേര് അബൂജഹ്ൽ എന്നായി. ലോകദൃഷ്ടിയിൽ ബുദ്ധിയില്ലാത്തവരായിരുന്ന കർഷകരും കൂലിപ്പണിക്കാരുമായവർ ഈ ഖുർആൻ മനസ്സിലാക്കിയ കാരണത്താൽ ജ്ഞാനികൾ എന്നറിയപ്പെട്ടു. അതുകൊണ്ട് നിങ്ങൾ നിങ്ങളെ ന്യായപൂർത്തിയ്ക്കുവേണ്ടി ഈ കൃപയും കരുണയുമുള്ള നബിയുടെ പേരിൽ മനസ്സിലാക്കിത്തരികയാണ്, ആ മഹാത്മാവ് നിങ്ങളെപ്പോലുള്ള ആളുകളേയും തീയുടെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുന്നതിനായി വിഷമിച്ചിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ചിന്തിച്ചും ശ്രദ്ധയോടുംകൂടി വായിക്കുക. നോക്കുക, മാറ്റുരച്ചുനോക്കുക, മനസ്സിലാക്കുക. മനസ്സിലാകുന്നില്ലെങ്കിൽ ഞങ്ങളോട് ചോദിക്കുക. അത്തരക്കാർക്കുവേണ്ടി അല്ലാഹു തയ്യാറാക്കിവെച്ചിരിക്കുന്ന ആ വേദനാജനകമായ ശിക്ഷയിൽനിന്നും നിങ്ങളെ സ്വയം രക്ഷിക്കുക. അതിരുകൾ ലംഘിക്കുന്നവർക്ക് ഇത് വിധിക്കപ്പെട്ടതാണ്. നിന്ദ്യമായി സംസാരിക്കുന്ന ഇത്തരക്കാർ കാര്യങ്ങൾ മനസ്സിലാക്കുന്നവരായിത്തീരാൻ ദൈവം അവരെ അനുഗ്രഹിക്കുമാറാകട്ടെ. പക്ഷേ, അഹ്മദികൾക്കും വലിയ ഉത്തരവാദിത്തമുണ്ടെന്ന കാര്യം ഓർമ്മിക്കുക. കൃപയും കരുണയുമുള്ള ഈ നബിയുടെ മനോഹരമായ ഓരോ നിമിഷത്തിന്റേയും ചിത്രം ഈ ജനതയ്ക്ക് എത്തിച്ചുകൊടുക്കേണ്ടത് അവരാണ്. കൃപയും കരുണയുമുള്ള ആളാണെന്ന് അല്ലാഹു പറഞ്ഞ ഈ നബി ഭീകരവാദം പഠിപ്പിക്കുന്നുവെന്ന് ഇവർ പറയുന്നു. ഇസ്‌ലാമിക യുദ്ധങ്ങളിൽ സ്ത്രീകളോടും കുട്ടികളോടും എന്തുമാത്രം ഔദാര്യത്തോടും ലാളിത്യത്തോടും ദയയോടുംകൂടി പെരുമാറാനാണ് ഇസ്‌ലാം പറഞ്ഞതെന്ന് അവർക്ക് നിങ്ങൾ പറഞ്ഞുകൊടുക്കുക. യുദ്ധത്തടവുകാരോട് ഏതുരീതിയിൽ പെരുമാറാനാണ് അത് പഠിപ്പിക്കുന്നതെന്ന് അവർക്ക് കാണിച്ചുകൊടുക്കുക. സ്വയം ബുദ്ധിമുട്ടുകളിൽ തങ്ങളെ അകപ്പെടുത്തിക്കൊണ്ട് അവർ യുദ്ധത്തടവുകാരോട് ദയ കാണിച്ചു. മുസ്‌ലിംകളെ കൊന്നൊടുക്കുന്നതിനുവേണ്ടിയായിരുന്നു അവർ യുദ്ധം ചെയ്തിരുന്നതെന്ന കാര്യം മറക്കാൻ പാടില്ല. അത്തരക്കാരോട് എങ്ങനെയാണ് മുസ്‌ലിംകൾ ദയയോടു പെരുമാറിയതെന്ന് നോക്കുക. അവർ സ്വയം പട്ടിണി കിടക്കുകയും ഉണക്കറൊട്ടി തിന്നുകയും ചെയ്തിട്ട് ആ തടവുകാർക്ക് നല്ല ഭക്ഷണം നൽകി. ആ കരുണാർദ്രനായ നബിയുടെമേലാണ് ഇന്നിവർ ആക്ഷേപം ഉന്നയിക്കുന്നത്.

ജപ്പാനിലെ രണ്ട് പട്ടണങ്ങളിൽ ആറ്റംബോംബിട്ടുകൊണ്ട് അവിടുത്തെ മുഴുവൻ ജനാവലിയേയും

ഭസ്മമാക്കിയതാരാണ്? കുട്ടികളും സ്ത്രീകളും രോഗികളുമെല്ലാം മരിച്ചുകൂമ്പാരമായില്ലേ? എന്നല്ല രക്ഷപ്പെട്ടവർപോലും ആ വിപത്തിന്റെ ബാധയേറ്റ് വർഷങ്ങളോളം എന്നല്ല ഇന്നുവരെ ഒരുപാട് രോഗങ്ങളിൽ അകപ്പെട്ടു കഴിയുന്നില്ലേ? ജനിക്കുന്ന കുട്ടികൾപോലും വികലാംഗരല്ലേ? ഇതാണോ നിങ്ങളുടെ ഉന്നതമായ ധാർമ്മികത? ഇതിന് നേതൃത്വം കൊടുക്കുന്നവരെ ഇക്കൂട്ടർ സമാധാനദൂതന്മാരെന്ന് പറയുന്നു. സമാധാനം സ്ഥാപിച്ചവരെന്ന് പറയുന്നു. ഇറാഖിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നതെന്താണ്? അതിനിവർ എന്തു പേരാണ് പറയുന്നത്? നിങ്ങളോർമ്മിച്ചുകൊള്ളുക, ഈ എല്ലാ അതിക്രമങ്ങളുണ്ടായിട്ടും ഇസ്ലാമിന്റെ ദൈവം, അവനാണ് തന്റെ പ്രിയപ്പെട്ട നബി- അദ്ദേഹം എല്ലാവരോടും കൃപയും കരുണയുമുള്ളയാളാണ്-യുടെമേൽ ഇറക്കിയ അദ്ധ്യാപനം അത് ഖുർആന്റെ രൂപത്തിൽ നമ്മുടെ മുമ്പിലുണ്ട്. മനസ്സിലാക്കുന്നവർക്ക് ആ അദ്ധ്യാപനങ്ങളുടെ മനോഹാരിത മനസ്സിലാക്കാവുന്നതേയുള്ളു.

ഇവിടെ ഞാൻ വിശദമായി അതിനെക്കുറിച്ച് സംസാരിക്കുന്നില്ല. ഒരുവചനം ഞാൻ ഓതിക്കേൾപ്പിക്കാം. അല്ലാഹു പറയുന്നു ******

إِلَّا مَن تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا
فَأُولَٰئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ ۗ
وَكَانَ اللَّهُ غَفُورًا رَّحِيمًا ﴿٧١﴾

എന്നാൽ പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരൊഴികെ. അല്ലാഹു അവരുടെ തിന്മകളെ നന്മകളാക്കി മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു ഒരുപാട് കൊടുക്കുന്നവനും നിരന്തരം കരുണ ചെയ്യുന്നവനുമാണ്.

ഈ കല്പനയുടെ വെളിച്ചത്തിൽ ഇവർ തങ്ങിളിലേക്ക് നോക്കേണ്ടതാണ്. മുസ്ലിംകളുടെ, ഹൃദയം കുത്തിനോവിക്കുന്നതിനു പകരം സ്വന്തം പാപങ്ങൾ മാപ്പാക്കാൻ ദൈവത്തോട് പൊറുക്കലിനെ തേടേണ്ടതാണ്. നിങ്ങളിൽ എത്ര നന്മയുണ്ടെന്ന് സ്വയം നോക്കുക. അല്ലാഹുവിന്റെ പ്രിയപ്പെട്ടവരെ നിന്ദിക്കുന്നതിനു പകരം സ്വന്തം ഉള്ളിലേക്ക് എത്തിനോക്കുക.

ഇന്ന് പാശ്ചാത്യദേശത്ത് ഒരുപാട് തിന്മകൾ പരന്നിരിക്കുകയാണ്. സ്വന്തം കോളറിലേക്ക് തിരിഞ്ഞു നോക്കാത്ത കാരണത്താലാണ് അതെല്ലാം സംഭവിച്ചു കൊണ്ടിരിക്കുന്നത്. നിങ്ങളുടെ വീടുകളിലെ സമാധാനവും ശാന്തിയും നശിച്ചത് നിങ്ങൾക്ക് അവസരം തന്നിട്ടും ദൈവത്തിന്റെ മുമ്പിൽ പശ്ചാത്തപിച്ചു മടങ്ങാത്ത കാരണത്താലാണ്.

ഇനിയെങ്കിലും നിങ്ങളുടെ ദൈവത്തെ തിരിച്ചറിയുക. അവന്റെ പ്രിയദാസനെ കുറിച്ച് അനാവശ്യം പറയുന്നതിൽനിന്ന് പിന്മാറുക. കരുണാമയനായ ദൈവത്തെ വിളിക്കുക; അവൻ നിങ്ങൾക്ക് പൊറുത്തുതരാൻ.

അഹ്മദികളോട് ഞാൻ വീണ്ടും പറയുകയാണ്. നിങ്ങളിൽ ഇസ്ലാമികാദ്ധ്യാപനം നടപ്പിൽ വരുത്തിക്കൊണ്ട് ഈ ബുദ്ധിക്ക് അന്ധത ബാധിച്ചവർക്ക് ഇല്ലെങ്കിൽ കുറഞ്ഞപക്ഷം അവർക്ക് വിധേയരാകുന്നവർക്ക്, ദൈവത്തെ ആക്ഷേപിക്കുന്നതിന് പ്രാധാന്യം നൽകാത്തവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക. നിങ്ങൾ പിന്മാറുന്നില്ലെങ്കിൽ നിങ്ങൾക്കോ നിങ്ങളുടെ നാടിനോ രക്ഷയില്ലെന്ന് അവരോട് പറയുക. ഇതിന് ഒരു ജാമ്യവുമില്ല. നിങ്ങൾ നിങ്ങളുടെ നന്മയെ ആഗ്രഹിക്കുന്നെങ്കിൽ മനുഷ്യരോട് ഔദാര്യം കാണിക്കുന്ന അല്ലാഹുവിന്റെ പ്രിയപ്പെട്ട നബി(സ)യുടെ മേലുള്ള ഈ ആക്രമണം അവസാനിപ്പിക്കുക. ആ മഹാത്മാവുമായി ബന്ധം സ്ഥാപിക്കുക. ബന്ധം വെയ്ക്കുന്നില്ലെങ്കിൽതന്നെ മാന്യത എന്നു പറയുന്നത് മൗനം പാലിക്കുക എന്നതാണ്.

യുദ്ധത്തിനു പുറമേ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം കാരണത്താൽ ലോകം നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഹോളണ്ട് എന്ന രാജ്യത്ത് ശിർക്ക് എത്രമാത്രം വർദ്ധിച്ചിരിക്കുന്നുവെന്നുവെച്ചാൽ, ഇവിടുത്തെ ചിലർ പറയുന്നത് ബാക്കി രാജ്യങ്ങളെല്ലാം ദൈവം സൃഷ്ടിച്ചതാണെന്നും എന്നാൽ, ഹോളണ്ടിനെ തങ്ങൾ സൃഷ്ടിച്ചുവെന്നുമാണ്. സമുദ്രം കുറച്ച് നികത്തിയകാരണത്താൽ ഇവരുടെ ബുദ്ധി മറിഞ്ഞുപോയി. രാജ്യത്തിന്റെ അധികഭാഗവും സമുദ്ര ഉപരിതലത്തിന് താഴെയാണെന്ന് ഇവർ മനസ്സിലാക്കുന്നില്ല. കൊടുങ്കാറ്റും വിപത്തുകളും ദൈവത്തിന്റെ ശിക്ഷയും വരുമ്പോൾ അത് പർവ്വതങ്ങളെപോലും മുക്കിക്കളയാറുണ്ട്. അതുകൊണ്ട് ഈ ജനങ്ങളേയും ലോകത്തുള്ള എല്ലാവരേയും അല്ലാഹുവിന്റെ സമീപത്ത് കൊണ്ടുവരിക എന്നത് അഹ്മദികളുടെ ഉത്തരവാദിത്തമാണ്. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കുക. സ്വയം ഈ നബിയുടെ മാതൃകയിലൂടെ നടന്നുകൊണ്ട് ദയാവികാരത്തോടെ മനുഷ്യരെ രക്ഷിക്കാൻ ചിന്തിക്കുക. ലോകത്തിന് ഏകദൈവത്തെ പരിചയപ്പെടുത്തിക്കൊടുക്കുക. അല്ലാഹു പറഞ്ഞതുപോലെ തൗബാ ചെയ്യുന്നവനും വിശ്വസിക്കുന്നവനും ഈമാനിൽ നിലനിന്നുകൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നവനും തന്നെയാണ് പൊറുക്കപ്പെടുന്നത്.

ഈ സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കുക. ഇല്ലെങ്കിൽ ഞാൻ മുമ്പേയും പറഞ്ഞതുപോലെ ലോകം അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസന്റെമേൽ അക്രമപരമായ ആക്രമണം നടത്തി ശിക്ഷയെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആകാശത്തുനിന്നും ഭൂമിയിൽനിന്നുമുള്ള വിപത്തുകളെ തന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവെന്ന നിലയിൽ സമർപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഭയപ്പെടേണ്ട സ്ഥാനമാണിത്. വളരെ ഗൗരവത്തോടെ ജനങ്ങൾക്കിത് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ട ആവശ്യമുണ്ട്. നബി(സ)

യുടെ സ്ഥാനം ഇവർക്ക് വ്യക്തമാക്കിക്കൊടുക്കുകയും സംസ്കാരശൂന്യരും അജ്ഞരുമായ അറബികളെ അക്കാലത്ത് സംസ്കാര സമ്പന്നരും ദൈവത്തിന്റെ പ്രിയരുമാക്കി മാറ്റുകയും ചെയ്ത ആ പ്രകാശത്തെ കാണിച്ചുകൊടുക്കേണ്ട ആവശ്യമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ലോകത്തൊരു റസൂൽ വന്നു; ആ ചെകിടന്മാർക്ക് ചെവി നൽകാൻ. ഇന്നുമുതൽ അല്ല, നൂറ്റാണ്ടുകളായി, അവർ ചെകിടന്മാരായി കഴിഞ്ഞുവരികയായിരുന്നു. ആരാണ് അന്ധൻ? ആരാണ് ചെകിടൻ? തൗഹീദിനെ- ഏക ദൈവത്തെ സ്വീകരിക്കാത്തവൻതന്നെ. പുതിയ രീതിയിൽ ഭൂമുഖത്ത് തൗഹീദ് സ്ഥാപിച്ച ആ റസൂലിനെ വിശ്വസിക്കാത്തവൻതന്നെ. അപരിഷ്കൃതരായ ജനങ്ങളെ മനുഷ്യരാക്കിയ ആ റസൂലിനെ അംഗീകരിക്കാത്തവർതന്നെ. മനുഷ്യരിൽ നിന്ന് ധാർമ്മികതയോടുകൂടിയ മനുഷ്യരെ വാർത്തെടുക്കുകയും പിന്നീട് ധാർമ്മികതയോടുകൂടിയ മനുഷ്യനെ ദൈവികനിറം പൂശി ദിവ്യനാക്കിത്തീർക്കുകയും ചെയ്ത ആ പുണ്യാത്മാവിനെ ധിക്കരിക്കുന്നവർതന്നെ. അതേ റസൂൽ, ഹാ, അതേ സത്യസൂര്യൻ, ആത്മീയമായി മരിച്ച ആയിരക്കണക്കിന് ആളുകൾ ആ മഹാത്മാവിന്റെ കാലിന്നടിയിൽ ജന്മംകൊണ്ടു. പ്രാവർത്തികമായി ഖിയാമത്തിന്റെ മാതൃക അവിടന്ന് കാഴ്ചവച്ചു. അല്ലാതെ യേശുവിനെപോലെ വെറും ശകാരമായിരുന്നില്ല.

ആ മഹാത്മാവ് മക്കയിൽ വെളിപ്പെട്ട് ബഹുദൈവാരാധനയുടെ ഒരുപാട് അന്ധകാരങ്ങളെ മായ്ച്ചുകളഞ്ഞു. അതേ, ലോകത്തിന്റെ യഥാർത്ഥ പ്രകാശം അവിടന്ന് തന്നെയായിരുന്നു. അദ്ദേഹം ലോകത്തിന്റെ അന്ധകാരങ്ങൾ കണ്ടിട്ട് രാത്രിയെ പകലാക്കി മാറ്റി. അതിനുമുമ്പേ ലോകത്തിന്റെ അവസ്ഥ എന്തായിരുന്നു? ആ മഹാത്മാവ് വന്നതിനുശേഷം അതെങ്ങനെയായിത്തീർന്നു? ഈ ചോദ്യം ഉത്തരം ലഭിക്കാത്ത പ്രയാസമുള്ള ചോദ്യമല്ല. വഞ്ചനയുടെ മാർഗ്ഗം സ്വീകരിക്കുന്നില്ലെങ്കിൽ നമ്മുടെ ബുദ്ധി തീർച്ചയായും ഇത് സമ്മതിക്കാൻ നമ്മെ നിർബന്ധിക്കും. ആ മഹാത്മാവിന് മുമ്പേ ദൈവത്തിന്റെ മഹത്വം ഓരോ നാട്ടുകാരും മറന്നുകഴിഞ്ഞിരുന്നു. ആ സത്യവാനായ ആരാധ്യന്റെ മഹത്വം നക്ഷത്രങ്ങൾക്കും കല്ലുകൾക്കും മരങ്ങൾക്കും മൃഗങ്ങൾക്കും മുള്ളുകൾക്കും മലകൾക്കും തുടങ്ങി നശ്വരമായ മനുഷ്യനുപോലും നൽകിയിരുന്നു. നിന്ദ്യനായ സൃഷ്ടിയെ, പ്രതാപവാനും പരിശുദ്ധനുമായ ദൈവത്തിന്റെ ഇരിപ്പിടത്തിൽ കയറ്റിയിരുത്തിയിരുന്നു. ഈ മനുഷ്യനും മൃഗങ്ങളും മരങ്ങളും നക്ഷത്രങ്ങളും യഥാർത്ഥത്തിൽ ദൈവം തന്നെയായിരുന്നെങ്കിൽ, അവയിലൊന്ന് യേശുവുമാണ്, പിന്നെ ആ നബി വരേണ്ട എന്ന തീരുമാനം ശരിയായിട്ടുള്ളതാകുമായിരുന്നു. എന്നാൽ, ഈ വസ്തുക്കൾ ദൈവമല്ലെങ്കിൽ ആ മഹാത്മാവിന്റെ, ഹദ്റത്ത് സയ്യ്ദുനാ മുഹമ്മദ്(സ)ന്റെ മക്കയിലെ മലയിൽവെച്ച് പുറപ്പെടുവിച്ച ആ വാദം മഹത്തായൊരു തേജോവിലാസം ഉൾക്കൊള്ളുന്നതാണ്. എന്തായിരുന്നു ആ വാദം? അത് ഇതുതന്നെയായിരുന്നു.

അവിടന്ന് പറഞ്ഞു: "ദൈവം ലോകത്തെ കഠിനമായ ശിർക്കിൽ കണ്ട് ആ അന്ധകാരത്തെ ഉന്മൂലനം ചെയ്യാൻ വേണ്ടി നബിയെ അയച്ചു. ഇത് വെറുമൊരു വാദമായിരുന്നില്ല. കാരണം ആ റസൂൽ(സ) ഈ വാദത്തെ പൂർത്തിയാക്കിക്കാണിച്ചു. മനുഷ്യകുലത്തോടു നബി(സ) കാണിച്ച സത്യമായ സഹാനുഭൂതി മറ്റെല്ലാ നബിമാരെക്കാളും ഉന്നതമായിരുന്നു. അത് മറ്റാരിലും സ്ഥാപിതമായി കാണുകയില്ല. അതുകൊണ്ട് അല്ലയോ ജനങ്ങളേ, എഴുന്നേല്ക്കുക. സാക്ഷി പറയുക. ഈ മഹനീയഗുണത്തിൽ മുഹമ്മദ്(സ)നു തുല്യമായി ആരുംതന്നെ ലോകത്തില്ല. സൃഷ്ടിപൂജകരായ അന്ധന്മാർ ആ മഹാനായ റസൂലിനെ തിരിച്ചറിഞ്ഞില്ല. സത്യമായ സഹാനുഭൂതിയുടെ ആയിരക്കണക്കിന് മാതൃകകൾ ആ മഹാനായ പ്രവാചകൻ കാഴ്ചവച്ചു. എന്നാൽ, ഇന്ന് ആ പരിശുദ്ധ നബി(സ) തിരിച്ചറിയപ്പെടുന്ന ആ കാലം വന്നിരിക്കുന്നതായി ഞാൻ കാണുന്നു. ഞാൻ പറയുന്ന കാര്യങ്ങൾ എഴുതിവച്ചുകൊള്ളുക. ഇന്നേക്കുശേഷം ആ സൃഷ്ടിപൂജ കുറഞ്ഞുകുറഞ്ഞില്ലാതാകുന്നതാണ്. മനുഷ്യന് അല്ലാഹുവിനോട് മത്സരിക്കാൻ കഴിയുമോ? ഒന്നുമല്ലാത്ത ഒരു തുള്ളിക്ക്, അല്ലാഹുവിന്റെ തീരുമാനത്തെ തടയാൻ കഴിയുമോ? ആദം മക്കളുടെ പദ്ധതികൾക്ക് ദൈവകല്പനകളെ നിന്ദ്യമാക്കാൻ സാധിക്കുമോ? കേൾക്കുന്നവരേ കേട്ടുകൊള്ളുക. ചിന്തിക്കുന്നവരേ ചിന്തിച്ചുകൊള്ളുക. ആ സത്യം വെളിപ്പെടുകതന്നെ ചെയ്യും. ആ സത്യമായ പ്രകാശം തിളങ്ങുകയും ഈ സന്ദേശം ഇന്ന് തൗഹീദിന്റെ- ഏകദൈവസിദ്ധാന്തത്തിന്റെ സന്ദേശമാണ്. അതുകൊണ്ട് നാം ബുദ്ധിയും മാന്യതയുമുള്ള എല്ലാവരിലും അത് എത്തിക്കേണ്ടതുണ്ട്. ഇതിനായി നാം മുമ്പത്തേക്കാൾ കൂടുതൽ അരമുറുക്കണം. അല്ലാഹുവിന്റെ പദ്ധതികൾ നടപ്പിൽ വന്നു തുടങ്ങിയിരിക്കുന്നു. നാം നിത്യവും ആ കാഴ്ച കാണുന്നു. കണ്ടുകൊണ്ടേയിരിക്കുന്നു. നിസ്സാരമായിരിക്കാം നമ്മുടെ പരിശ്രമം. പക്ഷേ, എങ്കിലും അത് നമ്മെ പ്രതിഫലത്തിന് അർഹരാക്കും. അവസാനം വീണ്ടും ഞാൻ നബി(സ)ക്കെതിരിൽ ഈ അതിരുകടന്ന് സംസാരിക്കുന്നവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ കേൾപ്പിക്കാൻ ആഗ്രഹിക്കുന്നു. അവിടന്ന് പറഞ്ഞു:

"മുസ്‌ലിംകൾ നബിതിരുമേനി(സ)യുടെ അഭിമാനത്തെ കാക്കുന്നതിനായി ജീവൻ അർപ്പിക്കുന്നവരാണ്. അവരുടെ നബിയെ ചീത്തപറയുന്ന ആൾക്കാരുമായി രഞ്ജിപ്പുണ്ടാക്കുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാണെന്ന് അവർ കരുതുന്നു. ഓർമ്മിച്ചുകൊള്ളുക. അത്തരക്കാർ തങ്ങളുടെ ജനത്തിന്റെ നന്മ ആഗ്രഹിക്കുന്നവരല്ല. കാരണം അവർ അവരുടെ വഴിയിൽ മുള്ളുകൾ വിതറുന്നു. ഞാൻ സത്യമായും സത്യമായും പറയുന്നു. മരുഭൂമിയിലെ പാമ്പുകളുമായും കാട്ടിലെ വന്യമൃഗങ്ങളുമായും യോജിപ്പിലാകാൻ ഞങ്ങൾക്ക് കഴിയും. എന്നാൽ, അല്ലാഹുവിന്റെ വന്ദ്യനായ പ്രവാചകനെ നിന്ദ്യമായി ശകാരിക്കുന്ന

പേജ് 26-ൽ

*ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)*

# ല്ലാഹുവിന്റെ മലക്കുകൾ (3)

**അ**ഞ്ചാമത്തെ കാര്യം തിന്മ ചെയ്യാൻ കഴിയാത്ത സൃഷ്ടികളാണ് മലക്കുകളെന്ന് മനസ്സിലാകുന്നു. എന്നാൽ, പ്രവാചകന്മാരെ എന്നല്ല അല്ലാഹുവിനെ വരെ നിഷേധിക്കാനുള്ള ധാതു മനുഷ്യനിലുണ്ട്. ദൈവത്തെ ചീത്തപറയുന്നവരും ഇല്ലാതില്ല. എന്നാൽ, തിന്മ ചെയ്യാനുള്ള ത്രാണിയില്ലാത്ത സൃഷ്ടിയാണ് മലക്കുകളെന്ന് വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്നു. മനുഷ്യനെ അപേക്ഷിച്ച് അവരുടെ പ്രവർത്തന വൃത്തം പരിമിതമാണ്. മനുഷ്യൻ പരിധികളെ ലംഘിക്കുന്നു. എന്നാൽ, മലക്കുകൾക്ക് നിശ്ചയിച്ചിട്ടുള്ള പരിധികളെ ലംഘിക്കാൻ അവർക്ക് സാധ്യമല്ല. അല്ലാഹു പറയുന്നു. "അല്ലാഹു അവരോട് കല്പിക്കുന്ന ഒരു കല്പനയും അവർ ലംഘിക്കുകയില്ല. അവരോട് ആജ്ഞാപിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു" (66:7).

ആറാമത്തെ കാര്യം മലക്കുകൾ ദൈവകല്പന കൾക്ക് വിരുദ്ധം പ്രവർത്തിക്കുകയില്ലെന്ന് മാത്രമല്ല, ദൈവകല്പന പൂർണ്ണമായും പാലിക്കാനുള്ള കഴിവ് അവർക്കുണ്ടെന്നുള്ളതാണ്. കല്പനയ്ക്ക് വിരുദ്ധം പ്രവർത്തിക്കുക എന്നതും അതിനെ പൂർണ്ണമായ നിലയിൽ ചെയ്യാൻ പറ്റാതിരിക്കുക എന്നതും വെവ്വേറെ കാര്യമാണ്. ഉദാഹരണത്തിന് ക്ഷീണിച്ച ഒരാളോട്, ഇന്ന വസ്തു തലയിലേറ്റാൻ പറഞ്ഞാൽ ക്ഷീണം കൊണ്ട് അയാൾക്കതിന് കഴിയുകയില്ല. അപ്പോൾ, അയാൾ ആജ്ഞാലംഘനമാണ് നടത്തിയതെന്ന് പറയാൻ പറ്റില്ല. എന്നാൽ, അത് തലയിലേറ്റാൻ കഴിവുള്ള ഒരാളാണ് നിഷേധിക്കുന്നതെങ്കിൽ അത് ആജ്ഞാലംഘനമായിരിക്കും. മലക്കുകളെ സംബന്ധിച്ച് അല്ലാഹു പറയുന്നത്, അവരോട് ഏത് ജോലി പറഞ്ഞാലും അവർക്കോരോരുത്തർക്കും അത് ചെയ്യാനുള്ള കഴിവുണ്ടെന്നാണ്. മനുഷ്യരിൽ അങ്ങനെയല്ല. അവരിൽ ചിലർക്ക് ചില കല്പന പാലിക്കാൻ കഴിവുണ്ടാകും. ചിലർക്കതിന് സാധിക്കുകയില്ല. അല്ലാഹു മലക്കുകളെക്കുറിച്ച് പറയുന്നു. 'അവരോട് കല്പിക്കുന്നത് അവർ ചെയ്യുന്നു' (16:51). ഈയൊരു സ്ഥിതിയല്ല മനുഷ്യനുള്ളത്. അവൻ ചിലപ്പോൾ ഒരു ജോലി ചെയ്യാൻ ആഗ്രഹിക്കും. പക്ഷേ, നിറവേറ്റാൻ സാധിക്കുകയില്ല. ഉദാഹരണത്തിന് നിന്നുതന്നെ നമസ്കരിക്കണമെന്ന് ആഗ്രഹമുണ്ടാകും. പക്ഷേ, രോഗിയായ കാരണത്താൽ അവനത് കഴിയുകയില്ല.

മലക്കുകളെ സംബന്ധിച്ച് ഏഴാമതായി മനസ്സിലാകുന്നത് അവർ ചുറ്റുപാടുമുള്ള കാര്യങ്ങളെയൊന്നും സ്വീകരിക്കുന്നില്ല എന്നതാണ്. മറ്റു സൃഷ്ടികൾ എത്ര പ്രബലമാണെങ്കിലും ചുറ്റുവട്ടത്തുള്ള കാര്യങ്ങളെ സ്വീകരിക്കാറുണ്ട്. എല്ലാം അല്ലെങ്കിലും ചിലതിനെയെങ്കിലും സ്വീകരിക്കും. ഉദാഹരണത്തിന് നബിമാർ. അവർ നന്മയുടെ കാര്യങ്ങൾ സ്വീകരിക്കുന്നു. അല്ലെങ്കിൽ ധർമ്മത്തിനായി യുദ്ധമുണ്ടാകുമ്പോൾ അവരതിൽ പങ്കെടുക്കുന്നു. കാരണം മനുഷ്യൻ എന്ന നിലയിൽ അവരിലും അതിന്റെ സ്വാധീനമുണ്ടാകുന്നതാണ്. എന്നാൽ, നബിമാരിൽ ദോഷകരമായ സ്വാധീനങ്ങളുണ്ടാകുകയില്ല. അവരതിൽനിന്ന് സുരക്ഷിതരായിരിക്കും. മലക്കുകൾ എല്ലാവിധത്തിലും സുരക്ഷിതരായിരിക്കും. അല്ലാഹു പറയുന്നു. "മലക്കുകളുടെ ഗുണം അവർ കാഠിന്യമുള്ളവരും ശക്തരുമായിരിക്കും എന്നതാണ്" (66:7). മറ്റുള്ള ഒരു വസ്തുവിനും അവരുടെമേൽ സ്വാധീനശക്തി ചെലുത്തുവാൻ കഴിയുകയില്ല. എന്നാൽ, അവരോട് ഏതെങ്കിലും വസ്തുവിനുമേൽ സ്വാധീനം ചെലുത്തുവാൻ പറഞ്ഞാൽ അവരത് ചെയ്തിരിക്കും. ഈ കഴിവ് മനുഷ്യനിൽ ചില കാര്യങ്ങളിലെ ഉണ്ടാകൂ. അതായത്, ചില ഗുണങ്ങളിൽ മനുഷ്യനും അങ്ങനെയാകും. എന്നാൽ, എല്ലാ കാര്യത്തിലും അവന് അങ്ങനെയാകാൻ പറ്റുകയില്ല. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളും കാഠിന്യമുള്ളവരാകുന്നു; സത്യനിഷേധികൾക്കെതിരിൽ. പരസ്പരം അവർ ഒരാൾ മറ്റൊരാളുടെ പ്രഭാവം സ്വീകരിക്കുന്നവരാണ്" (48:29).

ഇപ്രകാരം പറയുന്നു: "ഏ, നബി, സത്യനിഷേധികളേയും കപടവിശ്വാസികളേയും നേരിടുക. എന്നാൽ, അവരുടെ സ്വാഭാവഗുണങ്ങൾ സ്വീകരിക്കരുത്" (9:74). സത്യവിശ്വാസികളിലുള്ള ഒരു കാര്യം അവർ മറ്റുള്ളവരിൽ തങ്ങളുടെ സ്വാധീനം ഉണ്ടാക്കുന്നു എങ്കിലും അവരുടേതായ ചില കാര്യങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു എന്നതാണ്. പക്ഷേ, മലക്കുകളാരും പുറമേയുള്ള ഒന്നും സ്വീകരിക്കുകയില്ല.

എട്ടാമത്തെ കാര്യം അവരുടെ സംഖ്യ അധികമാണെന്നുള്ളതാണ്. അല്ലാഹു പറയുന്നു: "മലക്കുകളുടെ എണ്ണം അല്ലാഹുവിന് മാത്രമേ അറിയൂ. മറ്റാർക്കും അതറിയാൻ കഴിയുകയില്ല" (74:34).

ഒമ്പതാമത്തെ കാര്യം അവരിൽ മേലുദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും ഉണ്ടെന്നുള്ളതാണ്. ഒരാൾ വലിയ ആളാണെങ്കിൽ മറ്റേയാൾ ചെറിയ ആളായിരിക്കും. എന്നാൽ, അവരവരുടെ പ്രവൃത്തിയിലും മേഖലയിലും എല്ലാവരും സ്ഥിരമായി നിയമിതരാണ്. എന്നല്ല, അവർ ഓഫീസർമാരും കീഴുദ്യോ

**പേജ് 36 – ൽ**

ബി.എം. കോയ

# പ്രവാചകന്മാരുടെ നിവാര്യത

**അ**ല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: "നിശ്ചയമായും ഏറ്റവും ഉൽകൃഷ്ടമായ പ്രകൃതിയോടു കൂടിത്തന്നെയാണ് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്." (95:5)

അതായത് സൃഷ്ടികളിൽ ഉത്തമൻ മനുഷ്യനാണ്. മറ്റു സൃഷ്ടികളുടെ ഗുണങ്ങളുമായി തുലനം ചെയ്യുമ്പോൾ പല നിലയിൽ അവൻ ശ്രേഷ്ഠമായ പദവിയെ അലങ്കരിക്കുന്നു. അവന് ബുദ്ധിയുണ്ട്. അതുപയോഗിക്കുവാനുള്ള ചതുരുപായങ്ങളുമുണ്ട്. അവന് വികാരമുണ്ട്. ആഴമേറിയ വിചാരധാരകളുണ്ട്. പൊതുവായ ഒരു ലക്ഷ്യസാക്ഷാത്ക്കാരത്തിനുവേണ്ടി ഒന്നിച്ചു മുന്നേറാൻ അവന് കഴിയുകയും ചെയ്യുന്നു.

ഇരയെ വേട്ടയാടിപ്പിടിക്കുവാനും വേട്ടയിൽ കിട്ടിയ ഇരയെ പങ്കുവെച്ചാഹരിക്കുവാനും അവൻ തുനിയുന്നു. ഒപ്പം അടുത്ത വേട്ടയ്ക്ക് കുറേക്കൂടി പ്രയോജനപ്രദമായ ആയുധങ്ങളെക്കുറിച്ചവൻ ചിന്തിക്കുകയും ചെയ്യുന്നു. ഇടിയും മിന്നലും, വരൾച്ചയും വെള്ളപ്പൊക്കവും അവനെ ഭയപ്പെടുത്തുന്നു. ഈ ഭയത്തിന്റെ മുക്തിക്കായി അവൻ ഒന്നിച്ചു നില്ക്കുന്നു. അവയിൽനിന്നഭയം തേടാൻ അവൻ ഉപായങ്ങളന്വേഷിക്കുകയും ചെയ്യുന്നു.

ഒരാൾ ഒരാളിനെ ഇഷ്ടപ്പെടുന്നു. ഇഷ്ടപ്പെടുന്ന ആളുമായി ജീവിതകാലം കഴിക്കുവാൻ പരസ്പരമൊരുങ്ങുന്ന സഖിയും സഖാവുമായി അവർ ജീവിതം പങ്കിടുമ്പോൾ പുതിയ ഒരു ബന്ധം ഉടലെടുക്കുന്നു. ഇണങ്ങിയും പിണങ്ങിയും പുതിയ ബന്ധം മുന്നേറുമ്പോൾ സ്ത്രീ ഗർഭിണിയാവുന്നു. ഗർഭം പുരുഷനിൽ ആഹ്ലാദമുണർത്തുന്നു. പ്രസ്തുത സംഭവത്തിന്റെ ഉത്തരവാദി താനാണെന്ന ചിന്ത അപ്രമേയമായ ആനന്ദം അവനിൽ അണയ്ക്കുന്നു. സ്ത്രീ നൊന്തു പ്രസവിക്കുന്നു. നോവിൽ സുഖം കണ്ടെത്തുകയും ചെയ്യുന്നു. സ്ത്രീയുടെ നോവ് പുരുഷനിൽ ഉത്തരവാദിത്വത്തിന്റെ കനം ഇരട്ടിയാക്കുന്നു. ബന്ധത്തിന്റെ ഇഴകൾ വീണ്ടും അടുത്തു ചേർന്നൊന്നിക്കുന്നു. സംശുദ്ധമായ ഒരാത്മബന്ധത്തിൽ അതെത്തിനിൽക്കുന്നു. കുട്ടിയെ- കുട്ടികളെ സ്ത്രീയും പുരുഷനും തനതായി സ്നേഹിക്കുന്നു. ശ്രദ്ധിച്ചു വളർത്തിയെടുക്കുന്നു.

ഇവിടെ കുടുംബവും കുടുംബങ്ങളുമുണ്ടാകുന്നു. കുടുംബങ്ങൾ ചേർന്ന് സമൂഹങ്ങളുണ്ടാകുന്നു. പൊതുവായ കാര്യങ്ങൾക്ക് കൂട്ടായ ചർച്ചകൾ നടക്കുന്നു. കൂട്ടായ ചർച്ചകളിൽനിന്ന് പൊതുവായ പെരുമാറ്റച്ചട്ടങ്ങൾ ഉരുത്തിരിയുന്നു. ഇവ പാലിക്കുവാനും നടപ്പിലാക്കുവാനും നേതാക്കളുണ്ടാവുന്നു.

ഒരു സംഘടിത സമൂഹത്തിന്റെ രൂപാവിഷ്കാരമാണിത്. സംഘടിതം എന്നു പറയുമ്പോൾ സമൂഹത്തിന് ശക്തിയുണ്ടെന്നർത്ഥം. എങ്കിലും ശക്തികൾ പലപ്പോഴും പരാജയപ്പെടുന്നു. കാറ്റിന്നെതിരിൽ, ഇടിക്കെതിരിൽ വന്യമൃഗങ്ങൾക്കെതിരിൽ അവർ ബലഹീനരായിത്തന്നെ ഭയന്നുനില്ക്കേണ്ടിവരുന്നു. അവയെ നേരിടാനുള്ള ബുദ്ധിപരമായ വളർച്ച അവർക്കില്ല. പ്രകൃതിയെ അവർക്കറിയാൻ കഴിഞ്ഞില്ല. കൂടുതൽ വിവരവും വിവേകവുമുള്ള ഒരാളിന്നുവേണ്ടി അവർ അവർക്കിടയിൽ അന്വേഷിച്ചു. അവരുടെ ഗണത്തിൽ അങ്ങനെ ഒരാളുണ്ടായിരുന്നില്ല. അതുകൊണ്ടവർ ആശയോടെ, ആകാംക്ഷയോടെ, പ്രതീക്ഷയോടെ ഒരു നേതൃത്വത്തിനുവേണ്ടി ദാഹിച്ചു.

**ദൈവത്തിന്റെ സൃഷ്ടിയാണ് മനുഷ്യൻ**

ദൈവം മനുഷ്യനെ അവസാനമായി സൃഷ്ടിച്ചപ്പോൾ ഏറ്റവും മഹത്ത്വപൂർണ്ണമായ ഒരു സൃഷ്ടിയാണതെന്നും പ്രഖ്യാപിച്ചിരുന്നു. മഹത്ത്വപൂർണ്ണമായ സൃഷ്ടിയാണതെങ്കിലും മനുഷ്യൻ പൂർണ്ണനായിരുന്നില്ല. പൂർണ്ണതയുടെ ദാഹമായിരുന്നു മനുഷ്യൻ. മനുഷ്യന്റെ മഹത്ത്വത്തിന്റെ നിദാനവും ആ അനുപമമായ ദാഹം തന്നെയായിരുന്നു.

കൂടുതൽ ശക്തിക്കുവേണ്ടി, കൂടുതൽ ജ്ഞാനത്തിനുവേണ്ടി, കൂടുതൽ വെളിച്ചത്തിനുവേണ്ടി അവൻ ദാഹിച്ചുനിന്നപ്പോൾ ആ ദാഹത്തെ ദൈവം ഉൾക്കൊണ്ടു. പ്രവാചകന്മാരുടെ ആവിർഭാവത്തിന്റെ അടിസ്ഥാനം അതായിരുന്നു.

ലോകം പ്രവിശാലമാണ്. അനേകം കരകൾ, ഇടയിൽ ആഴമുള്ള കടലുകളും ഉയരമുള്ള കുന്നുകളും വൃക്ഷനിബിഢമായ വൻകാടുകളും. എന്തുണ്ടായി എന്നു പറഞ്ഞാൽ, മാറിയ പരിതസ്ഥിതികളിൽ മനുഷ്യർ പല കരകളിലായി ജീവിക്കേണ്ടിവന്നു.

അങ്ങനെ വന്നപ്പോൾ- വൈവിദ്ധ്യമാർന്ന അവരുടെ ദാഹം ദൈവം ഉൾക്കൊണ്ടപ്പോൾ പല കരകളിലായി നിവസിച്ചിരുന്ന തരാതരം മനുഷ്യർക്ക് പല കാലങ്ങളിലായി പ്രബോധകർ അയക്കപ്പെട്ടു.

വിശുദ്ധഖുർആൻ പറയുന്നു: സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നല്കുന്നവനുമായി സത്യത്തോടുകൂടിയാണ് നിന്നെ നാം അയച്ചിരിക്കുന്നത്. മുന്നറിയിപ്പ് നൽകുന്ന ഒരാൾ അയക്കപ്പെടാത്ത

ഒരു സമുദായവും കഴിഞ്ഞുകടന്നിട്ടില്ല (35:25). എല്ലാ സമുദായങ്ങളിലും മാർഗ്ഗദർശികൾ വന്നിട്ടുണ്ട് (13:8).

സർവ്വസമുദായങ്ങളിലും ഓരോ ദൈവദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അല്ലാഹുവിനെ ആരാധിക്കുകയും ദുഃശക്തികളിൽനിന്ന് അകന്നു നിൽക്കുകയും ചെയ്യുക എന്ന പ്രബോധനവുമായി (16:37).

പ്രവിശാലമായ ലോകത്തിൽ പല കരകളിൽ മനുഷ്യർ ജീവിക്കുന്നു. മനുഷ്യരെല്ലാവരും ഒന്നാണ്. സൃഷ്ടിയുടെ പൊതുഗുണങ്ങൾ അവരിൽ പ്രകടമായി കാണുകയും ചെയ്യും. എങ്കിലും സൂക്ഷ്മമായ ഒറ്റനോട്ടത്തിൽ വളരെയധികം വ്യത്യാസങ്ങൾ സൃഷ്ടികളിൽ കണ്ടെത്താൻ കഴിഞ്ഞെന്നുവരും. ചിലരുടെ നിറം വെളുത്തതാണ്. ചിലരുടെ നിറം കറുത്തതാണ്. ചിലരുടെ നിറം മഞ്ഞയാണ്. ചിലർ നീളം കൂടിയവരാണ്. ചിലർ നീളം കുറഞ്ഞവരാണ്. പലരും പല ഭാഷകൾ സംസാരിക്കുന്നവരാണ്. പല വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നവരാണ്. പല രീതികൾ പുലർത്തുന്നവരാണ്.

എന്തായാലും ആത്യന്തികമായി മനുഷ്യരെന്ന സൃഷ്ടി ഒരുപോലെയാണ്- ഒന്നുപോലെയാണ്. ഭാഷയുടെ അടിസ്ഥാനത്തിലോ, വേഷത്തിന്റെ അടിസ്ഥാനത്തിലോ, നിറത്തിന്റെ അടിസ്ഥാനത്തിലോ, ശക്തിയുടെ അടിസ്ഥാനത്തിലോ മനുഷ്യർക്കാർക്കും മറ്റു മനുഷ്യരിൽനിന്ന് വ്യത്യസ്തതയോ വിശിഷ്ടതയോ അവകാശപ്പെടാനില്ല. അവയൊക്കെയും മനുഷ്യർ പരസ്പരം അറിയാനും മനുഷ്യർക്ക് പരസ്പരം പ്രയോജനപ്പെടുവാനും ഉതകുന്ന കേവല ഭൗതിക ഘടകങ്ങൾ മാത്രമാണ്.

**വൈശിഷ്ട്യം അവകാശപ്പെടാവുന്ന ഒരു ഗുണം മാത്രമേയുള്ളൂ**

വിശുദ്ധഖുർആൻ പറയുന്നു: "മനുഷ്യരേ! ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമാണ് നിങ്ങളെ നാം സൃഷ്ടിച്ചിരിക്കുന്നത്. (പിന്നീട് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കി തിരിച്ചിരിക്കുന്നത് നിങ്ങൾക്ക് അന്യോന്യം മനസ്സിലാക്കുവാൻ വേണ്ടിയാണ്. നിങ്ങളിൽവെച്ച് അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ (ജീവിതത്തിൽ) ഏറ്റവുമധികം സൂക്ഷ്മതയുള്ളവനാണ്. അല്ലാഹു അഗാധജ്ഞാനമുള്ളവനും സൂക്ഷ്മാവസ്ഥകൾ അറിയുന്നവനുമാകുന്നു (49:14)

സൂക്ഷ്മത എന്ന പദത്തിന് പ്രകൃതത്തിൽ വളരെയധികം പ്രാധാന്യമുണ്ട്. സൂക്ഷ്മതയുള്ളവൻ ആദരണീയനായി മാറുന്നു. സൂക്ഷ്മതയുള്ളവൻ വിജയിയായി മാറുന്നു. സൂക്ഷ്മതയുള്ളവൻ ആരെക്കാളുമേറെ ഉൽകൃഷ്ടനായി ഭവിക്കുകയും ചെയ്യുന്നു.

അധികം സൂക്ഷ്മതയുള്ളവൻ സ്രഷ്ടാവിന് ഏറ്റവും പ്രിയങ്കരനായിത്തീരുന്നു. ജീവിതത്തോട് ഗണ്യമായ അളവിൽ നീതി പുലർത്തുന്നവനായിരിക്കും അവൻ. അവൻ ആരെന്നോ, ഏത് ഭൂവിഭാഗത്തിൽ ജനിച്ചവനെന്നോ, അവന്റെ നിറമെന്തെന്നോ, അവന്റെ വേഷയാടകളെങ്ങനെയെന്നോ, അവന്റെ രൂപപ്പൊലിമ എവ്വിധമെന്നോ ഒന്നും പ്രശ്നമല്ല, ചോദ്യമില്ല, അതിന്നു പ്രസക്തിയുമില്ല. വ്യക്തിയല്ല, വ്യക്തി നയിക്കുന്ന ജീവിതമാണ് പ്രധാനം എന്നർത്ഥം. ജീവിതത്തിൽ വ്യക്തി അനുഷ്ഠിക്കുന്ന സൂക്ഷ്മതയാണ് വ്യക്തിയുടെ പവിത്രതയേയും വിശിഷ്ടതയേയും അളക്കുന്ന മാനദണ്ഡം.

ഈ സൂക്ഷ്മത എങ്ങനെ കൈവരുത്താം. നായാടുന്നതിലുള്ള സൂക്ഷ്മത- കൂടുതൽ ഉയരങ്ങളെ പിടിച്ചടക്കുന്നതിനുള്ള സൂക്ഷ്മത- ആഴിയുടെ അഗാധഗർത്തങ്ങളിൽ മുങ്ങി അനുപമമായ മുത്തുകൾ ശേഖരിക്കുന്നതിലുള്ള സൂക്ഷ്മത- വിശ്വപ്രകൃതിയുടെ അനന്തവിസ്തൃതിയിൽ ഊളിയിട്ടു കൂടുതൽ വിജ്ഞാനങ്ങൾ ശേഖരിക്കുന്നതിലുള്ള സൂക്ഷ്മത ഇതാണോ സ്രഷ്ടാവ് ഉദ്ദേശിക്കുന്ന സൃഷ്ടിയിൽനിന്നും പ്രതീക്ഷിക്കപ്പെടുന്ന സൂക്ഷ്മത.

അല്ലെന്ന് എളുപ്പം അറിയാൻ കഴിയും. ലോകം പൂർവ്വയാദൃശ്ചിക സംഭവമല്ല. അത് ദൈവത്തിന്റെ സൃഷ്ടിയാണ്. മനുഷ്യരും ദൈവത്തിന്റെ സൃഷ്ടികളാണ്. സൃഷ്ടി സൃഷ്ടിയിൽ നടത്തുന്ന പര്യവേക്ഷണം സ്രഷ്ടാവിന്റെ നേരെയുള്ള പര്യവേക്ഷണമാകുന്നില്ല. സൃഷ്ടിയിൽ നടത്തുന്ന പര്യവേക്ഷണം ജീവപ്രതിഭാസത്തിന്റെ അനിവാര്യമായ ഒരു സ്വഭാവവിശേഷമാണ്. ഈ അനിവാര്യതയുടെ ബഹിർപ്രകടനമാണ് ഉപര്യുദ്ധതങ്ങളായ പ്രവർത്തനങ്ങൾ. ദേഹത്തിന്റെ ഇച്ഛ നിവർത്തിക്കുകയും പലരുടേയും അവരവരുടേയും ആവശ്യങ്ങളുടെ ആഴം നികത്തുകയും ചെയ്യുകയാണവർ. ഇവിടെ അവൻ നിർബന്ധിതനാണ്. നിലനില്പിന്റെ ഭാഗമായി ഇവിടെ അവൻ മാറുകയാണ്. കാര്യകാരണങ്ങളുടെ വലയത്തിലവൻ ചുഴ്ന്ന് നില്ക്കുകയാണ്. സൂക്ഷ്മത എന്ന ഗുണഭാവം ഇവിടെ അക്കാരണത്താൽതന്നെ ബന്ധപ്പെടുത്താവുന്നതല്ല.

സ്രഷ്ടാവുണ്ടെന്ന ബോധവും സൃഷ്ടികളാണ് തങ്ങളെന്ന ഉണ്മയും മനുഷ്യൻ അംഗീകരിക്കുന്നതോടെ അവന്റെ ജീവിതത്തിന് ധന്യാത്മകമായ ഒരു മാറ്റം അനുപേക്ഷണീയമായി വരുന്നു. ആ മാറ്റത്തിന്റെ സജീവമായ ലക്ഷണമാണ് എന്ത്, എന്തിന് എന്ന അന്വേഷണഭാവം.

ഞാൻ എവിടെ നിന്നുവന്നു.
ഞാൻ എന്തിന് വന്നു.
ഞാൻ എങ്ങോട്ട് പോകുന്നു.
ഇക്കാണുന്നതൊക്കെയും നശ്വരമാണോ
അവയോടൊപ്പം ഞാനും നശ്വരനാണോ.

എല്ലാം നശ്വരമാണെങ്കിൽ ഈ ലോക പ്രപഞ്ചത്തിന്റേയും ഇക്കാണുന്ന ജീവജാലങ്ങളുടേയും ദിനം പ്രത്യക്ഷമാകുന്ന അനേകായിരം അത്ഭുതപ്രതിഭാസങ്ങളുടേയും അർത്ഥമെന്താണ്?

എന്തിന് കൃത്യമായ ഒരു കാലയളവിനുശേഷം സൂര്യൻ ഉദിക്കുന്നു. ഉദിച്ച സൂര്യൻ എന്തിനസ്തമിക്കുന്നു. രാത്രിയിൽ- സൂര്യന്റെ അഭാവത്തിൽ ഇരുട്ട് ഭൂമിയെ വിഴുങ്ങുമ്പോൾ എന്തുകൊണ്ട് തരാതരം ജീവജാലങ്ങൾ നിദ്രയിൽ അഭയം തേടുന്നു.

ഭൂമിയുടെ നിത്യവും സത്യവുമായ നിറം അഥവാ

അവസ്ഥ എന്താണ്? അത് ഇരുട്ടാണോ? അത് വെളിച്ചമാണോ? ഇരുട്ടിനെ മായിക്കുന്ന സൂര്യൻ- അതോ സൂര്യനെ ഇരുട്ട് വിഴുങ്ങുകയാണോ. ഇരുട്ടില്ലായിരുന്നുവെങ്കിൽ ഭൂമി എന്നും പ്രകാശിച്ചുകൊണ്ടിരിക്കും. സൂര്യനില്ലായിരുന്നുവെങ്കിൽ ഭൂമി എന്നും ഇരുട്ടിലായിരിക്കും.

അങ്ങനെയിരിക്കുന്നതായ കാലത്ത് ആകാശത്തിന്റെ അനന്തമായ മേലാപ്പത്തിൽനിന്ന് ആർത്തിരമ്പിക്കൊണ്ട് വർഷപാതം വന്നു. എന്തിതെന്ന് മനുഷ്യൻ അത്ഭുതപ്പെട്ടു. മനോഹരമായ ആ നീർത്തുള്ളികളിൽ അവൻ നൃത്തം വെച്ചു. പക്ഷേ, അത് വലുതായി, തുള്ളിക്കൊരുകുടമായി. ഇരവും പകലും അത് പെയ്തു. ഭൂമിയിൽ വെള്ളം നിറഞ്ഞു. നദികൾ കവിഞ്ഞൊഴുകിയപ്പോൾ മനുഷ്യൻ ഭയന്നു.

കാറ്റിന്റേയും അവസ്ഥ അതുതന്നെ. ചെറിയ കാറ്റും കുളിർകാറ്റും മനുഷ്യൻ സ്വാഗതം ചെയ്തു. മരം കോച്ചുന്ന തണുപ്പുകാറ്റും ശക്തിക്ഷയമുണ്ടാക്കുന്ന ചൂടുകാറ്റും മനുഷ്യൻ ഭയന്നു. കാറ്റ് ഭീകര രൂപം കൊള്ളുമ്പോൾ അവൻ എങ്ങെന്നില്ലാതെ ഓടി.

അപ്പോൾ മനുഷ്യന്റെ ദർശനത്തിൽ- കാണുന്ന കാഴ്ചയിൽ അമ്പരപ്പിക്കുന്ന പലതുമുണ്ടെന്ന് വന്നു. അനന്തമായ നന്മയും അഗാധമായ തിന്മയും അതിൽ അടങ്ങിയിരിക്കുന്നതായും അവൻ കണ്ടു. അനുഗ്രഹത്തിന്റെ പ്രഭവസ്ഥാനം അഭിശപ്തമായി മാറുന്നതവൻ നോക്കിനിന്നു. ഒന്ന് ഒന്നിനെ വിഴുങ്ങുന്നു. ഒന്ന് ഒന്നിനെ അസ്തപ്രഭമാക്കുന്നു, ഗുണത്തെ ദോഷം- ദോഷത്തെ ഗുണം.

ഒന്നും അധികം നിൽക്കുന്നില്ല. കണ്ടുകണ്ടിരിക്കുമ്പോൾ കാണാതാവുന്ന അവസ്ഥ. ആ അവസ്ഥ അനുഗ്രഹത്തിന്റെ അവസ്ഥയാവാം. ദുരവസ്ഥയുമാകാം. പാഠം, ഒന്നും ശാശ്വതമല്ലെന്നതുതന്നെ.

ജീവിതമെന്ന താനും ഗുണദോഷങ്ങളുടെ ഏറ്റവും ചെറുതും എന്നാൽ ഏറ്റവും മനോഹരവുമായ ഒരു ഉദാഹരണമാണെന്ന് വരുന്നു.

തനിയ്ക്ക് സ്നേഹിക്കാൻ കഴിയുന്നു. തനിയ്ക്കു ദ്വേഷിക്കാൻ കഴിയുന്നു. തനിയ്ക്ക് തച്ചുടക്കാൻ കഴിയുന്നു. തനിയ്ക്ക് ഉടച്ചുവാർക്കാൻ കഴിയുന്നു.

പക്ഷേ, തനിയ്ക്ക് കഴിയാത്തതുണ്ട്. കഴിയാത്തതിന്റെ മറവിൽ കഴിയുന്നതൊക്കെയും നിസ്സാരമാണ്. കഴിയാത്തതിന്റെ മുമ്പിൽ കഴിവുകളൊക്കെയും നിർഗുണങ്ങളാണ്.

ഇവിടെ കണ്ണ് തുറന്നു ചുറ്റും നോക്കി താനാരെന്ന ആദ്യത്തെ ചോദ്യം അവൻ ചോദിക്കുന്നു. ഒരിടിവെട്ടുപോലെ, ഒരു വിദ്യുൽപ്രവാഹംപോലെ ഒരു വർഷപാതംപോലെ 'അനേകം സൃഷ്ടികളിൽ ഒരു സൃഷ്ടിയാണ് നീ' എന്ന ഉത്തരം ആ അന്വേഷണത്തിന് ലഭിക്കുന്നു.

ഇവിടെ ഞാനും നീയും കടന്നുവരുന്നു. ആരാണ് നീ? നിന്നെ സൃഷ്ടിച്ചവൻ. എന്തിനെന്നെ സൃഷ്ടിച്ചു?

ഈ ഭൂമിയെ സൃഷ്ടിച്ചതുകൊണ്ട്, ഇതിൽ തരാതരം ജീവജാലങ്ങളെ സൃഷ്ടിച്ചതുകൊണ്ട് സൃഷ്ടിയുടെ ഏറ്റവുമൊടുവിൽ ഒടുവിലത്തെ സൃഷ്ടിയായി നീ സൃഷ്ടിക്കപ്പെട്ടു. എങ്കിലും എന്തിനെന്നെ സൃഷ്ടിച്ചു. ഒരലയായി, ഒരലകടലായി ആ ചോദ്യം ഇരമ്പിവന്നു. ഉത്തരം ഒരലയായി, ഒരലകടലായി മനസ്സിൽ കടന്നുവന്നില്ല. നീ ചിന്തിക്കുക.

അന്വേഷണ ഭാവത്തോടൊപ്പം അവൻ ചിന്തിച്ചു. അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ ഈ ലോകഗോളത്തിൽ താനെന്തിനുവന്നു? സ്ഥായിയായ ഗുണങ്ങളോ സ്ഥായിയായ ബന്ധങ്ങളോ ഇവിടെയില്ല. മരണത്തിന്റെ ഭീഷണിയിൽ സുഖങ്ങൾ വെറും സോപ്പുകുമിളകളായി മാറുകയും തന്റേതെന്നവകാശപ്പെടുന്ന ബന്ധങ്ങൾ താനടക്കം സൃഷ്ടിചേതനയായിത്തീരുകയും ചെയ്യുന്നു. സുഖത്തിന് പ്രസക്തിയില്ലെങ്കിൽ പ്രസക്തിയുള്ളത് മറ്റൊന്നിനാണ്. എന്തിനായിരിക്കണം താൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഈ സുഖങ്ങളുടെ അവലോകനം ഒരു കാര്യം സ്പഷ്ടമാക്കുന്നു.

സുഖം എന്നത് ഭൗതികമാണ്. ഭൗതികമായതിൽ സുഖം കണ്ടെത്തുമ്പോഴാണ് ആ സുഖത്തെ ആസ്വദിക്കാൻ കഴിയുന്നത്. ഇഷ്ടമുള്ളത് അനുഭവിക്കുക എന്നത് സുഖത്തിന്റെ ഭാഷ്യവും സുഖത്തിന്റെ ഭാഗവുമാണ്. ആസ്വദിക്കാൻ കഴിയുന്നു എന്നു മാത്രമല്ല അതാസ്വദിക്കാൻ കഴിയുന്നവിധത്തിൽ കാര്യങ്ങൾ ക്രമീകരിക്കാൻ ഭൗതികമനസ്സ് ബദ്ധപ്പെടുകയും ചെയ്യുന്നു.

ഭൗതിതമല്ലാത്ത സുഖം അത് സുഖമല്ല. സുഖത്തിന്റെ ഊഷ്മളത അതിന്നില്ല. അതിന്ന് ശാന്തി എന്നു പറയാം. അത്രയും പ്രശാന്തമാണ് അതിന്റെ ചിന്ത തന്നെയും. അത് അതുകൊണ്ടുതന്നെ ദേഹവുമായി ബന്ധപ്പെടുന്നതല്ല. ഭൗതികമല്ല. അത് ദേഹിയുമായി ബന്ധപ്പെട്ടതാണ്; അത് ആത്മീയമാണ്.

ഇവിടെ ദേഹവും ദേഹിയും കടന്നുവരുന്നു. അഥവാ ശരീരവും ആത്മാവും. എന്താണ് ശരീരം. ശരീരത്തെ നാം കാണുന്നു. കൈകൾ, കാലുകൾ, കണ്ണുകൾ, മറ്റവയവങ്ങൾ ഇവയൊക്കെയും ശരീരത്തിന്റെ ഭാഗങ്ങളാണ്. ശരീരത്തിന്റെ വിളികളും നാം കേൾക്കുന്നു. ഭക്ഷ്യപേയങ്ങൾ- വസ്ത്രധാരണവും അവയ്ക്കുദാഹരണങ്ങളാണ്. ആത്മാവോ അത് അരൂപമാണ്. എങ്കിലും ആത്മാവിനെ നാം അറിയുന്നു. അകത്തെവിടെയോ ഇരുന്ന് അരുതെന്ന് ശാസിക്കുന്ന ഒരു ശക്തി.

അരുതെന്ന് മാത്രമാണോ. അല്ല. അരുതെന്ന ശബ്ദമാണ് പലപ്പോഴും ആത്മാവിൽ നിന്നുയർന്നു കേൾക്കുന്നത്. ഈ ശബ്ദം അഥവാ ഈ ശബ്ദത്തിന്റെ ഉറവിടം അത് ആരംഭത്തിൽത്തന്നെ ശരീരത്തിന്നകത്തുണ്ട്. ശരീരം ആത്മാവിന്റെ ജനയിത്രിയാണെന്ന സിദ്ധാന്തവുമുണ്ട്.

വിശുദ്ധഖുർആനിൽ പറയുന്നു: "പിന്നെ, ഗർഭാ

ശയത്തിൽ രൂപപ്പെട്ടുവന്ന മാംസപിണ്ഡത്തെ നാം മറ്റൊരു മാതൃകയിൽ രൂപീകരിച്ച് ആത്മാവെന്ന ഒരു സൃഷ്ടിയെ വെളിപ്പെടുമാറാക്കുന്നു. അതുല്യനായി സൃഷ്ടികർത്താവായിരിക്കുന്ന അല്ലാഹു വാഴ്ത്തപ്പെടുന്നവനത്രെ" (23:15).

വിശുദ്ധഖുർആന്റെ പാഠമനുസരിച്ച് ആത്മാവ് ആദിയിൽത്തന്നെ ശരീരത്തോട് ചേർന്നുനില്ക്കുന്നു. ബീജത്തിൽ ആത്മാവുണ്ട്. അതിന്റെ വളർച്ചയോടൊപ്പം ആത്മാവും വളർന്നു. കുഞ്ഞായി ബീജം പുറത്തുവരുമ്പോൾ ആത്മാവും അതോടൊപ്പം പുറത്തുവരുന്നു.

ഈ ആത്മാവ് സംശുദ്ധമല്ല. അശുദ്ധവുമല്ല. അത് വികസ്വരവുമല്ല. അസംസ്കൃതമായ ആത്മാവാണിതെന്ന് പറയാം.

ശരീരവും സംശുദ്ധമല്ല. അശുദ്ധവുമല്ല. ആത്മാവിൽനിന്നുള്ള വെളിച്ചം ശരീരത്തിലെത്തുന്നുമില്ല. ആത്മാവിന് വെളിച്ചമോ? ആത്മാവിന്റെ ഉദ്ധാരണം പ്രശാന്തമായ ഒരവസ്ഥാവിശേഷത്തിന്റെ ഫലമാണ്. അത് വെളിച്ചമായി മാറുന്നു. ആ വെളിച്ചം ശരീരത്തിലൂടെ പുറത്തെത്തുമ്പോൾ മനുഷ്യരായ മനുഷ്യരെല്ലാം അത്ഭുതാദരവോടെ പറഞ്ഞുപോകുന്നു: ഇതാ ഒരു യോഗിവര്യൻ.

മനുഷ്യന് മൂന്നവസ്ഥകളുണ്ട്. ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം. ശരീരത്തെ സംബന്ധിച്ചത് ശാരീരികം. ഇവിടെ മറ്റ് ചോദ്യങ്ങളോ മറ്റു ഭാഷ്യങ്ങളോ ഇല്ല. ധാരാളമായി തിന്നുകയും ധാരാളമായി കുടിക്കുകയും ധാരാളമായി ഉറങ്ങുകയും ചെയ്യുക. ഇച്ഛയ്ക്കും ശക്തിക്കും ഒത്ത് ജീവിതത്തെ ആസ്വദിക്കുക. ധാർമ്മികം എന്നു പറയുമ്പോൾ അവസ്ഥയിൽ മാറ്റം വരുന്നു. തിന്നുക-കുടിക്കുക-ഉറങ്ങുക എന്നതിന് അമിതപ്രാധാന്യം കല്പിക്കപ്പെടുന്നില്ല. ജീവിതത്തിന് മറ്റു ചില ഉദ്ദേശ്യങ്ങളുണ്ടെന്ന ചിന്തയും ആ ചിന്തയുടെ വഴിക്കുള്ള അന്വേഷണവും ഈ ഘട്ടത്തിൽ മനുഷ്യരിൽ സ്വാധീനം ചെലുത്തുന്നു. സ്രഷ്ടാവുമായി സമ്പർക്കം പുലർത്തുവാനുള്ള മോഹം ഈ അവസ്ഥയുടെ പ്രകടമായ ലക്ഷണമാണ്. മൂന്നാമത്തെ അവസ്ഥയായ ആദ്ധ്യാത്മികാവസ്ഥയിലെത്തുമ്പോൾ ഇപ്പോൾ പറഞ്ഞ മോഹം ഉൽക്കടമായ ദാഹമായി മാറുന്നു. ആ ദാഹം ശമിക്കുകയും പ്രശാന്തമായ ഒരവസ്ഥയിലെത്തുകയും ചെയ്യുന്നു.

ഈ മൂന്നവസ്ഥകൾ വിശുദ്ധഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്.

ദോഷപ്രവണമായ ആത്മാവ് ആദ്യഘട്ടത്തിൽ മനുഷ്യനെ ശരീരവുമായി ബന്ധപ്പെടുത്തുന്നു. അഥവാ ആത്മാവിന്റെ ബന്ധം ശരീരത്തിൽ പരിമിതപ്പെടുത്തുന്നു. സ്വയംശാസകാത്മാവ് രണ്ടാം ഘട്ടത്തിൽ മനുഷ്യനെ ധാർമ്മികമായി ഉയർത്തുന്നു. ഇവിടെ മനുഷ്യന്റെ ഒറ്റ്വൊരു നടപടിയും ചോദ്യം ചെയ്യപ്പെടുന്നു. അപഗ്രഥിക്കപ്പെടുന്നു. ജാഗരൂകമായ ഒരാത്മാവിനെയാണ് ഇവിടെ കണ്ടെത്താൻ കഴിയുക.

ആദ്യഘട്ടത്തിൽ ദോഷപ്രവണമായ ആത്മാവ് അടുത്തഘട്ടത്തിൽ ജാഗരൂകമായ ആത്മാവായി മാറുന്നു. മൂന്നാംഘട്ടത്തിൽ അത് ശാന്തിയെ പ്രാപിക്കുന്ന ആത്മാവായി മാറുന്നു. ഈ ഘട്ടത്തിലാണ് ആദ്ധ്യാത്മീകം എന്നു പറയുന്നത്.

ഇവിടെ മനുഷ്യരുടെ മൂന്നവസ്ഥകൾ പറഞ്ഞു. അഥവാ ആത്മാവിന്റെ മൂന്നു ഭാവങ്ങൾ അപഗ്രഥിച്ചു. എങ്ങനെ ഒരവസ്ഥയിൽനിന്നും മറ്റൊരവസ്ഥയിൽ മനുഷ്യനെത്തുന്നു. പ്രമാദമായ ഈ ചോദ്യത്തിന്റെ ഉത്തരമാണ് പ്രവാചകന്മാർ എന്നത്.

ലോകമുണ്ടായപ്പോൾ മനുഷ്യരുണ്ടായി. മനുഷ്യരുണ്ടായപ്പോൾ മനുഷ്യർ ജീവിച്ചുതുടങ്ങി. കിട്ടിയതെടുത്തും കണ്ടതിൽ കൈവെച്ചും ചിട്ടയില്ല, അടുക്കില്ല, ഉദ്ദേശ്യമില്ല, ലക്ഷ്യവുമില്ല.

ദോഷപ്രവണമായ ആത്മാവായിരുന്നു മനുഷ്യനെ നയിച്ചിരുന്നത്. ഈ ആത്മാവിന്റെ സംശുദ്ധിക്കായി മനുഷ്യർക്കിടയിൽനിന്ന് തീക്ഷ്ണമായ ശബ്ദമുണ്ടായി. പ്രവാചകന്മാരുടെ പ്രബോധനമായിരുന്നു അത്. അരുതെന്ന ശബ്ദമായിരുന്നു അത്. ഈ ശബ്ദം അഥവാ ഈ പ്രബോധനം ദോഷപ്രവണമായ ആത്മാവിന്റെ മുന്നോട്ടുള്ള ഗതിയെ നിയന്ത്രിച്ചു. ശബ്ദത്തിന്റെ സ്വാധീനം ഏറിവരുന്നതോടെ ജഗാരൂകമായ ഒരാത്മാവായി അത് രൂപംകൊള്ളുന്നു. തെറ്റും ശരിയും അപഗ്രഥിച്ചറിയാൻ ഈ ഘട്ടത്തിൽ മനുഷ്യർക്ക് കഴിവുണ്ടാകുന്നു. ശരി ചെയ്യുമ്പോൾ ആത്മാവ് ഉൾപുളകം കൊള്ളുന്നു. തെറ്റ് ചെയ്യുമ്പോൾ ആത്മാവ് സ്വയമേവ ശാസിക്കുന്നു. തെറ്റിൽനിന്നും പൂർണ്ണമായ വിമുക്തി ഈ ഘട്ടത്തിൽ കൈവരുന്നില്ല. എങ്കിലും തെറ്റെന്ന സങ്കല്പത്തിൽ സ്വയം ശാസിതനായി മാറുന്ന അവൻ ഇനി തെറ്റ് ചെയ്യുകയില്ലെന്ന നിശ്ചയത്തിൽ മുന്നോട്ടു നീങ്ങുന്നു. ശരിയിലെത്തുമ്പോൾ, ശരിയിൽ മാത്രമായിത്തീരുമ്പോൾ ആത്മാവ് സമുന്നതപദവിയെ അലങ്കരിക്കുന്നു. സമുന്നതഭാവം കൈക്കൊള്ളുന്നു. ഈ സമുന്നതഭാവം തൃപ്തിയുടെ ഭാവമായിത്തീരുന്നു. തൃപ്തി സമാധാനം സ്ഥാപിക്കുന്നു. ശാന്തി കൈ വരുത്തുന്നു. പ്രവാചകന്മാരുടെ ലക്ഷ്യം ഇതായിരുന്നു.

പഴയ കാലങ്ങളും അവരുടെ ജീവിതചര്യകളും അവരുടെ ഉപദേശങ്ങളും ഇതിന്നുദാഹരണങ്ങളാണ്. മുൻകഴിഞ്ഞ പ്രവാചകന്മാരെല്ലാം വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത ദേശങ്ങളിൽ വ്യത്യസ്ത സമൂഹങ്ങൾക്കിടയിൽ പ്രബോധകരായി എഴുന്നേല്പിക്കപ്പെട്ടു. എന്നാൽ, സ്ഥലകാലഭേദമന്യെ മനുഷ്യരാശിയുടെ പ്രവാചകനായി നിയോഗിക്കപ്പെട്ട പ്രവാചകവരേണ്യനാണ് ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനി.

(*സത്യദൂതൻ, 1986, ഒക്ടോബർ*)

അശ്റഫ് അലി സിദ്ദീഖ്

# നമസ്കാരവും ആരോഗ്യവും

ഇസ്ലാമിനെ അല്ലാഹു ഒരു സമ്പൂർണ്ണമതമാക്കുകയും സർവ്വസമ്പൂർണ്ണമായ ഒരു ജീവിതമാർഗ്ഗരേഖ അത് മാനവകുലത്തിന് സമർപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ മനുഷ്യന്റെ ശാരീരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ എല്ലാ ആവശ്യങ്ങളും അത് പരിഗണിക്കുകയും ആ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

മനുഷ്യസൃഷ്ടിപ്പിന്റെ പരമമായ ലക്ഷ്യം ദൈവത്തിന്റെ യഥാർത്ഥ ദാസരായിത്തീരുകയെന്നതാണ്. മനുഷ്യന്റെ ആത്മീയോന്നതിക്കുള്ള സകല മാർഗ്ഗങ്ങളെക്കുറിച്ചും വിശദമായ രീതിയിൽ ഇസ്ലാം പ്രകാശം വീശുന്നതോടൊപ്പം അത് മനുഷ്യശരീരത്തെ മനുഷ്യാത്മാവിന് കുടികൊള്ളാനുള്ള ഒരു ചട്ടക്കൂടായി ചിത്രീകരിക്കുകയും ചെയ്യുന്നു. ആരോഗ്യമുള്ള ആത്മാവിന് ആരോഗ്യമുള്ള ശരീരം ആവശ്യമാണ്. ആത്മാവിന്റെ ആവശ്യങ്ങളും ശരീരത്തിന്റെ ആവശ്യങ്ങളും തമ്മിൽ ഇസ്ലാം വകതിരിവ് കല്പിക്കുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

''മനുഷ്യന്റെ ശാരീരികാവസ്ഥയെ അവന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ അവസ്ഥകളെ പോഷിപ്പിക്കുന്ന വിധത്തിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. ഈ എല്ലാ അവസ്ഥകളും ധാർമ്മികഗുണങ്ങളായി പരിണമിക്കപ്പെടുന്നു. അത് ആദ്ധ്യാത്മികതക്ക് ശക്തമായ പ്രേരകമായിത്തീരുകയും ചെയ്യുന്നു. ഇതുകൊണ്ട് തന്നെയാണ് എല്ലാ ആരാധനകളിലും ആത്മവിശുദ്ധി കൈവരിക്കുന്നതിലും ഏകാഗ്രചിത്തതയ്ക്കും ബാഹ്യമായ ശുചിത്വവും അംഗവിന്യാസക്രമവും സന്തുലനവും വേണമെന്ന് വിശുദ്ധഖുർആൻ നിഷ്കർഷിക്കുന്നത്. ബാഹ്യമായ കർമ്മങ്ങൾക്ക് ആത്മാവിനെ സ്വാധീനിക്കാൻ സാധിക്കുന്നുണ്ടെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ബാഹ്യേന്ദ്രിയങ്ങൾ മുഖേന നമ്മൾ ചെയ്യുന്ന ചേഷ്ടകൾ ആത്മാവിന്റെ അവസ്ഥയെ സ്വാധീനിക്കുന്നതായി ബോധ്യമാകുന്നതാണ്. ഉദാഹരണത്തിന് നാം കരയാൻ തുടങ്ങുമ്പോൾ- അത് കൃത്രിമമായിട്ടായാലും കണ്ണിൽനിന്ന് കണ്ണീർ പൊഴിയാൻ തുടങ്ങുകയും അതുമുഖേന ഒരു വികാരം ഹൃദയത്തെ സ്വാധീനിക്കുകയും ഹൃദയം ആ കരച്ചിലിന്റെ പ്രതികരണമെന്നോണം ശോകപൂർണ്ണമായിത്തീരുകയും ചെയ്യുന്നു. ഇനി കൃത്രിമമായി ചിരിക്കുകയാണെന്നിരിക്കട്ടെ അപ്പോൾ അത് ഹൃദയത്തിൽ സന്തോഷത്തിന് കാരണമായിത്തീരുന്നു. ഇതുപോലെ ബാഹ്യമായ സ്രഷ്ടാവും ആത്മാവിനെ വിനയാന്വിതമാക്കുന്നതും കാണാം. (ഇസ്ലാമീ ഉസൂൽ കീ ഫിലാസഫി)

ഈ കാരണംകൊണ്ടാണ് ഇസ്ലാമിലെ ആരാധനാകർമ്മങ്ങളായ നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയവയെ ബാഹ്യമായ കർമ്മങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഈ കർമ്മങ്ങളുടെ ആത്യന്തികഫലം ആത്മീയഗുണം ലഭിക്കുക എന്നതുതന്നെയാണ്. ശുദ്ധി, വിശ്വാസത്തിന്റെ പകുതിയാണെന്ന് ഹദീസിൽ പറയാനുള്ള കാരണവും ഇതുതന്നെ.

ആരോഗ്യരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ച ഇക്കാലത്ത് വലിയ പ്രശ്നമായിത്തീർന്നിരിക്കുകയാണ്. അന്തരീക്ഷമലിനീകരണം ഇന്ന് ലോകത്തെ സങ്കീർണ്ണതയിലേക്കാണ് കൊണ്ടുപോകുന്നത്. ആത്മാവിനോടൊപ്പം ശരീരവും ഇന്ന് രോഗാതുരമാണ്. മാലിന്യം ഇന്ന് അന്തരീക്ഷമാകെ അടക്കിവാഴുന്നു. പോഷകാഹാരക്കുറവും അന്തരീക്ഷമലിനീകരണവും ജനങ്ങളെ വിവിധതരം രോഗങ്ങൾക്ക് അടിമയാക്കിയിരിക്കുകയാണ്. രക്തസമ്മർദ്ദം, അമിതവണ്ണം, അമിതമായ കൊഴുപ്പ് മൂലമുള്ള രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ, ഹൃദയരോഗങ്ങൾ തുടങ്ങിയവമൂലം മനുഷ്യൻ ഏറെ ദുഃഖിതനാണ്. ഔഷധങ്ങൾ സുലഭമാണെങ്കിലും മനുഷ്യൻ ദിനംപ്രതി രോഗിയും ബലഹീനനും ക്ഷീണിതനുമായിക്കൊണ്ടിരിക്കുന്നു.

രോഗകാരണങ്ങൾ വിവിധങ്ങളാണെന്ന് വിവരിക്കപ്പെടുന്നുണ്ട്. വ്യായാമകുറവ്, കഠിനാധ്വാനക്കുറവ്, നടക്കുന്നതിലുള്ള കുറവ് ഇവയെല്ലാം കാരണമായി

ചൂണ്ടിക്കാണിക്കപ്പെടുന്നു. ഫാസ്റ്റ് ഫുഡ്ഡും എണ്ണമയമുള്ള ഭക്ഷണങ്ങളുടെ ആധിക്യവും മറ്റുകാരണങ്ങളായി പറയപ്പെടുന്നു. സ്ട്രസ്സ് മാനസിക സംഘർഷത്തിന്റെ ആധിക്യമാണെന്നും സൂചിപ്പിക്കപ്പെടുന്നു.

മുകളിൽ പറഞ്ഞ രോഗങ്ങൾക്ക് അടിമപ്പെട്ടവർ അവരുടെ ജോലിത്തിരക്ക് കാരണം വ്യായാമത്തിനും മറ്റും സമയം കണ്ടെത്താൻ കഴിയാതെ കൂടുതൽ രോഗികളായി മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, ഇതിൽനിന്നുള്ള മോചനമായി അഞ്ചുനേര നമസ്കാരം (മുസ്‌ലിംകൾക്ക് പ്രത്യേകിച്ച്) നിർബന്ധമാക്കിക്കൊണ്ട് ദൈവം മാനവരാശിയോട് വലിയ അനുഗ്രഹമാണ് ചെയ്തിരിക്കുന്നത്. നമസ്കാരം ആത്മാവിന് ഏറെ ഗുണപ്രദമാണെന്നതുപോലെതന്നെ അത് ശരീരത്തിന് വളരെ സന്തുലിതമായ ഒരു വ്യായാമം കൂടിയാണ്. ഈ നമസ്കാരം മുഖേന വൃദ്ധന്മാർക്കും കുട്ടികൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ഫലമെടുക്കാവുന്നതാണ്. ഉയർന്ന വിദ്യാഭ്യാസമുള്ള ഒരു ഹിന്ദുസുഹൃത്ത് തന്റെ അഹ്മദീ സുഹൃത്തിനോട് ഒരിക്കൽ പറയുകയുണ്ടായി. നിങ്ങൾ അഞ്ചുനേരവും കൃത്യമായി ശരിക്കും നമസ്കരിക്കുകയാണെങ്കിൽ പ്രത്യേകമായ മറ്റൊരു വ്യായാമവും ചെയ്യേണ്ട ഒരാവശ്യവും നിങ്ങൾക്കില്ല. ഇന്ന് യോഗയെക്കുറിച്ചുള്ള ചർച്ചയാണ് എവിടെയും. എന്നാൽ, 1400 വർഷങ്ങൾക്കുമുമ്പേതന്നെ മനുഷ്യന്റെ ആരോഗ്യപരിപാലനത്തിനുള്ള പൂർണ്ണമായ വ്യായാമരീതി ഇസ്‌ലാം നമ്മുടെ മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. ഈ രീതി ആത്മാവിനെ പുഷ്ടിപ്പെടുത്തുന്നതോടൊപ്പം ശാരീരികക്ഷമതയെ വർദ്ധിപ്പിക്കുകയും അതിനെ ഓജസ്സുള്ളതാക്കി നിലനിറുത്തുകയും ചെയ്യുന്നു. ഇതിനെക്കുറിച്ചുള്ള അറിവ് ലഭിക്കാൻ നമസ്കാരത്തെക്കുറിച്ച് ഗഹനമായി പഠിക്കേണ്ടിയിരിക്കുന്നു.

നമസ്കാരത്തിന് തയ്യാറെടുക്കുമ്പോൾ ആദ്യം (വുളു) അംഗസ്നാനം വരുത്തേണ്ടത് നിർബന്ധമാണ്. മാലിന്യങ്ങളിൽ നിന്നെല്ലാം സ്വയം മുക്തനായി ഒരാൾ നമസ്കാരത്തിന് നില്ക്കുന്നു. (വുളുവിൽ വായയുടെ ശുചിത്വം, മൂക്കിന്റെ ശുചിത്വം, മറ്റവയവങ്ങളുടെ ശുചിത്വം എല്ലാം ഉൾപ്പെടുന്നു) ഇവയെല്ലാം മനുഷ്യാരോഗ്യത്തിന് വളരെ ഫലപ്രദമത്രെ. വുളു കഴിഞ്ഞ് നമസ്കാരത്തിനായി പള്ളിയിലേക്ക് പോകുന്നു. ഇതിലൂടെ വ്യായാമത്തിന്റെ ലക്ഷ്യം അറിയാതെ അയാൾ നേടുന്നു.

നമസ്കാരത്തിന്റെ ആത്മീയഫലങ്ങളെക്കുറിച്ച് ഞാനിപ്പോൾ ഇവിടെ വിവരിക്കുന്നില്ല. ആത്മീയ ഗുണം വളരെ കൂടുതലാണ് എന്നതിൽ സംശയമില്ല. അതിന്റെ ബാഹ്യഫലങ്ങളെക്കുറിച്ചാണ് ഇതിൽ വിവരിക്കുന്നത്. ഒരു അമുസ്‌ലിമിനുപോലും നമസ്കാരത്തിന്റെ ബാഹ്യമായ ഗുണങ്ങളെക്കുറിച്ച് അറിവ് ലഭിക്കുമ്പോൾ അതിന്റെ ആത്മീയഫലങ്ങളെക്കുറിച്ചും അവൻ അന്വേഷിക്കുന്നതാണ്.

നമസ്കാരത്തിലെ ക്രിയകളായ റുകൂഅ്, സുജൂദ്, ഇരുത്തം, നിവർന്നുനില്ക്കൽ മുതലായവയെക്കുറിച്ച് കൂലങ്കഷമായി ചിന്തിക്കുമ്പോൾ മനുഷ്യശരീരത്തിലെ നാഢീഞരമ്പുകളുടെ നിഗൂഢതകൾ അറിയുന്ന അല്ലാഹു എത്ര സുന്ദരവും കോമളവുമായ ആരാധനാകർമ്മങ്ങളാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നതെന്നോർത്ത് അത്ഭുതപ്പെട്ടുപോകും. ഈ ആരാധനാരീതിമൂലം ആത്മീയദാഹം ശമിപ്പിക്കുന്നതോടൊപ്പം ഒരാൾ തന്റെ ശരീരത്തിന് ആവശ്യമായ വ്യായാമപ്രക്രിയകളും നടത്തി ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ അംഗമാക്കിത്തീർക്കുന്നു.

നമസ്കരിക്കുന്ന ഒരാൾ ഇരുകൈകളും കെട്ടി ആദ്യം അനങ്ങാതെ ഒറ്റത്തടിപോലെ നില്ക്കുന്നു. പിന്നീട് മുട്ട് മടക്കുകയും നിവർത്തുകയും ശരീരത്തെ വളക്കുകയും തിരിക്കുകയും നിവർത്തുകയും എല്ലാം ചെയ്യുന്നു. റുകൂഅ്, സുജൂദ് എന്നിവ ചെയ്യുമ്പോൾ ശിരസ്സ് മുതൽ കാൽപാദംവരെ അവൻ ശരീരത്തെ ചലിപ്പിക്കുന്നു. തല, വയർ, കൈകാലുകളിലെ വിരലുകൾവരെ മടക്കുകയും നിവർത്തുകയും ചെയ്യുന്നു. ഇതിനെല്ലാം പുറമെ ഈ കർമ്മങ്ങളെല്ലാം ചെയ്യുമ്പോൾ ഓരോ സമയത്തും ചില പ്രാർത്ഥനാവചനങ്ങൾ ചൊല്ലാറുള്ളതു കാരണം എല്ലാത്തിനും അല്പം സാവകാശം കൈവരികയും വളരെ സാവധാനത്തിൽ ഓരോന്നും ചെയ്യുകയും ചെയ്യുന്നു.

നമസ്കാരത്തിൽ ധ്യാനനിരതനായിരിക്കണമെന്നും ഒന്നും ധിറുതി പിടിച്ച് ചെയ്യരുതെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു. നമസ്കാരത്തിന്റെ പ്രാരംഭത്തിൽ പറയുന്ന വാക്കുകളൊന്ന് ശ്രദ്ധിക്കുക. 'ആകാശഭൂമികളുടെ സ്രഷ്ടാവിലേക്ക് ഞാനെന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.' വിശുദ്ധഖുർആൻ പറയുന്നു: ധ്യാനനിരതനായി നമസ്കരിക്കാത്തവന് നാശം!

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ തിരുനബി(സ) പള്ളിയിൽ ഇരിക്കുകയായിരുന്നു. ഒരാൾ വന്ന് വേഗം നമസ്കരിച്ച് തിരുനബിയുടെ അടുത്തുവന്ന് സലാം പറഞ്ഞു. തിരുനബി സലാം മടക്കിക്കൊണ്ട് പറഞ്ഞു. 'പോയി നമസ്കരിക്കുക!' അദ്ദേഹം വീണ്ടും വേഗത്തിൽ നമസ്കരിച്ച് തിരുനബിയുടെ അടുത്തുവന്നു. തിരുനബി(സ.അ) വീണ്ടും പറഞ്ഞു. 'താങ്കൾപോയി നമസ്കരിക്കുക. കാരണം താങ്കളുടെ നമസ്കാരം ശരിയായിട്ടില്ല. ഇങ്ങനെ മൂന്ന് പ്രാവശ്യം ആവർത്തിച്ചപ്പോൾ വന്നയാൾ പറഞ്ഞു. ''താങ്കളെ സത്യവുംകൊണ്ട് അയച്ചവനാണെ, ഇതിനേക്കാൾ ഉത്തമമായ നിലയിൽ നമസ്കരിക്കാൻ എനിക്കറിയില്ല. എനിക്ക് നമസ്കാരം

പഠിപ്പിച്ചുതന്നാലും." തിരുനബി(സ) അരുളി: നമസ്കാരത്തിന് നില്ക്കുമ്പോൾ 'അല്ലാഹു അക്ബർ' എന്ന് പറയുക. എന്നിട്ട് നിനക്ക് കഴിയുന്നത്ര വിശുദ്ധഖുർആൻ പാരായണം ചെയ്യുക. തുടർന്ന് ധിറുതി കാണിക്കാതെ ശാന്തമായി റുകൂഅ് ചെയ്യുക. പിന്നെ നേരെ ശരിക്കും നിവർന്ന് നില്ക്കുക. അത് കഴിഞ്ഞാൽ എഴുന്നേറ്റ് ശരിക്കുമൊന്ന് ഇരിക്കുക. വീണ്ടും ശാന്തമായി സുജൂദ് ചെയ്യുക. ഈ രീതിയിൽ നിറുത്തി നിറുത്തി എല്ലാ കർമ്മങ്ങളും പൂർണ്ണമായ രീതിയിൽ അനുഷ്ഠിക്കുക (ബുഖാരി).

തിരുനബി(സ.അ)യുടെ നമസ്കാരരീതിയെക്കുറിച്ച് ഹദ്റത്ത് ആയിശ(റ) പറയുന്നു. "അല്ലാഹു അക്ബർ എന്ന് ചൊല്ലി തിരുനബി(സ) നമസ്കാരം തുടങ്ങും. തുടർന്ന് സൂറഃഫാതിഹായും ഖുർആനിലെ മറ്റു വചനങ്ങളും ഓതും. റുകൂഅ് ചെയ്യുമ്പോൾ തല ഉയർത്തിപ്പിടിക്കുകയോ വല്ലാതെ താഴ്ത്തുകയോ ചെയ്യാതെ പിൻഭാഗത്തിന് സമമായി നിറുത്തുമായിരുന്നു. റുകൂഇൽനിന്നും എഴുന്നേറ്റാൽ നേരെ ശരിയായി നില്ക്കും. പിന്നെ സുജൂദ് ചെയ്യും. സുജൂദിൽനിന്നും എഴുന്നേറ്റ് ശരിക്കും ഒന്ന് ഇരുന്നതിനു ശേഷമേ അടുത്ത സുജൂദ് ചെയ്യുകയുള്ളു. രണ്ട് റക്അത്തിനുശേഷം അത്തഹിയ്യാത്തിന് ശരിയാംവണ്ണം ഇരിക്കും. തന്റെ വലതുകാൽ കുത്തനെ വെക്കുകയും ഇടതുകാൽ വിരിച്ച് അതിന്മേൽ ഇരിക്കുകയും ചെയ്യും. ശൈത്വാനെപോലെ കാലിന്റെ മടമ്പിനു മുകളിൽ ഇരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. സുജൂദിൽ നായ്ക്കളെപ്പോലെ കൈകൾ നിലം ചേർത്ത് വിരിച്ച് കിടക്കുന്നതും ഇഷ്ടപ്പെട്ടിരുന്നില്ല. സലാംവീട്ടി നമസ്കാരം അവസാനിപ്പിക്കലാണ് പതിവ്. (മുസ്നദ് അഹ്മദ്)

ഇക്കാലത്ത് പല രോഗങ്ങളിൽനിന്നും മോചനം നേടുന്നതിനും ആരോഗ്യം നിലനിറുത്തുന്നതിനും വ്യായാമം ഒഴിച്ചുകൂടാൻ പറ്റാത്തതാണെന്ന് ടിവി പരിപാടികളിലും പത്രങ്ങളിലും നാം കാണുന്നതാണ്. വിവിധ രീതിയിലുള്ള വ്യായാമ മുറകളും വ്യത്യസ്ത ആസനരീതികളുടെ ചിത്രങ്ങളും മെഡിക്കൽ മാഗസിനുകളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. യോഗയാണ് എല്ലാത്തിനേക്കാളും ഉത്തമം എന്നും പറയാറുണ്ട്. ജീവനകലകളുടെ വ്യത്യസ്ത രൂപങ്ങൾ ലോകസമക്ഷം സമർപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

എന്നാൽ, ഇന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന രീതികൾ എല്ലാവർക്കും പ്രായോഗികമല്ലെന്ന് മാത്രമല്ല ചിലത് വളരെ വിചിത്രം കൂടിയാണ്. ഉദരത്തെ വൃത്താകൃതിയിൽ ചലിപ്പിക്കുക, നെഞ്ച് വിറപ്പിക്കുക, വെള്ളം നല്ലതുപോലെ കുടിച്ചതിനുശേഷം ഒരു കുഴലിട്ട് ആ വെള്ളമെല്ലാം പുറത്തേക്ക് കളയുക, തലകുത്തിനിൽക്കുക തുടങ്ങിയവ. ഇതുകൊണ്ടുണ്ടാകാവുന്ന ഗുണത്തെ നിഷേധിക്കുന്നില്ല. എങ്കിലും സ്ത്രീകളും കുട്ടികളും രോഗികളും വൃദ്ധരും എല്ലാം ഉള്ള ഒരു പ്രബുദ്ധസമൂഹത്തിലെ എല്ലാവർക്കും ഇതെല്ലാം നിർവ്വഹിക്കാൻ ഒരിക്കലും കഴിയില്ല.

മാതൃഭൂമി ദിനപത്രത്തിൽ ഡോക്ടർ ആർ. രാമൻനമ്പൂതിരിയുടെ ഒരു ലേഖനം അടുത്തകാലത്ത് വന്നിരുന്നു. അതിന്റെ ചുരുക്കമിതാണ്. ഒരു യൂനിവേഴ്സിറ്റിയിൽ 7 പുരുഷന്മാരേയും 11 സ്ത്രീകളേയും ഒരു പരീക്ഷണത്തിന് വിധേയരാക്കി. ആദ്യമായി എല്ലാവരേയും കുറച്ച് ദിവസം അരമണിക്കൂർ തുടർച്ചയായി വ്യായാമം ചെയ്യിക്കുകയും തുടർന്ന് അവരുടെ രക്തം പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു.

പിന്നീട് കുറച്ചു ദിവസം 10 മിനിറ്റ് വെച്ച് ഒരു ദിവസംതന്നെ മൂന്ന് പ്രാവശ്യം വ്യായാമം ചെയ്യിച്ചു. എന്നിട്ട് രക്തം പരിശോധനയ്ക്ക് വിധേയമാക്കി. പിന്നീട് കുറച്ചുദിവസം വ്യായാമം ഒന്നും ചെയ്യിക്കാതെ അവരുടെ രക്തം പരിശോധനയ്ക്ക് വിധേയമാക്കി. ഈ മൂന്ന് രീതിയിലുള്ള രക്തപരിശോധനയിൽനിന്നും വെളിപ്പെട്ടത് ഒരുദിവസം മൂന്ന് വ്യത്യസ്ത സമയങ്ങളിൽ ചെയ്ത വ്യായാമമാണ് ശരീരത്തിന് ഏറ്റവും ഗുണകരമെന്നും കൊളസ്ട്രോൾ ഒഴുകിപ്പോകുന്നതിന് ഏറ്റവും ഉത്തമം എന്നുമായിരുന്നു.

ഈ റിപ്പോർട്ട് നിങ്ങൾ നമസ്കാരവുമായി ബന്ധിപ്പിച്ചുനോക്കൂ. ഒരു മുസ്ലിം ചുരുങ്ങിയത് ഒരു ദിവസം അഞ്ചുനേരം നമസ്കരിക്കുന്നു. ഒരു നമസ്കാരത്തിന് ചുരുങ്ങിയത് പത്ത് മിനിറ്റെങ്കിലും വേണം. അതുകൊണ്ട് ഈ നമസ്കാരം മുഖേന ആത്മീയപുരോഗതി കൈവരിക്കുന്നതോടൊപ്പം ശാരീരികക്ഷമതയും നമുക്ക് കൈവരിക്കാൻ സാധിക്കുന്നു. ഈ രീതിയിലുള്ള നമസ്കാരക്രമം പഠിപ്പിച്ച ദൈവം എത്രമാത്രം കാരുണ്യമാണ് നമ്മോട് ചെയ്തിരിക്കുന്നത്!

എന്നാൽ, ഏറെ ദുഃഖകരമെന്ന് പറയട്ടെ, മുസ്ലിംകൾക്ക് നൽകപ്പെട്ട ഈ ദൈവികാനുഗ്രഹത്തെ അവർ വിലമതിക്കാതെ മറ്റു സ്ഥലങ്ങളിൽ ഓടിനടന്ന് തങ്ങളുടെ ആനന്ദവും ആരോഗ്യവും അന്വേഷിക്കുകയാണ്.

എന്റെ വ്യക്തിപരമായ കാഴ്ചപാട് ഞാൻ ഇവിടെ വിവരിക്കട്ടെ. നമസ്കാരത്തിൽ ചെയ്യപ്പെടുന്ന ഓരോ കർമ്മവും എക്സറേ സ്കാനിംഗ് മിഷീൻ മുഖേന മോണിറ്ററിൽ ചെയ്യുകയാണെങ്കിൽ മറ്റാർക്കും സമർപ്പിക്കാൻ കഴിയാത്ത രീതിയിലുള്ള ഫിസിക്കൽ എക്സർസൈസിന്റെ വ്യക്തമായ ഒരു രൂപം ലോകത്തിന്റെ മുമ്പിൽ വരുന്നതായിരിക്കും. നമസ്കാരം പഠിപ്പിക്കുന്ന രീതി സമൂഹത്തിലെ എല്ലാ കിടയിലുള്ളവർക്കും പ്രായോഗികവത്കരിക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഇത് എല്ലാവർക്കും അനുകരണീയവുമാണ്.

●

എം. അബ്ദുൽബശീർ

# അലനെല്ലൂരിൽ പുതിയ പള്ളി

**അ**ലനെല്ലൂർ: കണ്ണംകുണ്ടിൽ നിർമ്മിച്ച അഹ്മദിയ്യാ മുസ്‌ലിം മസ്ജിദ്, അഹ്മദിയ്യാ ജമാഅത്തിന്റെ അഖിലേന്ത്യാ പ്രചാരണ കാര്യദർശി മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് 24.2.07-ന് ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് ഉദ്ഘാടനം ചെയ്തു. പള്ളിയുമായി എപ്പോഴും സുദൃഢബന്ധം നിലനിറുത്താനും പള്ളിയെ എപ്പോഴും ജനനിബിഢമാക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. ഭൂമിയിൽ നമുക്കായി വീടുണ്ടാക്കുമ്പോൾ നാം സന്തോഷിക്കുകയും, വീടിനെ സുന്ദരമാക്കുകയും, മോടിപിടിപ്പിക്കുകയും ചെയ്യുന്നതുപോലെ, ഭൂമിയിൽ അല്ലാഹുവിനുവേണ്ടി ഭവനം ഉണ്ടാക്കുമ്പോൾ അല്ലാഹു തൃപ്തിപെടുകയും സ്വർഗ്ഗത്തിൽ നമുക്കൊരു വീടുണ്ടാക്കുകയും ചെയ്യുന്നു. പള്ളി നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാവർക്കുവേണ്ടിയും അദ്ദേഹം ദുആ ചെയ്തു.

പള്ളി ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന മതമൈത്രി സമ്മേളനത്തിൽ പാലക്കാട് മേഖലാ അമീർ പ്രൊഫസർ അബ്ദുൽകരീം സാഹിബ് അധ്യക്ഷത വഹിച്ചുകൊണ്ട് പറഞ്ഞു. ''യഥാർത്ഥമായ ദൈവബന്ധം ഇല്ലാത്തതാണ് മതങ്ങളിൽനിന്ന് മനുഷ്യൻ അകന്നുനിൽക്കാനും അവന് അഭിരുചി നഷ്ടപ്പെടാനും കാരണം. ഒരുഭാഗത്ത് മതത്തിന്റെ അദ്ധ്യാപനങ്ങളിൽനിന്ന് വ്യതിചലിച്ച് ഭീകരവാദത്തിലേക്കും തീവ്രവാദ സംസ്കാരത്തിലേക്കും ലോകം നീങ്ങുമ്പോൾ, മറുഭാഗത്ത് അല്ലാഹുവിലും ലോകത്ത് വന്ന എല്ലാ പ്രവാചകന്മാരിലും വിശ്വസിച്ചും എല്ലാ മതങ്ങളോടും പരസ്പരം സ്നേഹവും സഹിഷ്ണുതയും പ്രകടിപ്പിച്ചും കൊണ്ടുള്ള വിശാലമായ സംസ്കാരമാണ് അഹ്മദിയ്യാ ജമാഅത്ത് വിഭാവനം ചെയ്യുന്നത്. എല്ലാ മതവിശ്വാസികൾക്കും വേണ്ടിയാണ് ഈ പള്ളിയുടെ വാതിലുകൾ തുറന്നിടുന്നത്.''

തുടർന്ന് പ്രസംഗിച്ച ഫാദർ ജസ്റ്റിൻ കോലംകണ്ണി ഈ പള്ളിക്കകത്ത് അല്ലാഹുവിന്റെ സാമീപ്യമുണ്ടെന്നും, എല്ലാ മതസ്ഥർക്കും വേണ്ടി ഈ പള്ളി വിട്ടുകൊടുക്കുന്നുവെന്നുമുള്ള അമീർ സാഹിബിന്റെ വാക്കുകളെ പ്രശംസിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ സഹിഷ്ണുതയെ അദ്ദേഹം പ്രകീർത്തിക്കുകയുണ്ടായി. ദൈവം, മതം എന്നൊക്കെ പറയുന്നത് വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. ഏത് മതത്തിലും ദൈവത്തിലും വിശ്വസിക്കുന്ന ആളായാലും ദൈവികചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, യഥാർത്ഥ മനുഷ്യനായിത്തീരണം. പരസ്പരം സ്നേഹിച്ചുകൊണ്ട് നമ്മുടെ ഹൃദയത്തെ ദേവാലയമാക്കണം. കറുത്തവനെന്നോ വെളുത്തവനെന്നോ വ്യത്യാസം കൂടാതെ അതിലെല്ലാവരേയും പ്രവേശിപ്പിക്കണം. അദ്ദേഹം പറഞ്ഞു.

തുടർന്ന് പ്രസംഗിച്ച ബ്രഹ്മശ്രീ ദാമോദരൻ നമ്പൂതിരി, മതം എന്നാൽ അഭിപ്രായമാണെന്നും, പരസ്പര വിദ്വേഷത്തിന് ഇതിൽ സ്ഥാനമില്ലെന്നും പിഞ്ചുഹൃദയങ്ങളിൽ മതവിദ്വേഷത്തിന്റെ വിത്ത് പാകുന്നത് ഏറ്റവും ഹീനമായ പ്രവർത്തിയാണെന്നും പറഞ്ഞു. ഇതര മുസ്‌ലിം സംഘടനകളിൽനിന്ന് വ്യത്യസ്തമായി വിശാലഹൃദയരായിട്ടുള്ളവർ അഹ്മദികളാണെന്നും അദ്ദേഹം പറഞ്ഞു.

അവസാനമായി പ്രസംഗിച്ച മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ. മനുഷ്യൻ എന്ന പദത്തിന്റെ അറബിവാക്കായ 'ഇൻസാൻ'ന് രണ്ട് സ്നേഹങ്ങളുടെ സമന്വയം എന്നർത്ഥമുണ്ടെന്നും ഒന്ന് ദൈവത്തോടുള്ള കടപ്പാടുകളും, രണ്ടാമത്തേത് സമസൃഷ്ടികളോടുള്ള സ്നേഹവും കടപ്പാടുകളും എന്നതാണെന്നും അഹ്മദിയ്യാ ജമാഅത്ത് ഈ രണ്ട് കാര്യങ്ങളും ഉൾക്കൊള്ളുന്നുവെന്നും അദ്ദേഹം പറഞ്ഞു. എല്ലാ മതങ്ങളുടെയും സാരം ഏകദൈവ വിശ്വാസമാണെന്നും വിവിധ മതഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. മതങ്ങൾ ഒരു ചരടിൽ കോർത്ത മുത്തുമണികൾപോലെ പരസ്പരം സ്നേഹവും സാഹോദര്യവും നിലനിർത്തുമ്പോഴാണ് ലോകത്ത് സമാധാനം സംജാതമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

സമ്മേളനാരംഭത്തിൽ മൗലവി അബ്ദുറഹീം സാഹിബ് ഖുർആൻ പാരായണം നടത്തി. സി. സിറാജുൽമുനീർ മതമൈത്രീഗാനം കേൾപ്പിച്ചു. മൗലവി കെ. ഖമറുദ്ദീൻ സാഹിബ് സ്വാഗതപ്രഭാഷണം നടത്തി. പ്രാദേശിക ജമാഅത്ത് പ്രസിഡന്റ് എം. അബ്ദുൽ

ബശീർ സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. വി.ടി. ബശീർ അഹ്മദ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു. കേരളത്തിലെ വിവിധ ജമാഅത്തുകളിലെ അംഗങ്ങളും, മേഖലാ അമീർമാരും ഭാരവാഹികളും മൗലവിമാരും യോഗത്തിൽ സംബന്ധിച്ചു.

വൈകിട്ട് 3 മണിക്ക് അലനെല്ലൂർ പ്രസ്ക്ലബ്ബിൽ പത്രസമ്മേളനവും നടന്നു. മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബും മൗലാനാ മുഹമ്മദ് ഉമർ സാഹിബും മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

## ചരിത്രപശ്ചാത്തലം

അലനെല്ലൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പൂർവ്വകാലചരിത്രം- ആദ്യകാല അഹ്മദീ സഹോദരീസഹോദരന്മാരുടെ ത്യാഗത്തിന്റെ ചരിത്രം- തീവ്ര നോവുകളുടേയും കദനത്തിന്റേയും ഹൃദയവ്യഥകളുടേയും സഹനത്തിന്റേയും പരീക്ഷണങ്ങളുടേയും സംഭവബഹുലമായ ചരിത്രമാണ്.

1940-കളിൽ ദക്ഷിണമലബാറിലെ ആദ്യത്തെ അഹ്മദിയായ മർഹൂം ജനാബ് വി.ടി. മുഹമ്മദ് സാഹിബ് (മണ്ണാർക്കാട്) മുഖേനയാണ് അലനെല്ലൂരിൽ അഹ്മദിയ്യാ സന്ദേശം എത്തിത്തുടങ്ങിയത്. അലനെല്ലൂർ സ്വദേശിയായ 'സി' എന്ന പേരിൽ നാട്ടിലെങ്ങും അറിയപ്പെടുന്ന മർഹൂം സി. മുഹമ്മദ് സാഹിബാണ് അലനെല്ലൂരിലെ ആദ്യത്തെ അഹ്മദി. അദ്ദേഹം തന്നെയായിരുന്നു അലനെല്ലൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ പ്രസിഡന്റും. അരിക്കുയ്യൻ അഹ്മദ് സാഹിബ് മർഹൂം തന്റെ ഭാര്യയുടെ മാർഗ്ഗം സ്വീകരിച്ച് ബയ്അത്ത് ചെയ്തതോടെ ജമാഅത്തിന്റെ പ്രവർത്തനകേന്ദ്രം അവരുടെ വീടായിത്തീർന്നു. അലനെല്ലൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പിറവിയും ആ വീട്ടിൽനിന്നായിരുന്നു.

ഹദ്റത്ത് മൗലാനാ മർഹൂം ബി. അബ്ദുല്ലാഹ് സാഹിബ്, മൗലാനാ മർഹൂം മുഹമ്മദ് അബുൽവഫാ സാഹിബ്, മൗലാനാ മർഹൂം അഹ്മദ് റശീദ് സാഹിബ് എന്നീ പ്രഥമ മുബല്ലിഗുമാരുടെ സന്ദർശനകേന്ദ്രവും ഈ വീടായിരുന്നു. 1950കളോടെ പല പ്രമുഖ വ്യക്തികളും ജമാഅത്തിൽ ബയ്അത്ത് ചെയ്ത് അംഗങ്ങളായി. മർഹൂം കെ.പി. കുഞ്ഞലവി മൗലവി സാഹിബ്, മർഹൂമ സി. ഫാത്തിമ സാഹിബ, മർഹൂം മൗലവി കെ. അലവി സാഹിബ്, മർഹൂം വി. അബ്ദുല്ലാഹ് സാഹിബ്, മർഹൂം പി. മുഹമ്മദ് സാഹിബ്, ജനാബ് ടി. രായുസാഹിബ്, ജനാബ് കോരത്ത് അബ്ദുസാഹിബ്, മർഹൂം സി. അബ്ദുസാഹിബ്, മർഹൂം എം. ബാപ്പുട്ടി സാഹിബ്, മർഹൂം സി.പി. കുഞ്ഞാപ്പു, മൗലവി സാഹിബ്, ജനാബ് സി. അബ്ദുല്ലാ സാഹിബ്, മർഹൂം എ. അബ്ദുമാസ്റ്റർ സാഹിബ്, മർഹൂം കെ. മുഹമ്മദ് കുഞ്ഞാമുസാഹിബ്, മർഹൂം ടി. കോയണ്ണി സാഹിബ്, മർഹൂം ടി. കുഞ്ഞഹ്മദ്കുട്ടി സാഹിബ്, മർഹൂമ വി. പാത്തോൻകുട്ടി സാഹിബ, മർഹൂമ കെ. കുഞ്ഞായിശ സാഹിബ തുടങ്ങി പലരും.

മർഹൂം അബ്ദുമാസ്റ്റർ സാഹിബ്, കുഞ്ഞാപ്പു സാഹിബ്, കോയണ്ണിസാഹിബ്, കുഞ്ഞഹ്മദ് കുട്ടി സാഹിബ് എന്നിവരുടെ ഒന്നിച്ചുള്ള ബയ്അത്ത് ജമാഅത്തിന് കരുത്തേകി. തുടർന്ന് അരിക്കുയ്യൻവീട്ടിൽ ജുമുഅ തുടങ്ങി. അലനെല്ലൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് രൂപീകരിച്ചു. പ്രഥമ പ്രസിഡന്റായി സി. മുഹമ്മദ് സാഹിബിനെ തിരഞ്ഞെടുത്തു. ഏറെ വൈകാതെതന്നെ പള്ളി നിർമ്മിക്കുവാൻ സ്ഥലത്തിന് വേണ്ടിയുള്ള ശ്രമമായി.

1953-54 കാലഘട്ടത്തിൽ അലനെല്ലൂരിലെ പട്ടലൂർ നമ്പൂതിരിയുടെ പക്കൽനിന്നും ഏതാണ്ട് മൂന്ന് ഏക്കറോളം വരുന്ന സ്ഥലം മിതമായ വിലക്ക് ലഭ്യമായി. നിശ്ചിതവില ജമാഅത്തിന് വേണ്ടി നൽകിയത് മണ്ണാർക്കാട് ജമാഅത്തിലെ മർഹൂം എം.കെ. മുഹമ്മദ് സാഹിബായിരുന്നു. (അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നല്കുമാറാകട്ടെ) ആദ്യകാല അഹ്മദി സഹോദരങ്ങൾ കഠിനാധ്വാനത്തിലൂടെയും താങ്ങാനാവാത്ത സാമ്പത്തികഭാരം ചുമന്നും പള്ളിയുടെ നിർമ്മാണം പൂർത്തിയാക്കി. 1956-ൽ പ്രഥമ യൂറോപ്യൻ മുബല്ലിഗ് മർഹൂം ജനാബ് ബശീർ അഹ്മദ് സാഹിബ് ഓർച്ചാഡ് പള്ളി ഉദ്ഘാടനം ചെയ്തു. അദ്ദേഹത്തോടൊപ്പം സിറിയക്കാരനായ അറബി ജനാബ് സയ്യിദ് സലീം ഹസനുൽ ജാസി സാഹിബും സന്നിഹിതനായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരാഗോള ജമാഅത്താണെന്ന് തെളിയിച്ച് കാണിക്കാനും, സ്വദേശി മൗലവിമാർക്കു പുറമെ വിദേശികളായ ഒരറബിയുടേയും ഇംഗ്ലീഷുകാരന്റേയും സാന്നിധ്യം ഇന്നാട്ടുകാർക്ക് ആവേശം പകരാനും ഉതകി.

വളരെ പ്രതികൂലമായ സാഹചര്യത്തിൽ നിരവധി പീഡനങ്ങളും യാതനകളും സഹിച്ച് തളരാതെ അഹ്മദിയ്യാ ജമാഅത്തിന്റെ അജയ്യത ഉയർത്തിപ്പിടിച്ച ദീർഘവീക്ഷണത്തോടെയുള്ള നമ്മുടെ മുൻഗാമികളുടെ പ്രയത്നഫലമായി പള്ളിയും ഖബർസ്ഥാനും 50 -ൽപരം വർഷങ്ങൾക്ക് മുമ്പേതന്നെ നമുക്ക് ലഭ്യമായതുകൊണ്ട്, വർത്തമാനകാലത്ത്പോലും കേരളത്തിലെ പല ജമാഅത്തുകളുടേയും ശ്മശാന പ്രശ്നം ഒരളവുവരെ നമുക്ക് ഇവിടംകൊണ്ട് പരിഹരിക്കാൻ കഴിയുന്നുവെന്നത് ഒരു നേട്ടം തന്നെയാണ്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എല്ലാവിധ പ്രചാരണ-ശിക്ഷണരംഗങ്ങളിലും അലനെല്ലൂർ ജമാഅത്ത് കൃത്യമായും അർപ്പണഭാവത്തിലും പങ്കാളികളായിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. 1967-ൽ കേരള സംസ്ഥാന സമ്മേളനവും അതിനോടനുബന്ധിച്ച് എക്സിബിഷനും നടത്തിയിരുന്നു. അഹ്മദിയ്യാ ജമാഅത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ പാവന പതാക ആദ്യമായി ഈ മേഖലിൽ ഉയർത്തിയതും ഈ

ജമാഅത്തായിരുന്നു. ഇവിടെനിന്നും പരിശുദ്ധ ഖാദിയാൻ ആദ്യമായി സന്ദർശിച്ചത് മർഹൂം കെ. അലവി മൗലവി സാഹിബ് അവർകളായിരുന്നു.

ഈ ജമാഅത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് എല്ലാംകൊണ്ടും താങ്ങും തണലും ഊർജ്ജവും ലഭ്യമായത് അല്ലാഹുവിന്റെ കാരുണ്യത്തോടൊപ്പം മർഹൂം ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് എച്ച്.എ(റഹ്)യുടേയും മർഹൂം മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബിന്റേയും, മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് കരുളായിയുടേയും തീവ്രശ്രമം കൊണ്ടാണ്. ഒരു മുതവല്ലിയുടെ സ്ഥാനത്തുനിന്നുകൊണ്ട് ഈ ജമാഅത്തിന്റെ ശൈശവദശയിൽ അതിന്റെ വളർച്ചയ്ക്ക് വഴികാണിച്ചത് ജനാബ് വി.ടി. മുഹമ്മദ് സാഹിബായിരുന്നു.

ഇതിനോടകംതന്നെ ജമാഅത്ത് വളരുകയും വിപുലീകരണം ആവശ്യമായി വരികയും മുറിയക്കണ്ണി പ്രദേശത്തുള്ള സഹോദരീസഹോദരന്മാരുടെ സൗകര്യം പരിഗണിച്ചും മുറിയക്കണ്ണിയിൽ പള്ളി നിർമ്മിക്കുകയും 1972-ൽ ഒരു സഹോദര ജമാഅത്ത് കൂടി ജന്മമെടുക്കുകയും ചെയ്തു. അനന്തരം കെ. മുഹമ്മദ്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ ജമാഅത്ത് പ്രവർത്തനനിരതമായി. ജമാഅത്തിന്റെ മുൻ പ്രസിഡന്റുമാർ ഇനി പറയുന്നവരാണ്. ജനാബ് മർഹൂം സി. മുഹമ്മദ് സാഹിബ്, മർഹൂം എ. അബ്ദു മാസ്റ്റർ സാഹിബ്, ജനാബ് കെ. മുഹമ്മദ്കുട്ടി സാഹിബ്, മർഹൂം സി. അബ്ദുസാഹിബ്, മർഹൂം ടി. ഉണ്ണിനുപ്പ മൗലവി സാഹിബ്, ജനാബ് വി.ടി. ബശീർ അഹ്മദ് സാഹിബ്, ജനാബ് സി. മുഹമ്മദ്മാനു സാഹിബ്.

ഈ കാലയളവിൽ ഏറ്റവും കൂടുതൽ മുബല്ലിഗുമാരേയും മുഅല്ലിംകളേയും വാർത്തെടുക്കാൻ ഈ ജമാഅത്തിന് കഴിഞ്ഞുവെന്നത് ഒരു നേട്ടമാണ്. വിവിധ കാലഘട്ടങ്ങളിലായി പല മുബല്ലിഗുമാരുടേയും മുഅല്ലിംകളുടേയും സേവനം ഈ ജമാഅത്തിന് ലഭിച്ചിട്ടുണ്ട്. അവർ ഇവരാണ്. മർഹൂം വി.ടി. മുഹമ്മദ് സാഹിബ്, ജനാബ് സി.പി. ആലിക്കുട്ടി മൗലവി സാഹിബ്, മർഹൂം കെ. കുഞ്ഞലവി മൗലവി സാഹിബ്, മർഹൂം കെ. അലവി മൗലവി സാഹിബ്, മർഹൂം സി.പി. കുഞ്ഞാപ്പ മൗലവി സാഹിബ്, മർഹൂം കെ. പി. ഉണ്ണീൻ മൗലവി സാഹിബ്, മർഹൂം സി.എച്ച്. അബ്ദുറഹ്മാൻ സാഹിബ്, മർഹൂം അബ്ദുർറശീദ് സാഹിബ് ചേലക്കര, ജനാബ് സി.പി. മുഹമ്മദ് സാഹിബ്, ജനാബ് കെ. അബ്ദുസ്സലാം സാഹിബ്, ജനാബ് കെ. ഖമറുദ്ദീൻ സാഹിബ്, ജനാബ് സി.ജി. ജമാലുദ്ദീൻ സാഹിബ്, ജനാബ് കെ. മഹ്മൂദ് അഹ്മദ് സാഹിബ് എച്ച്.എ, ജനാബ് കെ. സലീം അഹ്മദ് സാഹിബ്, ജനാബ് അബ്ദുറഹീം സാഹിബ്, ജനാബ് സി.പി. മൊയ്തീൻ കുട്ടി സാഹിബ്, ജനാബ് പി. മുഹമ്മദ് യൂസുഫ് സാഹിബ് തുടങ്ങിയവരുടെ മഹത്തായ സേവനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

ജമാഅത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് നിലവിലുള്ള പള്ളിയിലെ സൗകര്യങ്ങൾ പരിമിതമായി വന്നപ്പോൾ കൂടുതൽ സൗകര്യമുള്ള ഒരു സ്ഥലത്ത് മറ്റൊരു പള്ളികൂടി നിർമ്മിക്കുന്നതിനുള്ള ശ്രമം തുടങ്ങി. മർഹൂം സി. അബ്ദുസാഹിബ് തന്റെ വക സ്ഥലത്തുനിന്നും പള്ളിക്കാവശ്യമായ സ്ഥലം വഖ്ഫായി 1995 ഒക്ടോബർ 26-ന് സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ പേരിൽ രജിസ്റ്റർ ചെയ്തുതന്നു. 1996 നവംബർ 27-ന് സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് (നാസിർ അഅ്‌ലാ)യുടെ മഹനീയകരങ്ങളാൽ തറക്കല്ലിട്ടു. പള്ളി നിർമ്മിക്കുന്നതിന് ഖലീഫത്തുൽ മസീഹ് അൽ ഖാമിസിന്റെ അനുമതി ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ താമസിയാതെ തന്നെ മനോഹരമായ ഈ പള്ളിയുടെ പണി പൂർത്തിയാക്കാൻ സാധിച്ചു. (അൽഹംദുലില്ലാഹ്)

ഈ പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിലെ പല മാന്യഅഹ്മദി സഹോദരങ്ങളോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. (ജസാകുമുല്ലാഹ്) അല്ലാഹു ഈ മഹൽവ്യക്തികളുടെ സൽപ്രവർത്തനങ്ങൾക്ക് തക്കതായ പ്രതിഫലം നല്കുമാറാകട്ടെ. (ആമീൻ) കൃപാനിധിയായ അല്ലാഹുവിന് സർവ്വസ്തുതിയും സമർപ്പിച്ചുകൊണ്ട് ഈ പള്ളി അവനെ സ്മരിക്കുന്നവരെക്കൊണ്ട് നിറക്കുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ അവസാനിപ്പിക്കുന്നു.

●

---

**പേജ് 15 – ൽ നിന്ന്**

വരുമായി ഒരുതരത്തിലും രഞ്ജിപ്പുണ്ടാക്കാൻ നമുക്ക് സാധ്യമല്ല. അവർ കരുതുന്നത് ചീത്തവിളിക്കുന്നതിലും അസഭ്യശരങ്ങൾ ഉതിർക്കുന്നതിലുമാണ് വിജയമെന്നാണ്. എന്നാൽ, ഓരോ വിജയവും ദൈവത്തിൽനിന്നാണ് വരുന്നതെന്ന് മനസ്സിലാക്കുക.

ഇൻശാഅല്ലാഹ് ആ വിജയം വരേണ്ടതുതന്നെയാണ്. അതുകൊണ്ട് ഓരോ അഹ്മദിയും ഈ സത്യസന്ദേശം അത്തരക്കാർക്കും രാജ്യത്തിലെ മറ്റുള്ളവർക്കും എത്തിച്ചുകൊടുക്കുക. ഇത്തരം കാര്യങ്ങൾ പറയുന്നവർ നിങ്ങളുടേയും രാജ്യത്തിന്റേയും ഗുണകാംക്ഷികളല്ലെന്ന് അവരോട് പറയുക. അവർ ലോകത്ത് ശാന്തിയും സമാധാനവും നിലനിൽക്കാൻ ആഗ്രഹിക്കുന്നുമില്ല. ഇവർ കലാപമുണ്ടാക്കുന്നവരാണ്. ലോകത്ത് ഫിത്നയും കഷ്ടപ്പാടും ഉണ്ടാക്കുകയെന്നതാണ് അവരുടെ ലക്ഷ്യം. അല്ലാഹു ലോകത്തെ എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. (*ഖുത്‌ബ, 23.2.07*)

●

എച്ച്. ശംസുദ്ദീൻ, കാവശ്ശേരി

# ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ): അത്ഭുതപ്രതിഭാധനൻ

ദൈവിക സുവാർത്തകളുടെ നിറന്ന ദൃഷ്ടാന്തമായി ഹദ്റത്ത് മിർസാഗുലാം അഹ്മദ്(അ)ന് ലഭ്യമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അത്ഭുതപ്രതിഭാധനനായിരുന്നു. ജീവിതത്തിലുടനീളവും ശേഷവും ലോകത്തെ ഇത്രയേറെ ആകർഷിച്ച വ്യക്തിത്വം ചരിത്രത്തിൽ അത്യപൂർവ്വമാണ്.

വളരെ വിശാലമായ ഗവേഷണത്വരയും ദൈവദത്തമായ ഉത്ബോധനങ്ങളും ആ മഹാത്മാവിനെ ജ്ഞാനങ്ങളുടെ കേദാരമാക്കിത്തീർത്തു. അതോടൊപ്പംതന്നെ അവ വിവരിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാടവവും ഏറെ ശ്രദ്ധേയമായിരുന്നു. 'സുൽത്വാനുൽ ബയാൻ' എന്ന പേരിന്നർഹനായിത്തീർന്ന അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും ഏറെ മാസ്മരികമായിരുന്നു.

**പ്രഭാഷണങ്ങൾ**

ആയിരക്കണക്കിന് പ്രഭാഷണങ്ങൾ നിർവഹിച്ച ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പരാമർശിക്കാത്ത വിഷയങ്ങൾ ഇല്ലെന്നുതന്നെ പറയാം. ആത്മീയവും ഭൗതികവുമായ നിരവധി വിഷയങ്ങളിൽ മണിക്കൂറുകളോളം നീണ്ട അദ്ദേഹത്തിന്റെ പ്രഭാഷണം സദസ്സ് ഏറെ ശ്രദ്ധയോടെയാണ് ശ്രവിച്ചിരുന്നത്. ഇതിൽ ഏറെ ശ്രദ്ധേയം 'തഖദീറെ ഇലാഹി' എന്ന പ്രഭാഷണമാണ്. എന്താണ് ദൈവവിധിയെന്നും അതെങ്ങനെ ജീവിതത്തെ സ്വാധീനിക്കുന്നുവെന്നുമുള്ള വിശദീകരണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മാത്രമാണ് ലോകത്തിന് മുന്നിൽ വിശദീകരിച്ചത്. നൂറുപേജോളം കുറിപ്പുകൾ തയ്യാറാക്കിയ അദ്ദേഹം അതിലെ പ്രധാന ഭാഗങ്ങൾ മാത്രമാണ് അവതരിപ്പിച്ചത്.

മറ്റൊരു പ്രഭാഷണം 'മലായിക്കത്തുല്ലാഹ്' ആണ്. മലക്കുകളുടെ പ്രവർത്തനങ്ങളും അവ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനങ്ങളും സ്വജീവിതത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം അതിൽ വിവരിക്കുന്നുണ്ട്. മലക്കുകളെക്കുറിച്ച് അദ്ദേഹത്തിന്റെ സമകാലീനരായ പണ്ഡിതന്മാർ വെച്ചുപുലർത്തിയിരുന്ന അബദ്ധധാരണകളെ ആ മഹാത്മൻ തിരുത്തി.

ദിക്റെ ഇലാഹി, ഇർഫാനെ ഇലാഹി, നജാത്ത് തുടങ്ങിയ ആത്മീയവിഷയങ്ങൾക്കു പുറമെ, ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം, കമ്മ്യൂണിസം, ക്യാപിറ്റലിസം, ശാസ്ത്രസാങ്കേതിക മുന്നേറ്റങ്ങൾ തുടങ്ങി ചരിത്രപരവും സാമൂഹികവുമായ പ്രഭാഷണങ്ങളും അന്വേഷണകുതുകികൾക്ക് മാർഗ്ഗദീപമാണ്.

**തഫ്സീർ**

വിശുദ്ധഖുർആന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) നൽകിയ ബൃഹദ്വ്യാഖ്യാനം ഇന്നും അനുപമമായി നിൽക്കുന്നു. യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള ഇതിഹാസങ്ങളുടെ കുരുക്കുകൾ അതിസമർത്ഥമായി അഴിച്ചുമാറ്റിയ അദ്ദേഹം, യേശു ഡിസംബറിലല്ല ജനിച്ചതെന്ന് വിശുദ്ധഖുർആന്റേയും ബൈബിളിന്റേയും ചരിത്രത്തിന്റേയും വെളിച്ചത്തിൽ അനാവരണം ചെയ്തു.

ഹാറൂത്ത് മാറൂത്ത്, അസ്വഹാബുൽ കഹ്ഫ്, സുലൈമാൻ നബിയുടെ കഥ, യൂസുഫ് നബിയുടെ ചരിത്രം തുടങ്ങി പണ്ഡിതകേസരിമാർ ബൈബിൾ വചനങ്ങൾകൊണ്ട് മൂടിയ നിരവധി കാര്യങ്ങളുടേയും അതിന്റെ നിജസ്ഥിതികളുടേയും ചരിത്രപരമായ അദ്ദേഹത്തിന്റെ വെളിപ്പെടുത്തലുകൾ മുസ്‌ലിംലോകത്ത് അനന്യമായി എഴുന്നുനില്ക്കുന്നു.

**ഗ്രന്ഥങ്ങൾ**

ശത്രുക്കളുടെ നിരവധി ചോദ്യങ്ങൾക്കും ആക്ഷേപങ്ങൾക്കും സമുചിതമായ മറുപടിയും അതോടൊപ്പം യാഥാർത്ഥ്യത്തിന്റെ വെളിപ്പെടുത്തലും മുസ്‌ലിഹ് മൗഊദ് കൃതികളിൽ ഏറ്റവും മുഴച്ചുനില്ക്കുന്നു. ഒട്ടുമിക്ക എല്ലാ മേഖലകളിലും ആഴ്ന്നിറങ്ങിയുള്ള പഠനങ്ങൾ കൂടിയാണ് മുസ്‌ലിഹ് മൗഊദിന്റെ ഗ്രന്ഥങ്ങൾ.

**സംവാദങ്ങൾ**

സംവാദങ്ങളിൽ വളരെ ചെറുപ്പന്നേ കുശാഗ്രബുദ്ധിയോടെ പങ്കെടുത്തിരുന്ന മുസ്‌ലിഹ് മൗഊദ്(റ) പ്രതിയോഗിയെ കാര്യം ധരിപ്പിക്കുന്നതിൽ പ്രത്യേക പാടവത്തിന് ഉടമയായിരുന്നു. ഒരിക്കൽ സിംലയിൽ വെച്ച് ഒരു പാതിരിയുമായി നടന്ന സംവാദം രസകരമാണ്. ലോകത്തെ മുഴുവൻ സൃഷ്ടിക്കാനും പരിപാലിക്കാനും ദൈവത്തിന് കഴിയുമായിരിക്കെ തൃത്വദൈവസങ്കല്പത്തിലെ ഇതര ദൈവങ്ങളുടെ പ്രസക്തി എന്താണെന്ന ചോദ്യത്തിനു മുന്നിൽ പാതിരി വിയർത്തുപോയി.

സംവാദങ്ങൾ എപ്പോഴും ഗുണപ്രദമായിരിക്കണമെന്ന് നിർദ്ദേശിച്ച മുസ്‌ലിഹ് മൗഊദ്(റ) പ്രതിയോഗിയെ ഇളഭ്യനാക്കുന്നതിലല്ല മറിച്ച്, ബുദ്ധിപരമായി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിലാണ് വിജയമെന്നും പഠിപ്പിച്ചു. ഒരിക്കൽ അദ്ദേഹം പറഞ്ഞു, ക്രിസ്തീയരുമായുള്ള സംവാദത്തിൽ കരണത്ത് ഒരടിവെച്ചുകൊടുത്താൽത്തന്നെ സംവാദം പൂർത്തിയാ

കും. കാരണം തിരിച്ചടിക്കാൻ മതസംഹിതപ്രകാരം എതിരാളിക്ക് വകുപ്പില്ലല്ലോ. പാവം, വേദന തിന്നുകയല്ലാതെ കാര്യം ഗ്രഹിക്കുമോ?

**ഉപദേശം ജീവിതത്തിൽനിന്ന് തുടങ്ങണം**

പ്രായോഗികജീവിതത്തെ ഉദാത്തമാക്കാൻ എന്നും ഔത്സുക്യം കാട്ടിയ മുസ്‌ലിഹ് മൗഊദ്(റ) ഉപദേശങ്ങൾപോലും അങ്ങനെയാവണമെന്ന് നിർദ്ദേശിച്ചു. ഒരിക്കൽ അദ്ദേഹം പറഞ്ഞു തലവേദന മാറാൻ ഇന്ന മരുന്ന് കഴിക്കണമെന്ന അറിവ് തലവേദന മാറ്റാൻ പര്യാപ്തമല്ല. അതുപോലെതന്നെ നന്മയെക്കുറിച്ചുള്ള അറിവ് മാത്രം പോരാ. മറിച്ച്, പ്രാവർത്തികമാക്കുക കൂടി ചെയ്താൽ മാത്രമേ ദൈവപ്രീതി കരഗതമാവുകയുള്ളൂ.

**ഗ്രന്ഥങ്ങളെ സ്നേഹിച്ച മഹാൻ**

ആയിരക്കണക്കിന് വലുതും ചെറുതുമായ ഗ്രന്ഥങ്ങളുടെ ബൃഹത് ശേഖരത്തിന് ഉടമയായിരുന്ന മുസ്‌ലിഹ് മൗഊദ്(റ) ഗ്രന്ഥം വാങ്ങുന്നത്, സ്വജീവനോട് ചെയ്യുന്ന ഔദാര്യമാണെന്ന് ഉപദേശിച്ചു. ഏത് ഗ്രന്ഥവും സസൂക്ഷ്മം വായിക്കാനും നന്മകളെ വ്യവച്ഛേദിച്ചെടുക്കാനും അദ്ദേഹം അതീവതല്പരനും സമർത്ഥനുമായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ ആത്മീയവും ഭൗതീകവുമായ നൂറുകണക്കിന് വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളുണ്ടായിരുന്നു.

**ഭിഷഗ്വരൻ**

ഹോമിയോ ചികിത്സയിൽ അതീവനൈപുണ്യമുണ്ടായിരുന്ന അദ്ദേഹം തത്സംബന്ധമായി വിശദമായ പഠനങ്ങളും നടത്തിയിരുന്നു. കൂടാതെ ആയിരക്കണക്കിന് രോഗികൾക്ക് മരുന്നുകളും കുറിപ്പടികളും കൊടുക്കുന്നതിനും സമയം കണ്ടെത്തി. മരുന്നുകൾക്കപ്പുറം പ്രാർത്ഥനയിൽ അതീവശ്രദ്ധാലുവായിരുന്ന അദ്ദേഹത്തിന്റെ കുറുപ്പടികൾ യഥാവിധി രോഗമുക്തിക്ക് നിദാനമായിരുന്നു.

**കുടുംബത്തിലെ സജീവ സാന്നിധ്യം**

സന്ദിഗ്ദ്ധഘട്ടത്തിൽ വളരെ ചെറുപ്രായത്തിൽ തന്നെ ഖിലാഫത്തിന്റെ അപരിമേയമായ ഉത്തരവാദിത്തങ്ങൾ ശിരസ്സിൽ വന്നെങ്കിലും കുടുംബത്തിൽ അദ്ദേഹം എപ്പോഴും സജീവമായിരുന്നു.

മക്കളുമായിട്ടുള്ള പെരുമാറ്റത്തിലും സഹധർമ്മിണികളോടുള്ള പെരുമാറ്റത്തിലും അതേറെ പ്രകടമായിരുന്നു. എല്ലാവരും കൂടിയിരിക്കുന്നതിന് സമയം കണ്ടെത്തിയ ആ മഹാത്മൻ മക്കളുടെ കവിതകൾ കേൾക്കാനും തിരുത്താനും ഉപദേശിക്കാനും കൂടി അവസരമുണ്ടാക്കി. അതോടൊപ്പം മക്കളുടെ എല്ലാ കാര്യങ്ങളിലും സജീവശ്രദ്ധയുണ്ടായിരുന്ന അദ്ദേഹം അവരുടെ അനക്കമടക്കങ്ങളേയും സദാ നിരീക്ഷിച്ചു. പക്ഷേ, അനുവദനീയമായ മക്കളുടെ സ്വാതന്ത്ര്യങ്ങൾക്ക് അദ്ദേഹം വിലങ്ങുതടിയാവാനും ഇഷ്ടപ്പെട്ടില്ല. പലകാര്യങ്ങളും കണ്ണടക്കാമെങ്കിൽ അങ്ങനെയും ചെയ്തു.

**ഉല്ലാസയാത്ര**

ഭാര്യാമക്കളേയും കൂട്ടി ഉല്ലാസയാത്രകൾക്കും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. അത്തരം ഒരു ഉല്ലാസയാത്രയുടെ സൃഷ്ടിയാണ് 'സേറെ റൂഹാനി' (ആത്മീയയാത്ര) എന്ന അദ്ദേഹത്തിന്റെ അതിബൃഹത് ഗ്രന്ഥം.

പക്ഷേ, ഒരു യാത്രയും വെറും ഉല്ലാസം ആകുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ദീനീപരമായ പ്രവൃത്തികൾ അത്തരം യാത്രകളിലും അഭംഗുരം തുടർന്നിരുന്നു.

കടൽക്കാറ്റേൽക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. അത് സ്വനേന്ദ്രിയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നല്ലതാണെന്ന് പറയുമായിരുന്നു. ആരോടും വെറുപ്പില്ലാത്ത മനുഷ്യസ്നേഹി.

മുജേ ബേർ ഹർഗീസ് നഹീ ഹേ കിസീ സേ
മേം ദുൻയാ മേ സബ്കാ ഭലാ ചാഹ്താഹൂം

എനിക്ക് ആരോടും തരിമ്പും വൈരാഗ്യമില്ല. ഞാൻ ലോകത്ത് എല്ലാവരുടേയും നന്മ കാംക്ഷിക്കുന്നു എന്ന് പാടിയ മുസ്‌ലിഹ് മൗഊദ്(റ) ജീവിതത്തിലുടനീളം ഈ തത്ത്വം കാത്തുസൂക്ഷിക്കുകയും ചെയ്തു.

ജമാഅത്തിലെ ഖിലാഫത്ത് സംവിധാനത്തെ വെല്ലുവിളിച്ച് ഇറങ്ങിപ്പോയ ലാഹോർ വിഭാഗത്തിലെ നേതാക്കന്മാരോട് എന്നും അദ്ദേഹം അനുകമ്പാപൂർവ്വം വർത്തിച്ചു. ലാഹോർ വിഭാഗത്തിന്റെ അമീർ മൗലാനാ മുഹമ്മദലി സാഹിബ് മരിച്ചപ്പോൾ ജനാസ നമസ്കരിക്കാനും അദ്ദേഹം മറന്നില്ല.

ജീവിതകാലത്ത് മുഴുവനും തന്നേയും തന്റെ ജമാഅത്തിനേയും ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ആക്ഷേപിച്ച അഹ്റാർ സംഘടനയുടെ നേതാവും 'സമീന്ദാർ' പത്രത്തിന്റെ എഡിറ്ററുമായ മൗലാനാ സഫർ അലിഖാൻ രോഗാതുരനായപ്പോൾ തന്നെ ചികിത്സിക്കുന്ന മകനടക്കമുള്ള ഡോക്ടർമാരുടെ സേവനം അദ്ദേഹം വിട്ടുകൊടുത്തു!

**ഉമറിന്റെ പ്രാദുർഭാവം**

ഇസ്‌ലാമിക ചരിത്രത്തിൽ ഭരണപരിഷ്കാരങ്ങളുടെ ഉറവിടം ഹദ്റത്ത് ഉമർ(റ)വുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതുപോലെതന്നെ ജമാഅത്തിലെ സംവിധാനങ്ങളുടെ ശില്പി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) യാണ്.

ദാറുൽ ഖസാ, ദാറുൽ ഇഫ്താ, മജ്‌ലിസെ ശൂറാ, സദ്ർ അഞ്ചുമന്റെ വിവിധ വകുപ്പുകൾ, ശാഖാ സംഘടനകൾ, പോഷകസംഘടനകൾ ഒക്കെ അദ്ദേഹത്തിന്റെ അനിതരസാധാരണമായ നേതൃപാടവത്തിന്റെ ഉദാത്ത നിദർശനങ്ങളാണ്.

**ഉപസംഹാരം**

ജീവിതത്തിലെ സമസ്ത മേഖലകളിലും വിജയശ്രീലാളിതനായി മുന്നേറിയ, മുന്നേറാൻ അനുയായികൾക്കും ലോകത്തിനും കർമ്മവീഥിയൊരുക്കിയ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1965 നവംബർ 8-ന് ഇഹലോകവാസം വെടിഞ്ഞു. സംഭവബഹുലമായ 76 വർഷത്തെ ഖിലാഫത്തിലെ 52 വർഷം, അതെ, അവയുടെ അവതരണം കൂടാതെകണ്ട് ലോകചരിത്രം പൂർത്തിയാകുക അസാധ്യമാണ്. ●

എസ്. ഉദ്ദീൻ, കണ്ണൂർ

# ഇസ്‌ലാമും ആൾദൈവങ്ങളും

2007 ഫെബ്രുവരി 18-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കാന്തപുരം ഏ.പി. അബൂബക്കർ മുസ്ല്യാർ എഴുതിയ ലേഖനത്തിൽ ആൾദൈവ വീക്ഷണം ഇസ്‌ലാമിലില്ലായെന്ന് പറഞ്ഞത് ശരിതന്നെ. യഥാർത്ഥ ഇസ്‌ലാമികവിശ്വാസം ആൾദൈവങ്ങളെ അംഗീകരിക്കുന്നില്ല. എന്നാൽ, പല നബിമാർക്കും ഔലിയാക്കൾക്കും ദിവ്യത്വം നല്കുന്ന പ്രവണത ചില മുസ്‌ലിം പ്രസ്ഥാനങ്ങൾ വെച്ചുപുലർത്തുന്നുണ്ട്. കാന്തപുരത്തിന്റെ കക്ഷിയും ഇതിൽനിന്ന് വിഭിന്നമല്ല.

ഇസ്‌ലാമിൽ ദൈവത്തിന് നല്കിയിരിക്കുന്ന സ്ഥാനം മഹോന്നതമാണ്. മനുഷ്യർക്ക്, അവർ പ്രവാചകന്മാരായാലും ഔലിയാക്കന്മാരായാലും ആ സ്ഥാനം കൊടുക്കാൻ പാടില്ലായെന്നതാണ് ഇസ്‌ലാമിക കാഴ്ചപ്പാട്. ആദരണീയനായ പ്രവാചകൻ മുഹമ്മദ് നബി(സ)യും വിശുദ്ധഖുർആനും പഠിപ്പിച്ചത് അതുതന്നെയാണ്. തന്റെ ലേഖനത്തിൽ അബൂബക്കർ മുസ്ല്യാർ പല അബദ്ധങ്ങളും എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു.

"ഖാദിയാനി മതത്തിന്റെ സ്ഥാപകനായ മിർസാ ഗുലാം അഹ്മദ് ഖാദിയാനി തനിക്ക് പിടിപെട്ട മതിഭ്രമത്തിൽ ദൈവമാണെന്നും, ദൈവാവതാരമാണെന്നും, ദൈവപുത്രനുമാണെന്നുമൊക്കെ വാദിച്ചുനോക്കി."

കാന്തപുരത്തിന്റെ ഈ വാദം തികച്ചും അടിസ്ഥാനരഹിതമാണ്. ഏതെങ്കിലുമൊരു വ്യക്തിയെക്കുറിച്ചോ ആ വ്യക്തി മുന്നോട്ടുവെച്ച വാദത്തെ സംബന്ധിച്ചോ എന്തെങ്കിലും എഴുതുന്നതിനു മുമ്പേ അതിനെക്കുറിച്ച് അല്പമെങ്കിലും പഠിക്കേണ്ടതായുണ്ട്. ആ വ്യക്തി പറഞ്ഞത് അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽനിന്നും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പ്രസ്തുത ലേഖനത്തിൽ 'ഖാദിയാനിമതം' എന്നെഴുതിക്കണ്ടു. അങ്ങനെയൊരു മതം തന്നെയില്ലായെന്ന് ആദ്യമേ പറഞ്ഞുകൊള്ളട്ടെ. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) പുതിയ മതമോ ശരീഅത്തോ സ്ഥാപിച്ചിട്ടില്ല. അങ്ങനെ അദ്ദേഹം വാദിച്ചുവെന്ന് കാന്തപുരത്തിന് തെളിയിച്ചുകാണിക്കാനും സാധിക്കുകയില്ല. താൻ നബി(സ) തിരുമേനിയുടെ ഉമ്മത്തിയും പരിപൂർണ്ണ അനുസാരിയുമാണെന്നും വിശുദ്ധഖുർആൻ പരിപൂർണ്ണവും അവസാനത്തേതുമായ ന്യായപ്രമാണമാണെന്നുമാണ് ആ ധന്യാത്മാവിന്റെ വാദം. നബിതിരുമേനിയെ അങ്ങേയറ്റം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന മഹാനവർകളാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). ഇത് മനസ്സിലാകണമെങ്കിൽ 1800-കളിലെ ഇസ്‌ലാമിന്റെ അവസ്ഥയെക്കുറിച്ച് ശരിക്കും അറിഞ്ഞിരിക്കണം. ക്രിസ്തീയരും ആര്യസമാജികളും, നിർമ്മത നിരീശ്വരവാദികളും നാലുഭാഗത്തുനിന്നും ഇസ്‌ലാമിനെ ആശയപരമായി കടന്നാക്രമിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഉത്തരേന്ത്യയിൽ നിരവധി മുസ്‌ലിം പണ്ഡിതന്മാർ മതം ഉപേക്ഷിച്ചുവെങ്കിൽ ആ അവസ്ഥ എത്രമേൽ ഭയാനകമായിരിക്കണം. ശത്രുക്കൾ നബി(സ) തിരുമേനിയ്ക്കെതിരിൽ ആക്ഷേപങ്ങളും ആരോപണങ്ങളും തൊടുത്തുവിട്ടപ്പോൾ മറുപടിപോലും പറയാനാകാതെ പകച്ചുനില്ക്കുകയായിരുന്നു മുസ്‌ലിം പണ്ഡിതന്മാർ. എത്രയെത്ര മുസ്‌ലിം പണ്ഡിതന്മാർ ക്രിസ്തീയപാതിരിമാരായി മാറി എന്നത് ചരിത്രം പഠിക്കുന്നവർക്ക് അറിയാം. അന്ന് ഇസ്‌ലാമിനുവേണ്ടി ആശയസമരത്തെ നയിക്കാൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. വിശുദ്ധഖുർആന്റെയും നബി(സ) തിരുമേനിയുടെയും സത്യസാക്ഷ്യത്തിനുള്ള അനിഷേധ്യതെളിവുകൾ നിരത്തിക്കൊണ്ട് 'ബറാഹീനെ അഹ്മദിയ്യാ' എന്ന പേരിൽ ഗ്രന്ഥമെഴുതിയതും ഇസ്‌ലാമിന്റെ രക്ഷക്കെത്തിയതും ഹദ്റത്ത് അഹ്മദ്(അ) ആയിരുന്നു. പ്രസ്തുത ഗ്രന്ഥത്തെക്കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധവൈരിയായിരുന്ന മുഹമ്മദ് ഹുസൈൻ ബട്ടാലവി പറഞ്ഞ വാക്കുകൾ ഇവിടെ സ്മരണീയമാണ്. അദ്ദേഹം പറഞ്ഞു. "നമ്മുടെ അഭിപ്രായത്തിൽ ഇക്കാലഘട്ടത്തിൽ നിലവിലുള്ള സ്ഥിതിഗതികളുടെ അടിസ്ഥാനത്തിൽ ഈ ഗ്രന്ഥത്തിന് തത്തുല്യമായ ഒന്ന് ഇസ്‌ലാമിൽ ഇന്നേവരെ രചിക്കപ്പെട്ടിട്ടില്ല." (ഇശാഅത്തുസ്സുന്ന)

"മിർസാ ഖാദിയാനി തനിക്ക് പിടിപെട്ട മതിഭ്രമത്തിൽ ദൈവമാണെന്നും, ദൈവാവതാരമാണെന്നും, ദൈവപുത്രനുമാണെന്നുമൊക്കെ വാദിച്ചുനോക്കി" എന്നതാണ് കാന്തപുരം ഉന്നയിച്ച മറ്റൊരാക്ഷേപം. മതിഭ്രമം ബാധിച്ച ഏതെങ്കിലുമൊരാൾക്ക് അഗാധ ജ്ഞാനമുൾക്കൊള്ളുന്ന നിരവധി ഗ്രന്ഥങ്ങൾ എഴുതാനാകുമോ എന്നതാണ് ഒന്നാമത്തെ പ്രശ്നം. നീണ്ട 76 വർഷക്കാലത്തെ ജീവിതത്തിന്നിടയിൽ അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളുടെ എണ്ണവും വൈവിധ്യവും മനസ്സിലാക്കിയ ഒരാളിൽനിന്ന് ഇത്തരം ഒരാക്ഷേപം ഉണ്ടാകുകയില്ല. അറബി, ഉർദു, ഫാർസി ഭാഷകളിൽ 84 ഗ്രന്ഥങ്ങളാണ് അദ്ദേഹം രചിച്ചത്. അതിൽ പലതും മലയാളഭാഷയിലും ലഭ്യമാണുതാനും. അതൊക്കെ മനസ്സിരുത്തി ഒന്നു വായിച്ചുനോക്കിയാൽ മിർസാഗുലാം അഹ്മദ്(അ)ന്റെ മനസ്സാന്നിധ്യവും പാണ്ഡിത്യവും അതിനേക്കാളുപരി അദ്ദേഹത്തിനുണ്ടായ ദൈവസഹായവും മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഒരിക്കൽ

പോലും താൻ ദൈവമാണെന്നോ, ദൈവാവതാര മാണെന്നോ, ദൈവപുത്രനാണെന്നോ വാദിച്ചിട്ടില്ല. ഒരു കളവ് എത്രതവണ ആവർത്തിച്ചാലും സത്യമായി മാറുകയില്ലല്ലൊ. അദ്ദേഹത്തിന്റെ വാദം താൻ വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്നാണ്; ദൈവ നിയുക്തനാണെന്നാണ്. എല്ലാ പ്രവാചകന്മാരുടെയും വാദം തങ്ങൾ ദൈവനിയുക്തരാണെന്നാണല്ലോ.

കാന്തപുരം പറയുന്നു. "മിർസായുടെ പല ജല്പ നങ്ങളും ന്യായീകരിക്കാൻ ധീരമായ(?) ശ്രമങ്ങൾ നട ക്കുമ്പോഴും തങ്ങളുടെ തുച്ഛമായ അനുയായികളെ പിടിച്ചുനിറുത്താൻ ഈ ദൈവവാദം മറച്ചുവെക്കേണ്ടി വരികയാണ്. ഏക ഇലാഹീവിശ്വാസം പരിശുദ്ധമായി നിലനില്ക്കുന്ന ഇസ്‌ലാമിൽ ഇത്തരം സങ്കല്പങ്ങൾ വിലപ്പോവില്ലെന്ന് ബോധ്യമുള്ളതുകൊണ്ടാണിത്."

ഹദ്റത്ത് അഹ്മദ്(അ)ന്റെ എല്ലാ വാദങ്ങളും ന്യായീകരിക്കാൻ ധീരമായ ശ്രമങ്ങൾ തന്നെയാണ് അദ്ദേഹത്തിന്റെ അനുയായികൾ നടത്തുന്നത്. അതിൽ ഒട്ടും സംശയിക്കേണ്ടതില്ല. ഇത് ചെയ്യുന്നത് ലേഖകൻ എഴുതിയതുപോലെ തുച്ഛമായ അനുയായികളുമല്ല. ഒരു ഖിലാഫത്തിൻ കീഴിൽ ലോകവ്യാപകമായി ഇത് പ്രചരിപ്പിക്കാൻ ഹദ്റത്ത് അഹ്മദ്(അ)ന് കോടിക്കണ ക്കിന് അനുയായികളുണ്ട്. മറ്റെവിടെനിന്നെങ്കിലും 'ഇറ ക്കുമതി' ചെയ്യേണ്ട ആവശ്യമില്ല. ക്രിസ്തീയ യൂറോ പ്പിലും അമേരിക്കയിലുമൊക്കെ ഇസ്‌ലാം വേരൂന്നുന്നത് ഈ അനുയായികളിലൂടെയാണ്. ഏഷ്യയിൽ മാത്ര മല്ല സകല വൻകരകളിലും മിർസാ ഗുലാം അഹ്മദ് (അ)ന്റെ അനുയായികളുണ്ടെന്ന കാര്യം ലേഖകൻ മനസ്സിലാക്കാഞ്ഞിട്ടല്ല ഈ ജല്പനം നടത്തിയത്. അതിന്റെ വളർച്ചയിലുണ്ടാകുന്ന അസൂയ കൊണ്ടാണ്.

അദ്ദേഹത്തിന്റെ വാദങ്ങൾ ഒന്നുംതന്നെ മറച്ചുവെ ക്കേണ്ട ഒരു കാര്യവും ഞങ്ങൾക്കില്ല. അങ്ങനെ ചെയ്യാൻ സാധ്യവുമല്ല. കാരണം അദ്ദേഹത്തിന്റെ മുഴു വൻ ഗ്രന്ഥങ്ങളും ലഭ്യമാണ്. ആർക്കുമത് വായിച്ചു നോക്കാം. മിർസാസാഹിബിന്റെ സമകാലികരായ പണ്ഡിതന്മാർക്കാർക്കും അദ്ദേഹം ദൈവമാണെന്ന് വാദിച്ചതായി അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽനിന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ അനു യായികളും കാലത്തിന്റെ ഖലീഫമാരും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവിടെയെവിടെയും ലേഖകൻ പറയു ന്നതുപോലുള്ള ഒരു വാദവും കാണാൻ സാധ്യമല്ല. അറബിയും ഉർദുവും ഫാർസിയും അറിയുന്ന ആർക്കും ഹദ്റത്ത് അഹ്മദ്(അ)ന്റെ മൂലഗ്രന്ഥങ്ങൾ വായിച്ചുനോക്കി കാര്യം ഗ്രഹിക്കാവുന്നതാണ്.

ഒരു ഇസ്‌ലാമിക കക്ഷിയിലും ആൾദൈവ സങ്കല്പം ഇല്ലായെന്ന ലേഖകന്റെ വാദം സത്യത്തിന് നിരക്കാത്തതാണ്. ലേഖകൻ ഉൾപ്പെടുന്ന കക്ഷിക്ക് അതുണ്ടെന്നാണ് ലേഖനത്തിൽനിന്നും മനസ്സിലാകു ന്നത്. ഈസാനബി മരിച്ചവരെ ജീവിപ്പിച്ചുവെന്നും മുഹ്‌യുദ്ദീൻ ശെയ്ഖ് ചത്തകോഴിയെ പറപ്പിച്ചുവി ട്ടെന്നും വിശ്വസിക്കുന്നത് ആൾദൈവ സങ്കല്പമ ല്ലാതെ മറ്റെന്താണ്? ദൈവത്തിന് ഒരു നിയതിനിയമ മുണ്ട്. മരിച്ചവരെ ജീവിപ്പിക്കൽ ദൈവത്തിന് മാത്രം കഴിയുന്ന കാര്യമാണ്. അത്തരത്തിലുള്ള ഒരു കഴിവ് ഈസാനബിക്കുണ്ട് എന്ന് പറയുന്നത് അദ്ദേഹത്തെ ദൈവമായി കൊണ്ടുനടക്കുന്ന ക്രിസ്തീയവിശ്വാ സത്തെ സഹായിക്കലാണ്. സ്വാലിഹ് നബി(അ) ഒരു പാറക്കുള്ളിൽനിന്നും ജീവനുള്ള ഒട്ടകത്തെ പ്രത്യക്ഷ പ്പെടുത്തി എന്നു പറയുമ്പോൾ അദ്ദേഹം സൃഷ്ടിക്കാ ൻ കഴിവുള്ള വ്യക്തിയാണെന്നല്ലേ അതിന്നർത്ഥം? സൃഷ്ടിക്കുക എന്നത് ദൈവത്തിന്റെ മാത്രം കഴിവാ കുമ്പോൾ സ്വാലിഹ് നബിക്ക് ഈ കഴിവ് കല്പിച്ചു കൊടുക്കുന്നതിലൂടെ അദ്ദേഹത്തെ ആൾദൈവമാക്കു കയല്ലേ ചെയ്യുന്നത്. ഔലിയാക്കൾക്ക് ഇത്തരം അമാ നുഷിക സിദ്ധികൾ നല്കപ്പെടുന്നു എന്നു പറയു ന്നതും ആൾദൈവങ്ങളെ സൃഷ്ടിക്കൽ തന്നെയാണ്. അബ്ദുൽ ഖാദർ ജീലാനി(റ) അഹ്മദുൽ കബീർ രിഫാ ഇ, ഖാജാ മുഈനുദ്ദീൻ ചിശ്തി, അഹ്മദുൽ ബദവി തുടങ്ങിയ സൂഫിവര്യന്മാർക്ക് അമാനുഷിക കഴിവു കൾ ഉണ്ടെന്നാണ് ലേഖകൻ പറയുന്നത്. വെളിയങ്കോട് ഉമറുൽഖാളി, മമ്പറം സയ്യിദ് അലവി തങ്ങൾ, പൊന്നാനി സൈനുദ്ദീൻ മഖ്ദൂം തുടങ്ങിയവർക്കുപോലും ദിവ്യത്വം കല്പിക്കുന്നതും അവരുടെ ഖബറുകളിൽ പോയി അവരോട് പ്രാർത്ഥിക്കുന്നതും ആൾ ദൈവ ങ്ങളെ സൃഷ്ടിക്കൽ തന്നെയാണ്. ഹദ്റത്ത് മിർസാ ഖാദിയാനിയുടെ അനുയായികൾ അദ്ദേഹത്തിന്റെ ഖബറിടത്തുപോയി പ്രാർത്ഥിക്കാറുണ്ട്. പക്ഷേ, അത വരോടല്ല. അവർക്കുവേണ്ടി ദൈവത്തോടാണ്.

ഇസ്‌ലാമിൽ അനുവദനീയമല്ലാത്ത ആൾദൈവങ്ങളെ സൃഷ്ടിച്ചെടുക്കാൻ ബദ്ധപ്പെടുന്ന ലേഖകൻ ഏതായാലും ഒരു സത്യം സമ്മതിച്ചിരിക്കുന്നു. അത് ഈസാനബി യുടെ മരണത്തെക്കുറിച്ചുള്ളതാണ്. അദ്ദേഹം പറയുന്നു. "വിഗ്രഹാരാധനയേയും ബഹുദൈവാരാധനയേയും രാജഭരണകൂടങ്ങളുടെ അപ്രമാദിത്തവാദത്തേയും ചോദ്യം ചെയ്ത ഈസാ(അ)നെ മരണശേഷം അനു യായികളിൽ വലിയ വിഭാഗം ദൈവപുത്രനാക്കി."

തന്റെ തൂലികയിൽനിന്ന് താനറിയാതെ ഇറ്റുവീണ ഈ സത്യം അടുത്തലക്കത്തിൽ തിരുത്തിയതും ആൾദൈവ പ്രോത്സാഹനം തന്നെയാണ്. ●

## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

മജ്‌ലിസ് അൻസാറുല്ലായുടെ മുഖപത്രമായ 'സത്യമിത്രം' പുതിയ ഉണർവ്വോടെ പ്രസിദ്ധീകരി ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്നായി കൂടുതൽ മൗലീകവും ആത്മീയപ്രചോദിതവുമായ സൃഷ്ടികൾ ആവശ്യമുണ്ട്. മാന്യഎഴുത്തുകാർ ഇത് ശ്രദ്ധിക്കുകയും ലേഖനങ്ങൾ തയ്യാറാക്കി താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

*ശംസുദ്ദീൻ.ടി*
*അഹ്മദിയ്യാ മുസ്‌ലിം കോംപ്ലക്സ്*
*ഫോർട്ട് റോഡ്, കണ്ണൂർ- 670 001*

*എം. നാസിർഅഹ്മദ്*
*എഡിറ്റർ*

*പി.പി. നാസിറുദ്ദീൻ*
*നാസിം*

അഡ്വ. ടി. നിസാർ അഹ്മദ്, കണ്ണൂർ

# തിരുനബിയുടെ വിവാഹബന്ധങ്ങൾ- യാഥാർത്ഥ്യമെന്ത് ?

മനുഷ്യരാശിയുടെ സിന്ദൂരത്തിലകമായിട്ടാണ് അല്ലാഹു തിരുനബി(സ.അ)യെ സൃഷ്ടിച്ചതും നിയോഗിച്ചതും. സർവകാലങ്ങൾക്കും സർവജനതകൾക്കുമുള്ള പ്രവാചകത്വമായിരുന്നു ആ യുഗപുരുഷന്റെ ദൗത്യം.

ഇത്രയേറെ ആരാധകരാൽ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്ത മറ്റൊരു മഹാപുരുഷനും തിരുനബി(സ.അ)നെപോലെ ചരിത്രത്തിലില്ല. ആ തിരുനാമമല്ലാതെ മറ്റൊരു പേരും ഇത്രയധികം മനുഷ്യരാശിയുടെ ഉൽപത്തി മുതൽ പരാമർശിക്കപ്പെട്ടിട്ടുമില്ല. അതുപോലെതന്നെ ഇത്രയധികം മനഃപൂർവ്വം വിമർശിക്കപ്പെടുകയും അപവാദങ്ങളാൽ ക്രൂശിക്കപ്പെടുകയും ചെയ്ത മറ്റൊരു ചരിത്രപുരുഷനുമുണ്ടായിട്ടില്ല. ഈയടുത്ത കാലത്തുണ്ടായ കാർട്ടൂൺ വിവാദം ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്.

എന്നാൽ, ജീവിച്ചിരുന്ന ഓരോ നിമിഷവും തുറന്നുവച്ച പുസ്തകത്തിന്റെ വെളുത്ത താളുകൾ പോലെ വെട്ടിത്തിളങ്ങിയ ആ ജീവിതം മുഴുവൻ ഒരിഞ്ചുപോലും ചോർന്നുപോവാതെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ അത്ഭുതരീതികളിലൊന്നാണ് തന്റെ ഏറ്റവും പ്രിയപ്പെട്ട ദൂതന്റെ ജീവിതം മുഴുവൻ അപ്രകാരം ചരിത്രത്തിന്റെ ഭാഗമാക്കിയത്. എന്നിട്ടും അപവാദങ്ങളും കുപ്രചാരണങ്ങളും ആ വിശുദ്ധജീവിതത്തിന്റെ ഓർമ്മകളിലേക്ക് നിഷ്ക്കരുണം വലിച്ചെറിയുന്ന ക്രൂരത ഇന്നും തുടരുകയാണ്.

ഈ അപവാദങ്ങളിൽ ഏറ്റവും ക്രൂരമായതാണ് തിരുനബി(സ.അ)യുടെ ദാമ്പത്യബന്ധങ്ങളെക്കുറിച്ചും വിവാഹജീവിതത്തെക്കുറിച്ചുമുള്ള നിഷ്ക്കരുണമായ തെറ്റിദ്ധരിപ്പിക്കലുകൾ. അവയ്ക്കുള്ള മറുപടി ചരിത്രത്തിന്റെ കൈകൾ ഉയർത്തിപ്പിടിക്കുന്ന സത്യത്തിന്റെ കുന്തമുനകൾ തന്നെയാണ്.

ഗർഭസ്ഥശിശുവായിരിക്കേ ബാപ്പയും ആറാം വയസ്സിൽ നൊന്തുപെറ്റ ഉമ്മയും എട്ടാം വയസ്സിൽ പിതാമഹനും നഷ്ടപ്പെട്ട, പൂർണ്ണമായൊരു അനാഥബാല്യമായിരുന്നു മുഹമ്മദ് മുസ്തഫാ(സ.അ)യുടേത്. ദുർവ്വഹമായ കുടുംബഭാരം പേറിവന്ന പിതൃസഹോദരൻ അബൂതാലിബിന്റെ മറ്റൊരു ബാധ്യതയായി പിന്നീട് ആ കുരുന്നുജീവിതം. നിരക്ഷരനായും കച്ചവടസംഘത്തിന്റെ സഹായിയായും പട്ടിണിയും പരിവട്ടവുമായിട്ടായിരുന്നു ആ ജീവിതം മുന്നോട്ടുപോയത്. മധുരിക്കുന്നതൊന്നും ലഭിക്കാതെ പോയ ജന്മമായിരുന്നു അത്. ആസ്വദിക്കാൻ സൗകര്യങ്ങളോ താലോലിക്കാൻ സ്വപ്നങ്ങളോ സമാശ്വസിപ്പിക്കാൻ ശീതളച്ഛായകളോ ഒരിക്കലും ലഭിച്ചിട്ടില്ലാത്ത ബാല്യകാല ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. പിന്നീടൊരിക്കലും ആ ജീവിതത്തിൽ വർണ്ണഭംഗികളോ നിറച്ചാർത്തുകളോ ഉണ്ടായിട്ടില്ലെന്ന് ലിഖിതചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആയിരം നന്മകൾ ആത്മാവിൽ ആവാഹിച്ച ഒരു ഒറ്റയാനായി ഖുറൈശികളുടെ ജീവിതോത്സവങ്ങളിൽ നിന്ന് വഴിമാറി നടന്ന് സത്യസന്ധനെന്നും വിശ്വസ്തനെന്നും വിളിപ്പേരുകൾ സ്വന്തമാക്കിയ ഒരു ചെറുപ്പക്കാരൻ. നാല്പതാംവയസ്സിൽ നുബുവ്വത്തിന്റെ മഹാതിലകമണിയുന്നതിന് മുമ്പേ യൗവനത്തിന്റെ നല്ല നാളുകൾ അദ്ദേഹം കടന്നുകഴിഞ്ഞിരുന്നു.

ഹദ്റത്ത് ഖദീജ(റ) തന്റെ കച്ചവടസഹായിയായ 25 കാരനെ തനിക്കായി വിവാഹമാലോചിച്ചത് കച്ചവടസാമർത്ഥ്യവും സത്യസന്ധതയും വിശ്വസ്തതയും നേരിട്ടനുഭവിച്ചറിഞ്ഞതുകൊണ്ടായിരുന്നു. അന്ന് ഖദീജക്ക് 40 വയസ്സായിരുന്നു. നൂറ്റാണ്ടുകൾക്കുശേഷം നിശിതവിമർശനങ്ങളുടെ കുന്തമുന നീളുന്നത് ആ വിവാഹബന്ധം മുതലാണ്. അതിന് മുമ്പേ ഒരു ദുഷ്പേർപോലും ആരാലും ചിന്തിക്കാൻകൂടി കാരണമാക്കിയിട്ടില്ലാത്ത ആ പരിശുദ്ധ യുവത്വം ആ വിവാഹബന്ധത്തിലൂടെ എന്ത് സ്വാർത്ഥതയാണ് പ്രകടിപ്പിച്ചതെന്ന് വിമർശകരാരും വിശദീകരിച്ചിട്ടില്ല. അതീവ സുന്ദരനും അരോഗദൃഢഗാത്രനും ഖുറൈശിഗോത്രത്തിലെ ഏത് സുന്ദരിയും മോഹിച്ചുപോകുന്നത്ര ആകർഷണീയതയുമുണ്ടായിരുന്ന മുഹമ്മദ് ബിൻ അബ്ദുല്ലാഹ് എന്ന യുവാവിന് അന്നത്തെ അറേബ്യൻ സംസ്കാരമനുസരിച്ച് എത്ര സുന്ദരിമാരേയും അവരുടെ ആചാരപ്രകാരം വിവാഹം ചെയ്യാനും കൂടെ താമസിപ്പിക്കാനും കുത്തഴിഞ്ഞ ജീവിതം നയിക്കാനും കഴിയുമായിരുന്നിട്ടും ആ മഹാപുരുഷൻ വരണമാല്യം ചാർത്തിയത് തന്നേക്കാൾ 15 വയസ്സ് കൂടുതലുള്ള രണ്ട് തവണ വിധവയാക്കപ്പെട്ട തന്റെ യജമാനത്തികൂടിയായ ആ മഹതിയെയായിരുന്നു. ക്രിസ്തുവർഷം 595-ലായിരുന്നു ആ വിവാഹം. ഏറ്റവും മാതൃകാപരമായ ദാമ്പത്യമായിരുന്നു അത്.

റസൂൽ തിരുമേനി(സ.അ)ക്ക് അമ്പത് വയസ്സായപ്പോൾ ഹിജ്റത്തിന് രണ്ട് വർഷം മുമ്പേ ഹദ്റത്ത് ഖദീജ(റ) ദിവംഗതയായി. അപ്പോൾ അവർക്ക് 65 വയ

സ്സായിരുന്നു. നീണ്ട 25 വർഷക്കാലത്തെ സംതൃപ്തമായ ആ ദാമ്പത്യത്തിൽ തിരുനബി(സ.അ)ന്റെ ഏഴ് മക്കളെ അവർ പ്രസവിച്ചു. അവരായിരുന്നു ആദ്യത്തെ മുസ്‌ലിം എന്നത് അവരുടെ മഹത്വം വിളിച്ചറിയിക്കുന്നു.

ഹദ്റത്ത് ഖദീജ(റ) വഫാത്താവുന്നതുവരെ തിരുനബി(സ.അ) മറ്റൊരു വിവാഹം കഴിച്ചിരുന്നില്ല. തന്നേക്കാൾ 15 വയസ്സ് കൂടുതലുള്ള, രണ്ടുതവണ വിധവയായ, ആ മഹിളാരത്നവുമായി തിരുനബി(സ.അ)ക്ക് ഉണ്ടായിരുന്നത് ആത്മബന്ധമായിരുന്നു. ഒരു ധനികയായിരുന്ന ഹദ്റത്ത് ഖദീജ(റ)യുടെ സമ്പത്തായിരുന്നു മുഹമ്മദിനെ ആകർഷിച്ചതെന്ന് ഒരു വിമർശനവാദമുയർന്നിരുന്നു. ചരിത്രം അതിനും മറുപടി നല്കിയിട്ടുണ്ട്. സമ്പന്നതയുടെ സാമ്രാജ്യം തന്നെയായിരുന്നു ആ പുണ്യപുരുഷന്റെ കാൽക്കീഴിൽ ഹദ്റത്ത് ഖദീജ(റ) സമർപ്പിച്ചത്. എന്നാൽ, കാൽക്കാശിന്റെ ആഡംബരംപോലും സ്വന്തമാക്കാൻ തിരുനബി(സ.അ) ശ്രമിച്ചില്ല. ആ സമ്പത്തിന്റെ വലിയൊരു ഭാഗം പാവങ്ങൾക്കും നിർധനർക്കുമായി അദ്ദേഹം വിതരണം ചെയ്തു. പിന്നീട് പൊതുഖജനാവും അമാനത്ത് മുതലുകളും ജനങ്ങളും ദൈവവുമേല്പിച്ച സൂക്ഷിപ്പുകളായി കൈകാര്യം ചെയ്തത് പോലെയായിരുന്നു റസൂൽതിരുമേനി(സ.അ) സ്വന്തം ഭാര്യയുടെ ബാക്കി മുതലുകൾ നോക്കി നടത്തിയത്. സമ്പത്തിന്റെ അധിപയായിരുന്ന ഹദ്റത്ത് ഖദീജ(റ)യാവട്ടെ സ്വന്തം ജീവിതശൈലികൾ മാറ്റി, പ്രിയതമന്റെ എളിയജീവിതരീതികൾ സ്വയം സ്വീകരിച്ചു.

സ്വന്തമായി ഒരു വീടോ ഒരു തുണ്ട് ഭൂമിയോ ഒട്ടകക്കൂട്ടമോ കച്ചവടസംഘമോ അതിനുശേഷവും നബി(സ.അ) ഉണ്ടാക്കിയില്ല. കടന്നുവന്ന വഴികൾ മറക്കാതെയും അറിയാതെകൈവന്ന സമ്പത്തിൽ ഒരിക്കൽപോലും കാലിടറാതെയും ആ മഹാപുരുഷൻ തന്റെ സാത്വികമായ എളിയ ജീവിതം തുടർന്നു.

ഹദ്റത്ത് ഖദീജ(റ)യിൽ തിരുനബി(സ.അ)ക്ക് ജനിച്ച ഏഴ് മക്കളാണ് ഖാസിം, ത്വാഹിർ, ത്വയ്യിബ് എന്നീ ആൺകുട്ടികളും സൈനബ്, റുഖിയ്യാ, ഉമ്മുഖുൽസൂം, ഫാത്വിമ എന്നീ പെൺകുട്ടികളും. ഇതിഹാസപുരുഷനും പിന്നീട് നാലാം ഖലീഫയുമായ ഹദ്റത്ത് അലി(റ)യായിരുന്നു ഫാത്തിമ(റ)യെ വിവാഹം ചെയ്തത്. ആ ബന്ധത്തിൽ ജനിച്ച മക്കളായിരുന്നു ഇസ്‌ലാമിന്റെ ചരിത്രത്തിലെ വീരപുളകങ്ങളായ ഹസ്സനും ഹുസൈനും. ഹദ്റത്ത് ഫാത്വിമ(റ)യിൽനിന്നും അവരുടെ മക്കളിൽനിന്നുമാണ് തിരുനബി(സ.അ)യുടെ വംശപരമ്പര നിലനിന്നത്.

ഹദ്റത്ത് ഖദീജ(റ)യുടെ നിര്യാണത്തിനുശേഷം മാത്രമായിരുന്നു നബി(സ.അ) മറ്റ് വിവാഹബന്ധങ്ങളിലേർപ്പെട്ടത്. ആ വിവാഹങ്ങളെല്ലാംതന്നെ ഇസ്‌ലാമികചരിത്രത്തിലെ വഴിത്തിരിവുകളായിരുന്നു. ദൈവനിയോഗവും ദൗത്യനിർവ്വഹണവുമായി മാത്രം ബന്ധപ്പെട്ടവയാണ് അവയെല്ലാം. അവയിലൊന്നിൽപോലും ശാരീരികാനന്ദമോ ലൈംഗികജീവിതപ്രാധാന്യമോ ഭൗതികസുഖമോ ലക്ഷ്യമാവുകയോ അടിസ്ഥാനമാവുകയോ കാരണമാവുകയോ ചെയ്തിട്ടില്ല. എന്നാൽ, ഈ വിവാഹബന്ധങ്ങളെ ഉപരിപ്ലവമായി എടുത്തുകാണിച്ച് ഇസ്‌ലാമിന്റെ പ്രവാചകൻ വിഷയാസക്തിക്ക് വിധേയനായിരുന്നു (നഊദുബില്ലാഹ്) എന്നാണ് വിമർശനം. സത്യത്തിന്റെ കണികപോലും ഈ അപവാദത്തിലില്ല എന്ന് ആ ചരിത്രമൊന്ന് കണ്ണോടിച്ചാൽ ഏത് നിഷ്പക്ഷമതിക്കും ബോധ്യമാവും.

ക്രിസ്തുവർഷം 620-ൽ തിരുമേനി(സ.അ) രണ്ടാമത് വിവാഹം ചെയ്ത ഹദ്റത്ത് സൗദ(റ)ന് അപ്പോൾ അമ്പത് വയസ്സായിരുന്നു പ്രായം. അവർ ഹിജ്റ 22-ാം വർഷത്തിൽ വഫാത്തായി. അവർ ജീവിച്ചിരിക്കേ ക്രിസ്തുവർഷം 622-ൽ റസൂൽ തിരുമേനി(സ.അ) ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ മകൾ ഹദ്റത്ത് ആയിശ(റ)യെ വിവാഹം ചെയ്തു. ഹദ്റത്ത് ആയിശ(റ) മാത്രമായിരുന്നു തിരുനബി(സ.അ)യുടെ പത്നിമാരിൽ ഏറ്റവും പ്രായം കുറഞ്ഞത്. എന്നാൽ, ആ വിവാഹബന്ധം ഒരുതരത്തിലും വ്യക്തിപരമായ സൗകര്യമോ സുഖമോ പരിഗണിച്ചായിരുന്നില്ല എന്നതാണ് ചരിത്രസാക്ഷ്യം. ഹദ്റത്ത് ആയിശ(റ) വളരെ ചെറുപ്പം മുതലേ അവഗാഹമായ പാണ്ഡിത്യവും അറിവും നേതൃത്വശേഷിയും പ്രകടിപ്പിച്ചിരുന്നു. ഇസ്‌ലാമിന്റെ വളർച്ചയിൽ വലിയൊരു ഘടകമായിരുന്ന സ്ത്രീകൾ ഒറ്റക്കും കൂട്ടായും പുതിയ വിശ്വാസവീഥിയിലേക്ക് കടന്നുവന്ന സമയമായിരുന്നു. അറേബ്യയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായി സ്ത്രീകൾക്ക് ഭൗതിക-ആത്മീയ വിദ്യാഭ്യാസവും, സ്ത്രീശാക്തീകരണ അവബോധവും പർദ്ദാസമ്പ്രദായവും നടപ്പാക്കുകയായിരുന്നു തിരുനബി(സ.അ). ആ സമയത്ത് വളരെ വിപുലമായ അത്തരം പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനും അവയിൽ നേതൃത്വപരമായ പങ്ക് വഹിക്കാനും ഹദ്റത്ത് ആയിശ(റ)യെപ്പോലൊരു ബുദ്ധിമതിയും പണ്ഡിതയും കർമ്മധീരയുമായ യുവതി ആവശ്യമായിരുന്നു. ആ അനിവാര്യതയാണ് ദിവ്യമായ ആ വിവാഹബന്ധത്തിന്റെ അടിസ്ഥാനം. തിരുനബി(സ.അ)യുടെ തീരുമാനവും പ്രതീക്ഷയും തെറ്റിയില്ലെന്നതിന് ചരിത്രമാണ് സാക്ഷി. ഉമ്മുൽമുഅ്മിനീൻ അഥവാ വിശ്വാസികളുടെ മാതാവ് എന്ന അത്യപൂർവ്വബഹുമതി, ചെറിയൊരു കാലയളവിനുള്ളിൽ ഹദ്റത്ത് ആയിശ(റ) യെ തേടിയെത്തി. തർബിയ്യത്തും പ്രബോധനങ്ങളും അദ്ധ്യാപനങ്ങളും മാത്രമായിരുന്നില്ല ആ പ്രവാചകപത്നിയുടെ പ്രവർത്തനമേഖല. സാമൂഹികപ്രവർത്തനങ്ങളും സ്ത്രീപരിഷ്കരണപ്രവർത്തനങ്ങളും മനുഷ്യസേവനമേഖലകളിലും അവർ വ്യക്തിമുദ്ര പതിപ്പിച്ചു. സ്ത്രീകൾക്ക് തിരുനബി(സ.അ) യുദ്ധത്തിൽ പങ്കെടുത്ത് സേവനം ചെയ്യാൻ അനുവാദം നല്കിയ ഘട്ടത്തിൽ ഹദ്റത്ത് ആയിശ(റ) പങ്കെടുത്തിരുന്നു. പകുതി ദീൻ ആയിശയിൽനിന്ന് പഠിക്കാൻ നബി(സ) തിരുമേനി മുസ്‌ലിംകളെ ഉപദേശിക്കുകയുണ്ടായി.

ക്രിസ്തുവർഷം 624-ൽ തിരുനബി(സ.അ)

വിവാഹം ചെയ്ത ഹദ്റത്ത് ഉമർ(റ)ന്റെ മകൾ ഹദ്റത്ത് ഹഫ്സ(റ) ഒരു വിധവയായിരുന്നു. തിരുനബി(സ.അ) നിർദ്ദേശിച്ചപ്രകാരം വിശുദ്ധഖുർആന്റെ വഹ്‌യുകൾ സൂക്ഷിക്കുന്നതിൽ അവർ സഹായിച്ചിരുന്നു. ഹദ്റത്ത് ആയിശ(റ)യോടൊപ്പം അവർ സ്ത്രീകളെ പ്രബോധനം ചെയ്യുന്നതിന് സജീവമായ നേതൃത്വം നല്കി. പ്രായംകൊണ്ടും പക്വതകൊണ്ടും പ്രൗഢയായ അവർ ഇസ്‌ലാമിന്റെ ശക്തിസ്തംഭങ്ങളിലൊന്നായിരുന്നു. അവർ ഹിജ്റ 45-ാം വർഷം വഫാത്തായി.

ഹദ്റത്ത് സൈനബ് ബിൻ ഖുസൈമത്ത്(റ)ആണ് തിരുനബി(സ.അ)ന്റെ മറ്റൊരു പത്നി. അവരുടെ മൂന്നാം വിവാഹമായിരുന്നു അത്. ആദ്യഭർത്താവ് മരിച്ചശേഷം അവർ ഒരു പ്രമുഖ സഹാബിയെയായിരുന്നു വിവഹം ചെയ്തത്. പ്രസ്തുത രണ്ടാം ഭർത്താവ് ചരിത്രപ്രസിദ്ധമായ ഉഹദ്‌യുദ്ധത്തിൽ രക്തസാക്ഷിയായി. അപ്രകാരം മരിച്ചുവീണ നിരവധി മുസ്‌ലി ശുഹദാക്കളുടെ ഭാര്യമാർ വിധവകളായത് അന്ന് ഇസ്‌ലാം നേരിട്ട ഒരു സാമൂഹികപ്രശ്നമായിരുന്നു. ആ വിധവകളുടെ പുനർവിവാഹത്തിനും പുനരധിവാസത്തിനും നബി(സ.അ) ചരിത്രത്തിൽ സമാനതകളില്ലാത്ത പദ്ധതികളാവിഷ്കരിച്ചു. ഹദ്റത്ത് സൈനബിനെ പുനർവിവാഹം ചെയ്യാൻ പല സഹാബിമാരോടും പറഞ്ഞുവെങ്കിലും ആരും അതിന് തയ്യാറായില്ല. ആ ദശാസന്ധിയിൽ തിരുനബി(സ.അ)യുമായി വിവാഹബന്ധം നിർദ്ദേശിക്കപ്പെടുകയും അത് സ്വീകരിക്കപ്പെടുകയും ചെയ്തു. ചരിത്രപ്രസിദ്ധമായ ആ വിവാഹം അങ്ങനെയാണ് സംഭവിച്ചത്. എന്നാൽ, വിവാഹത്തിന് ശേഷം വെറും രണ്ടോ മൂന്നോ മാസം മാത്രമേ അവർ ജീവിച്ചിരുന്നുള്ളൂ. 30-ാം വയസ്സിൽ അവർ വഫാത്തായി.

മറ്റൊരു വിധവയായിരുന്നു ഹദ്റത്ത് ഉമ്മു സൽമ (റ). ആദ്യവിവാഹത്തിൽ അവർക്ക് നാല് കുട്ടികളുണ്ടായിരുന്നു. ഹദ്റത്ത് സൈനബ് അന്തരിച്ച ശേഷമാണ് വിധവാ വിവാഹ- പുനരധിവാസ നിയോഗമനുസരിച്ചുതന്നെ റസൂൽകരീം(സ.അ) ക്രിസ്തുവർഷം 626-ൽ അവരെ വിവാഹം ചെയ്തത്. ഹിജ്റ വർഷം 63-ൽ 84-ാമത്തെ വയസ്സിൽ അവർ വഫാത്തായി. തിരുനബി(സ.അ)ക്ക് ശേഷം ഏറ്റവും കൂടുതൽകാലം ജീവിച്ച പ്രവാചകപത്നിയായിരുന്നു ഉമ്മു സൽമ(റ).

ക്രിസ്തുവർഷം 626-ൽതന്നെ ഒരു ഗോത്രവുമായി മുസ്‌ലിംകൾ നടത്തിയ യുദ്ധത്തിൽ ആ ഗോത്രത്തിന്റെ നേതാവ് ഹാരിസിന്റെ മകളായ ഹദ്റത്ത് ജുവൈരിയ(റ) ഉൾപ്പെടെയുള്ളവർ ആ ഗോത്രസേന പരാജയപ്പെട്ടപ്പോൾ യുദ്ധത്തടവുകാരായി. അവരുടെ ഭർത്താവ് ആ യുദ്ധത്തിൽ കൊല്ലപ്പെടുകയും ചെയ്തു. ഹിജ്റ 5-ാം വർഷമായിരുന്നു അത്. അന്ന് അവർക്ക് 20 വയസ്സായിരുന്നു. വിധവാപുനരധിവാസം പോലെതന്നെ ഇസ്‌ലാമിന്റെ മറ്റൊരു മഹത്തായ പദ്ധതിയായിരുന്നു യുദ്ധത്തടവുകാരുടെ പുനരധിവാസം. ആധുനികലോകത്തിനുതന്നെ മാതൃകയാണ് യുദ്ധത്തടവുകാരോട് ഇസ്‌ലാം സ്വീകരിച്ച സ്നേഹസാന്ത്വനങ്ങളുടെ സമീപനം. ആ പദ്ധതിയുടെ ഭാഗമായാണ് നിരവധി യുദ്ധത്തടവുകാരായ വിധവകളെ മുസ്‌ലിംകൾ വിവാഹം ചെയ്തത്. അക്കൂട്ടത്തിൽ നബി(സ.അ) വിവാഹം ചെയ്തതാണ് ഹദ്റത്ത് ജുവൈരിയ(റ)യെ. അവർ 65-ാ മത്തെ വയസ്സിൽ ഹിജറ 50-ാം വർഷം വഫാത്തായി.

നിരവധി വിവാദങ്ങൾ വിമർശകർ അഴിച്ചുവിട്ട തിരുമേനി(സ.അ)യുടെ വിവാഹബന്ധമായിരുന്നു ഹദ്റത്ത് സൈനബ് ബിൻത് ജഹ്ശുമായി ക്രിസ്തുവർഷം 626-ൽ നടന്നത്. ഈ വിവാഹബന്ധത്തിന് നിരവധി പ്രത്യേകതകളുണ്ട്. അവർ തിരുനബി(സ.അ)യുടെ ബാപ്പയുടെ സഹോദരിപുത്രിയായിരുന്നു. സ്വന്തം കുടുംബാംഗം. ഖുറൈശി ഗോത്രത്തിലെ ഉയർന്നസ്ഥാനം വഹിക്കുന്നവർ. ആ മഹതിയെക്കൊണ്ട് നബി(സ.അ) വിവാഹം കഴിപ്പിച്ചത് തന്റെ സന്തതസഹചാരിയും താൻ സ്വതന്ത്രനാക്കിയ അടിമയും സമൂഹത്തിന്റെ ഏറ്റവും താഴെപ്പടിയിലുമായിരുന്ന ഹദ്റത്ത് സൈദിനെക്കൊണ്ടായിരുന്നു. സത്യത്തിൽ അതൊരു സാമൂഹികവിപ്ലവമായിരുന്നു. എന്നാൽ, ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ കാരണം ആ ബന്ധം നിലനിന്നില്ല. അത് ത്വലാഖിൽ കലാശിച്ചു. തുടർന്നാണ് തിരുനബി(സ.അ) അവരെ അവരുടെ 28-ാം വയസ്സിൽ വിവാഹം ചെയ്തത്. പരിചാരകനെപോലെ സഹചാരിയായ മുൻഅടിമയുടെ വിവാഹമുക്തയായ ഭാര്യയെ സ്വീകരിക്കാൻ തിരുനബി(സ.അ) തയ്യാറായത് സത്യത്തിൽ സമാനതകളില്ലാത്ത ചരിത്രസംഭവമാണ്. 53-ാം വയസ്സിൽ ഹിജ്റ 20-ാം വർഷം ആ മഹതി ദിവംഗതയായി.

ആദ്യകാലത്തെ ഇസ്‌ലാമിന്റെ പ്രമുഖശത്രുവും പിന്നീട് മുസ്‌ലിമാവുകയും ചെയ്ത പ്രമുഖ യുദ്ധവീരൻ അബൂസുഫിയാന്റെ മകൾ ഹദ്റത്ത് ഉമ്മു ഹബീബ(റ)യാണ് തിരുനബി(സ.അ)യുടെ മറ്റൊരു ഭാര്യ. അബിസീനയിലായിരിക്കേ അവരുടെ ആദ്യഭർത്താവ് ക്രിസ്ത്യാനിയായി. അയാൾ അവരെ ഉപേക്ഷിച്ചു. അബിസീനിയയിലെ രാജാവ് നെജ്ജാശിയായിരുന്നു അവരുമായി നബിതിരുമേനി(സ.അ)ക്ക് വിവാഹബന്ധമാലോചിച്ചതും ഉറപ്പിച്ചതും. രാജാവ് തന്നെ വിവാഹത്തിന് ആതിഥ്യം വഹിച്ചു. അത് ക്രിസ്തുവർഷം 628-ലായിരുന്നു. വിവാഹശേഷം അവർ മദീനയിൽ വന്ന് താമസിച്ചു. അബിസീനിയ ഇസ്‌ലാംമതമാശ്ലേഷിക്കുന്നതിലും അവിടെ സാമൂഹികമാറ്റങ്ങൾ ത്വരിതപ്പെടുത്തുന്നതിലും ആ വിവാഹം വലിയ പങ്കുവഹിച്ചിരുന്നു. ഹിജറ വർഷം 44-ൽ 73-ാം വയസ്സിൽ ഹദ്റത്ത് ഉമ്മു ഹബീബ(റ) വഫാത്തായി. അവരുടെ യഥാർത്ഥ പേര് റംല എന്നായിരുന്നു.

ഒരു ജൂതഗോത്രവുമായുള്ള തന്ത്രപരമായ ഇടപെടലുകൾക്കിടയിൽ ക്രിസ്തുവർഷം 628-ൽ അവരുമായി തിരുനബി(സ.അ)ക്ക് യുദ്ധം ചെയ്യേണ്ടിവന്നു. അതാണ് പ്രസിദ്ധമായ ഖൈബർ യുദ്ധം. ആ യുദ്ധത്തിൽ ഗോത്രത്തലവനായ ബനുനദീർ കൊല്ലപ്പെട്ടു.

അദ്ദേഹത്തിന്റെ മകൾ ഹദ്റത്ത് സഫിയ(റ) ഉൾപ്പെടെയുള്ളവർ യുദ്ധത്തടവുകാരായി. അവരുടെ ഭർത്താവും യുദ്ധത്തിൽ കൊല്ലപ്പെട്ടു. യുദ്ധത്തടവുകാരോട് ഇസ്‌ലാം കാണിച്ച സമീപനങ്ങൾ കാരണം അവർ ഇസ്‌ലാംമതം സ്വീകരിച്ചു. അവരെ തിരുനബി (സ.അ.) മോചിതയാക്കി. ജീവിതത്തിൽ ആലംബഹീനയായിത്തീർന്ന അത്തരം എല്ലാ വിധവകളേയും ഇസ്‌ലാം പുനരധിവസിപ്പിച്ചപ്പോൾ അവർ സസന്തോഷം പ്രവാചപ്രഭുവിന്റെ ധർമ്മപത്നിയായി. ആ വിവാഹം, ജൂതഗോത്രം വെറുപ്പും ശത്രുതയും ഉപേക്ഷിച്ച് ഇസ്‌ലാമുമായി രമ്യതയിലാവുന്നതിന് കാരണമായി. ആ ധർമ്മപത്നി ഹിജറ 50-ാം വർഷം 62-ാം വയസ്സിൽ അന്തരിച്ചു.

മറ്റൊരു വിധവയായിരുന്നു തിരുനബി(സ.അ)യുടെ മാതുലൻ ഹദ്റത്ത് അബ്ബാസി(റ)ന്റെ ഭാര്യാസഹോദരിയായിരുന്ന ഹദ്റത്ത് മൈമൂന(റ). മുമ്പ് രണ്ട് പ്രാവശ്യം വിവാഹിതയായിരുന്നു അവർ. രണ്ട് ഭർത്താക്കന്മാരും അന്തരിച്ചശേഷമായിരുന്നു ഹദ്റത്ത് അബ്ബാസ്(റ) തിരുനബി(സ.അ)യുമായി വിവാഹാലോചന കൊണ്ടുവന്നത്. ഹർസിൻഗോത്രത്തിലെ പ്രമുഖനായിരുന്നു അവരുടെ പിതാവ് ഹാരിസ്. വിധവാവിവാഹത്തോടൊപ്പം ആ ഗോത്രവുമായി സാമൂഹിക-രാഷ്ട്രീയ നീക്കങ്ങൾ ബലപ്പെടുത്തുന്നതിന് ആ വിവാഹബന്ധം ഉപകരിച്ചു. ക്രിസ്തുവർഷം 629-ൽ അവരുടെ 30-ാം വയസ്സിലായിരുന്നു ആ വിവാഹം. ഹിജറ 50-ാം വർഷം 73-ാമത്തെ വയസ്സിൽ ആ മഹതി ദിവംഗതയായി.

നബിതിരുമേനി(സ.അ) അവസാനമായി വിവാഹം ചെയ്തത് ഹദ്റത്ത് മാരിയത്തുൽ ഖിബ്തിയ എന്ന മഹിളാരത്നത്തെയായിരുന്നു. മുഖൗഖസ് രാജാവ് നബിയോടുള്ള സ്നേഹത്തിൽ രണ്ട് പെൺകുട്ടികളെ സമ്മാനമായി മദീനയിലേക്ക് അയച്ചു. അവർ ഖിബ്തി ജനതയിൽപ്പെട്ടവരായിരുന്നു. മുഖൗഖസും ഖിബ്തിയായിരുന്നു. മാരിയായും സീരീനും സഹോദരിമാരായിരുന്നു. അവർ സാധാരണക്കാരികളായിരുന്നില്ല. ഖിബ്തിജനതയിൽ വളരെ വലിയ സ്ഥാനമാണ് അവർക്കുണ്ടായിരുന്നത്. മാരിയായെ നബി(സ) തിരുമേനിയും സീരീനെ അറേബ്യയിലെ വിശ്രുതകവി ഹസ്സാൻബിൻ സാബിത്തും വിവാഹം കഴിച്ചു. ആ വിവാഹബന്ധത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ടായിരുന്നു. ഹദ്റത്ത് ഖദീജ (റ)ക്ക് പുറമെ തിരുനബി (സ.അ)ക്ക് ഒരു പുത്രനെ പ്രസവിച്ചത് ഹദ്റത്ത് മാരിയ(റ) മാത്രമായിരുന്നു. അവർ പ്രസവിച്ച പുത്രനായിരുന്നു ചരിത്രപ്രസിദ്ധനായ ഹദ്റത്ത് ഇബ്റാഹിം(റ). ഹദ്റത്ത് ഫാത്വിമ(റ) ഒഴിച്ച് ഹദ്റത്ത് ഖദീജ(റ) പ്രസവിച്ച മറ്റ് ആറ് മക്കളും ഹദ്റത്ത് ഇബ്റാഹിം(റ) ജനിക്കുമ്പോൾ ജീവിച്ചിരിപ്പില്ലായിരുന്നു. വെറും പതിനെട്ട് മാസമായിരുന്നു ഇബ്റാഹിം(റ) ജീവിച്ചത്. ഹിജ്റ 10-ാം വർഷം ആ കുട്ടി ദിവംഗതനായി. നബി(സ.അ)യെ ഇബ്റാഹീമിന്റെ മരണം ദുഃഖത്തിലാഴ്ത്തി. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരയായി ഒഴുകിക്കൊണ്ടിരുന്നു. അതിന് മുമ്പൊരിക്കലും തിരുനബി(സ.അ) അപ്രകാരം കരഞ്ഞിട്ടുണ്ടായിരുന്നില്ല. പിന്നീടദ്ദേഹം ദുആയിൽ സാന്ത്വനം തേടി. ആ മകനെക്കുറിച്ച് ഹൃദയവേദനയോടെ തിരുനബി(സ.അ) പറഞ്ഞ വാക്കുകൾ അഹ്മദിയ്യാ ജമാഅത്തിന്റെ സത്യസാക്ഷ്യം കൂടിയാണ്. “ഇബ്റാഹിം ജീവിച്ചിരുന്നെങ്കിൽ നബിയാകുമായിരുന്നു” എന്നാണ് പ്രഖ്യാതമായ ആ തിരുമൊഴികൾ. തിരുനബി(സ.അ)ക്ക് ശേഷവും ഉമ്മത്തീനുബുവ്വത്ത് ഉണ്ടാകും എന്ന് റസൂൽതിരുമേനി(സ.അ) തന്നെ കൃത്യമായി വെളിപ്പെടുത്തി എന്നർത്ഥം. അതൊരു വിൺവാക്കോ പാഴ്‌വാക്കോ അല്ലെന്ന് വിശ്വസിക്കാൻ ഏത് മുസൽമാനും ബാധ്യസ്ഥനാണ്. എങ്കിൽ അവരാദ്യം ചെയ്യേണ്ടത് മസീഹ് മൗഊദ് (അ)ൽ വിശ്വസിക്കുകയാണ്.

വിവാഹമെന്ന വ്യവസ്ഥിതിയോ സ്ത്രീ-പുരുഷബന്ധങ്ങൾക്ക് പരിമിതികളോ ഒന്നുമില്ലാതിരുന്ന സംസ്കാരശൂന്യത നൃത്തമാടിയ, അന്നത്തെ അറേബ്യൻ സമൂഹത്തിൽ വിവാഹബന്ധങ്ങൾക്ക് പരിശുദ്ധിയും കൃത്യതയും തിരുനബി(സ.അ) നിശ്ചയിച്ചു എന്ന് മാത്രമല്ല വിവാഹത്തെ സാമൂഹിക പരിഷ്കരണത്തിന്റെയും ആത്മീയോന്നതിയുടെയും മാധ്യമമായി മാറ്റുകയും ചെയ്തു. ശരീഅത്ത് നിയമങ്ങൾ സംബന്ധിച്ച ആയത്തുകൾ പിന്നീട് വെളിപ്പെട്ട ശേഷമാണ് റസൂൽകരീം(സ.അ) അല്ലാഹുവിന്റെ കല്പന പ്രകാരം ചില പ്രത്യേക സന്ദർഭങ്ങളിൽ നാല് വരേയും അല്ലെങ്കിൽ സാധാരണനിലിൽ ഏകപത്നീ സംവിധാനവും ഏർപ്പെടുത്തിയത്.

അത്രയും ശാസ്ത്രീയമായും പുരോഗമനപരമായും ഒരു പഴഞ്ചൻ സമൂഹത്തിലെ അനാചാരങ്ങളെ തൂത്തെറിയാനുള്ള സാമൂഹികമാറ്റത്തിന്റെ പടച്ചട്ടയും കവചവുമായി സ്വന്തം വിവാഹബന്ധങ്ങളെ ഉപയോഗിച്ച തിരുനബി(സ.അ)യെ അപവാദങ്ങൾകൊണ്ട് വിമർശിച്ചവർക്കുള്ള മറുപടി ആ പരിശുദ്ധജീവിതവും അദ്ദേഹത്തിന്റെ വിശുദ്ധമായ ദാമ്പത്യബന്ധങ്ങളും തന്നെയായിരുന്നു.

●

**ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:**

“ലോകത്ത് നിലവിലുള്ള മതങ്ങളിൽ വിശുദ്ധഖുർആൻ കൊണ്ടുവന്ന മതം മാത്രമാണ് സത്യമെന്നും ദൈവേഹിതപ്രകാരമുള്ളതെന്നും മോക്ഷത്തിന്റെ ഭവനത്തിൽ പ്രവേശിക്കാനുള്ള കവാടം ***ലാഇലാഹഇല്ലല്ലാഹുമുഹമ്മദുർറസൂലുല്ലാഹ്*** ആണെന്നുമുള്ള സന്ദേശം ദൈവസൃഷ്ടികൾക്ക് എത്തിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ വിനീതൻ അയക്കപ്പെട്ടിരിക്കുന്നത്.” (ഹുജ്ജത്തുൽ ഇസ്‌ലാം, റുഹാനിഖസായിൽ, വാള്യം-6, പേജ്-53)

യു. മൻസൂർ അഹ്മദ്

# എക്സിബിഷൻ
# അൽ-ഖുർആൻ ഇന്റർനാഷണൽ-07



ഇസ്‌ലാമിലെ നവോത്ഥാനപ്രസ്ഥാനമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ് കേരളത്തിൽ എക്സിബിഷനുകളിലൂടെ സന്ദേശപ്രചാരണമെന്ന സംരംഭത്തിന് തുടക്കം കുറിച്ചത്. നാല്പത് വർഷങ്ങൾക്കു മുമ്പ് കോഴിക്കോട്ടെ ജനാബ് എം. ആലിക്കോയ സാഹിബിന്റെ നേതൃത്വത്തിൽ വിശുദ്ധഖുർആൻ വചനങ്ങളിലെ തത്ത്വരഹസ്യങ്ങളും ആധുനികശാസ്ത്ര സാങ്കേതിക പരിജ്ഞാനവും കോർത്തിണക്കി, ദൈവികഗ്രന്ഥത്തിൽ സൂചിപ്പിക്കപ്പെട്ട പ്രപഞ്ചരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് ഒരു തീർത്ഥയാത്രയൊരുക്കിക്കൊണ്ട് ആരംഭിച്ച എക്സിബിഷൻ അൽഖുർആൻ ഇപ്പോൾ മറ്റ് മുസ്‌ലിം സംഘടനകൾക്കും പ്രചോദനമായിത്തീർന്നിരിക്കുന്നു. കേരളത്തിൽ 105 വർഷം മുമ്പ് അഹ്മദിയ്യാ ജമാഅത്തിന് ബീജാവാപം ചെയ്യപ്പെട്ട കണ്ണൂരിൽ ഖിലാഫത്ത് ജൂബിലിക്ക് ഒരുവർഷം മുമ്പേ വീണ്ടും നടത്തപ്പെട്ട 'എക്സിബിഷൻ അൽഖുർആൻ' തബ്‌ലീഗ് ചരിത്രത്തിൽ ഒരു പുതിയ കാൽവെപ്പാണെന്നതിൽ സംശയമില്ല. അൽഖുർആൻ എക്സിബിഷൻ പുതുമകളോടെ വീണ്ടുമവതരിപ്പിക്കണമെന്ന് കണ്ണൂർ മേഖല മജ്‌ലിസ് അൻസാറുല്ലായുടെ പ്രവർത്തകരുടെ മനസ്സിലുദിച്ച ആഗ്രഹത്തിന്, അൻസാറുല്ല സംസ്ഥാന നാസിമിന്റെ നേതൃത്വവും കോഴിക്കോട്ടെ എ.എം. മുഹമ്മദ് സലീം സാഹിബിന്റെ ശാസ്ത്രാവബോധവും കൂടിച്ചേർന്നപ്പോൾ പ്രപഞ്ചനാഥന്റെ അനുഗ്രഹത്താൽ അതൊരു ചരിത്രസംഭവമായി മാറുകയായിരുന്നു. (അൽഹംദുലില്ലാഹി അലാദാലിക്ക) കേരളത്തിലെ പലയിടത്തും ജോലി ചെയ്യുന്ന മുബല്ലിഗ്, മുഅല്ലിംകളും കണ്ണൂരിലെ ഖുദ്ദാം, അത്ഫാൽ, ലജ്ന വിഭാഗങ്ങളും എല്ലാ നിലക്കും സഹായസഹകരണങ്ങൾ അർപ്പിച്ചുകൊണ്ട് ഈ തബ്‌ലീഗ് പരിപാടി വമ്പിച്ച വിജയമാക്കി മാറ്റുകയുണ്ടായി. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും അഹ്മദീസഹോദരന്മാർ തങ്ങളുടെ എല്ലാ പരിപാടികളും മാറ്റിവച്ചുകൊണ്ട് രണ്ടാഴ്ചക്കാലം അഹ്മദിയ്യത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാനുള്ള ഈ പ്രയത്നത്തിൽ പങ്കുചേർന്നിരുന്നുവെന്നത് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തിനും കാരണമായിത്തീർന്നു.

ഒരുപാട് എക്സിബിഷൻ പന്തലുകളും സർക്കസ് കൂടാരങ്ങളും സമ്മേളനവേദികളും ഉയർത്തപ്പെട്ട കണ്ണൂർ പോലീസ് മൈതാനിയിൽ 2007 ഫെബ്രുവരിയിൽ നടത്തപ്പെട്ട തികച്ചും ആത്മീയതയിലധിഷ്ഠിതമായ 'എക്സിബിഷൻ അൽഖുർആൻ' ജീവിതത്തെ ഗൗരവമായി കാണുന്ന സത്യാന്വേഷികളെ സംതൃപ്തരാക്കുന്ന വിധത്തിലായിരുന്നു. ഇതിനുമുമ്പ് രണ്ടുതവണ കണ്ണൂർ 'എക്സിബിഷൻ അൽഖുർആന്' വേദിയായിട്ടുണ്ട്. "ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ കോണുകളോളം എത്തിക്കും'' എന്ന് അല്ലാഹു ഹദ്റത്ത് അഹ്മദ്(അ)ന് സുവിശേഷം നല്കിയത് സത്യപ്പെടുത്തുന്നവിധത്തിൽ കണ്ണൂരിന്റെ എല്ലാ കോണുകളിൽനിന്നും ഇപ്രാവശ്യവും ജനസഹസ്രങ്ങളുടെ പ്രവാഹമുണ്ടായിരുന്നു.

വിശുദ്ധഖുർആനിൽ ഒളിഞ്ഞുകിടക്കുന്ന വിജ്ഞാനസാഗരത്തിൽ ചെറിയൊരു ബഹിർപ്രകടനമായിരുന്നു അൽഖുർആൻ എക്സിബിഷൻ. അതോടൊപ്പം ആധുനിക കാലഘട്ടത്തെക്കുറിച്ചുള്ള പ്രവചനങ്ങളുടെ വെളിപ്പെടുത്തലുകളും അവയുടെ പുലർച്ചയും ഫ്ളക്സ് ബോർഡുകളിൽ മനോഹരമായി രേഖപ്പെടുത്തപ്പെട്ടിരുന്നു. ഈ കാലഘട്ടത്തിലെ ദൈവനിയോഗിതനായ അഹ്മദ്(അ)ന്റെ ജമാഅത്തിന് മാത്രമേ യഥാർത്ഥ ഖുർആനികജ്ഞാനം പ്രകടിപ്പിക്കാൻ സാധ്യമാകൂ എന്ന് ഈ എക്സിബിഷനിലൂടെ തെളിയിക്കപ്പെടുകയുണ്ടായി. സത്യാന്വേഷികളായ സാധാരണക്കാരും പണ്ഡിതന്മാരും ഉന്നയിക്കുന്ന ഏതുവിധ ചോദ്യങ്ങൾക്കും അടിസ്ഥാന പ്രമാണങ്ങൾ ഉപയോഗിച്ചുകൊണ്ട് മറുപടി പറയാൻ ജമാഅ



ത്തിലെ പണ്ഡിതന്മാരും അല്ലാത്തവരുമായ ഒരു ടീം സദാ സന്നദ്ധമായിരുന്നു. നൂറുകണക്കിന് ആളുകൾ ദിവസവും ഇവിടെനിന്ന് സംശയനിവൃത്തി വരുത്തിക്കൊണ്ടിരുന്നു.

അറബി വ്യാകരണത്തിന്റെ കുന്നുകൾ കയറിയവരും ഹദീസ് നിദാനശാസ്ത്രത്തിന്റെ ആഴങ്ങളോളം മുങ്ങിച്ചെല്ലുന്നവരും മൻത്വിഖിലെ (തർക്കശാസ്ത്രം) അഭ്യാസപാടവംകൊണ്ട് ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്നവരുമായ പണ്ഡിതന്മാരെല്ലാം വിശുദ്ധഖുർആന്റെ അതുല്യമായ ജ്ഞാന നിർഝരിക്കു മുമ്പിൽ നിശ്ചേതരായിത്തീരുന്ന കാഴ്ച ഏതൊരു വിശ്വാസിയേയും കോരിത്തരിപ്പിക്കുന്നതായിരുന്നു. 'എന്റെ ജമാഅത്തിലെ ഒരു കുട്ടിക്കുപോലും അന്യവിഭാഗത്തിലെ ഒരു പണ്ഡിതനെ കീഴടക്കാൻ സാധിക്കുമെന്ന' ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രവചനം കൺമുമ്പിൽ പുലരുന്നതിന് പലരും സാക്ഷികളായി. അഹ്മദിയ്യത്തിന്റെ അടിവേര് മാന്തുമെന്നപ്രതിജ്ഞയോടെ നെഞ്ചു വിരിച്ച് വന്നവർ, തങ്ങളുടെ കയ്യിലെ ആയുധങ്ങൾ വിശുദ്ധഖുർആന്റെ സുദൃഢമായ പരിചക്ക് മുമ്പിൽ നിഷ്പ്രയോജനമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ, ജമാഅത്തിനെക്കുറിച്ച് പഠിക്കണമെന്നുദ്ദേശിച്ച് പുസ്തകങ്ങളും വാങ്ങി ശാന്തരായി നടന്നുനീങ്ങി. മറ്റു മതങ്ങളിൽ വിശ്വസിക്കുന്ന സഹോദരങ്ങളാകട്ടെ, ഇസ്‌ലാമിക ഗ്രന്ഥങ്ങളിലൂടെ മനസ്സിലാക്കിയ, ഇസ്‌ലാമിന്റെ സുന്ദരമുഖം കാത്തുസൂക്ഷിക്കുന്ന ഒരുവിഭാഗം തങ്ങൾക്കിടയിൽ ജീവിക്കുന്നു എന്ന തിരിച്ചറിവ് സന്തോഷം പകരുന്നുവെന്ന് സമ്മതിക്കുകയുണ്ടായി. പലരും ഇസ്‌ലാമിനെ മനസ്സിലാക്കിയത് ഇവിടെവെച്ചാണെന്ന പരമാർത്ഥം തുറന്നു പ്രകടിപ്പിക്കുകയും ചെയ്തു.

ആഗോളതലത്തിൽ 24 മണിക്കൂറും ഇസ്‌ലാമിക സേവനത്തിനായി പ്രവർത്തിക്കുന്ന ഉപഗ്രഹചാനൽ മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ ദീനീസ്നേഹികൾക്ക് കണ്ടാസ്വദിക്കാൻ ഉതകുന്ന വിധം സദാ സമയവും പ്രവർത്തിച്ചിരുന്നു. യാതൊരുവിധ പരസ്യവുമില്ലാതെ അഹ്മദികളുടെ സാമ്പത്തികത്യാഗം കൊണ്ടുമാത്രം പ്രവർത്തിക്കുന്ന എം.ടി.എ. ഇന്റർനാഷണൽ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിലൊന്നായി പ്രേക്ഷകർക്ക് ബോധ്യപ്പെട്ടു. അമീറുൽ മുഅമിനീന്റെ രാഷ്ട്രപര്യടനങ്ങളുടേയും ജമാഅത്തി പ്രവർത്തനങ്ങളുടേയും ദൃശ്യങ്ങൾ പ്രൊജക്ടർ മുഖേന കാണിച്ചത് ജമാഅത്തിന്റെ പ്രവർത്തനങ്ങളുടെ വിശാലതയെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതായിരുന്നു. വിവിധ രാജ്യങ്ങളിലെ മനോഹരങ്ങളായ അഹ്മദി മുസ്‌ലിംകളുടെ ഫോട്ടോകൾ അഹ്മദിയ്യാ ജമാഅത്ത് അജയ്യശക്തിയായി വളർന്നുകഴിഞ്ഞു എന്നതിന് തെളിവായി പ്രദർശിപ്പിക്കപ്പെട്ടിരുന്നു.

മുസ്‌ലിം സ്ത്രീകളുടെ അനുസ്യൂതപ്രവാഹമായിരുന്നു മുൻകാലങ്ങളെ അപേക്ഷിച്ച് എടുത്തുപറയേണ്ടുന്ന ഒരു സവിശേഷത. മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി, സുന്നി ആശയത്തിൽ വിശ്വസിക്കുന്നവരും പ്രത്യേക ആദർശമില്ലാത്തവരുമായ ധാരാളം സഹോദരിമാർ എക്സിബിഷൻ കാണാനെത്തി. പണ്ഡിതർ സൃഷ്ടിച്ച വേലിക്കെട്ടുകൾക്ക് ഇനിയും തങ്ങളെ തടുത്തുനിർത്താനാവില്ലെന്ന് പ്രഖ്യാപിക്കുന്നവിധമായിരുന്നു സത്യാന്വേഷികളായ സഹോദരിമാരുടെ ആഗമനം. അവരുടെ സംശയങ്ങൾ ദൂരീകരിക്കാനും വിഷയങ്ങൾ ചർച്ച ചെയ്യാനും ലജ്ന സഹോദരിമാർ അത്യുത്സാഹത്തോടെ രംഗത്തുണ്ടായിരുന്നു. അഹ്മദിയ്യത്തിനെക്കുറിച്ചറിയാൻ സ്ത്രീകൾതന്നെ സജീവമായി രംഗത്തിറങ്ങിയത് ദൂരവ്യാപകമായ സൽഫലങ്ങൾ സൃഷ്ടിക്കുമെന്നത് തീർച്ചയാണ്. സത്യദൂതൻ, സത്യമിത്രം എന്നിവയുടെ പഴയലക്കങ്ങളിലെ വിഷയങ്ങൾ നോക്കി ആവശ്യമായത് തെരഞ്ഞെടുക്കാൻ സഹോദരിമാർ ഉത്സാഹം കാണിക്കുകയുണ്ടായി.

ജാതിമത ഭേദമില്ലാതെയും കക്ഷിരാഷ്ട്രീയത്തിന്നതീതമായും ജനനേതാക്കളും സാമൂഹ്യപ്രവർത്തകരും പ്രദർശന നഗരിയിലെത്തി. പല മുസ്‌ലിം സംഘടനകളുടേയും നേതാക്കൾ, പള്ളി ഖത്തീബുമാർ തുടങ്ങിയവരും കണ്ണൂർ എം.എൽ.എ ശ്രീ കെ. സുധാകരൻ, ജില്ലാകളക്ടർ ശ്രീമതി ഇഷിതാറോയ്, സി.ഐ.ടി.യു നേതാവ് ശ്രീ കെ.പി.സഹദേവൻ, ആർ.എസ്.എസ് നേതാവ് ശ്രീ വത്സൻ തില്ലങ്കേരി, യുക്തിവാദിനേതാവ് ശ്രീ യു. കലാനാഥൻ തുടങ്ങിയ പ്രമുഖരും നഗരിയിലെത്തുകയും പ്രദർശനത്തെ അഭിനന്ദിക്കുകയും ചെയ്തു. പത്രങ്ങളും ദൃശ്യമാധ്യമങ്ങളും അൽ-ഖുർആൻ എക്സിബിഷന് അർഹമായ പ്രാധാന്യം നല്കി.

ഏകദേശം നാല്പതിനായിരത്തോളം ആളുകൾ എക്സിബിഷൻ കാണാൻ എത്തിയിരുന്നു. എൺപതിനായിരത്തോളം രൂപയുടെ പുസ്തകങ്ങൾ വില്ക്കാനും സാധിച്ചു. ജമാഅത്തിന്റെ സന്ദേശമുൾക്കൊള്ളുന്ന പ്രസിദ്ധീകരണങ്ങൾ ആയിരക്കണക്കിന് സൗജന്യമായി വിതരണം ചെയ്യപ്പെട്ടു. അതുപോലെ പലവിധ വിഷയങ്ങൾ പ്രതിപാദിക്കുന്ന നോട്ടീസുകളും ധാരാളമായി വിതരണം ചെയ്യപ്പെട്ടു. ജമാഅത്തിനെപ്പറ്റി കൂടുതൽ അറിയാൻ താല്പര്യപ്പെടുന്നവരുടെ അഡ്രസ്സുകളിൽ തുടർന്ന് ബന്ധപ്പെടാനുള്ള പരിപാടികൾ നടന്നുവരുന്നു. ഈ എക്സിബിഷൻ വിജയകരമായി നടത്തുന്നതിന് സാമ്പത്തികമായും ശാരീരികമായും അതുപോലെ പ്രാർത്ഥനയിലൂടേയും ഉപദേശങ്ങളിലൂടേയും സഹായിച്ച എല്ലാവർക്കും സർവ്വശക്തൻ അനുയോജ്യമായ പ്രതിഫലം നല്കട്ടെ എന്നു പ്രാർത്ഥിക്കാം. അതോടൊപ്പം അഹ്മദിയ്യത്തിലൂടെ ഇസ്‌ലാമിന്റെ ആഗോളവിജയത്തിന്നായുള്ള പരിശ്രമങ്ങളിൽ ഈ എക്സിബിഷനും അതിന്റേതായ പങ്കു വഹിക്കട്ടെ എന്നും നമുക്ക് പ്രാർത്ഥിക്കാം. ●

പേജ് 9 – ൽ നിന്ന്

കാണുന്നതിനുള്ള കണ്ണും അവനെ തിരിച്ചറിയുന്നതിനുള്ള ഇന്ദ്രിയവും ഈ ലോകത്തുനിന്നുതന്നെ മനുഷ്യൻ തന്റെ കൂടെ കൊണ്ടുപോകണമെന്നാണ്. ഇവിടെ ആ ഇന്ദ്രിയം കരസ്ഥമാക്കാത്തവന് അവിടെ അത് ലഭ്യമാവുകയില്ല. ഇത് സൂക്ഷ്മമായൊരു രഹസ്യമാണ്. സാധാരണക്കാർക്കിത് മനസ്സിലാക്കാൻ പ്രയാസമാണ്. നാം പറഞ്ഞതല്ല ഇതിന്റെ അർത്ഥമെങ്കിൽ അന്ധൻ പരലോകത്തും അന്ധനായിരിക്കുമെന്ന് പറഞ്ഞത് തികച്ചും അബദ്ധമായിരിക്കും. യാഥാർത്ഥ്യമെന്താണെന്നുവച്ചാൽ ന്യൂനത ഒന്നും കൂടാതെ അല്ലാഹുവിനെ തിരിച്ചറിയുക എന്നതും ശരിയായ നിലയിൽ അവന്റെ ഗുണവിശേഷങ്ങളും നാമങ്ങളും ഈ ലോകത്തുവച്ച് തിരിച്ചറിയുക എന്നതും വരുംകാലത്തെ എല്ലാ നിർവൃതിയുടേയും താക്കോലാണ്. ഉപര്യുക്ത വചനം ഈ ലോകത്തുനിന്നുതന്നെ നമ്മുടെ ശിക്ഷ നാം കൂടെ കൊണ്ടുപോകുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു. അന്ധന്മാരെപോലെയുള്ള ഇവിടുത്തെ ജീവിതവും അവിശുദ്ധമായ കർമ്മങ്ങളും തന്നെയാണ് പരലോകത്ത് നരകശിക്ഷ എന്ന രീതിയിൽ വെളിച്ചത്തുവരുന്നത്. അല്ലാതെ പുതിയതായ ഒന്നായിരിക്കുകയില്ല.

ഏതുപോലെയെന്നാൽ, ഒരാൾ വീടിന്റെ വാതിലുകൾ അടച്ചുപൂട്ടുമ്പോൾ വെളിച്ചം അയാൾക്ക് തടയപ്പെടുന്നു. പുതിയതും ജീവന് ഗുണപ്രദവുമായ വായു അയാൾക്ക് ലഭിക്കുകയില്ല. വിഷം കഴിച്ചാൽ അയാളുടെ ജീവിതം ബാക്കിയുണ്ടാവില്ല. ഇതേപ്രകാരം അല്ലാഹുവിൽനിന്ന് അകലുകയും പാപകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നയാൾ അന്ധകാരത്തിന്നടിപ്പെട്ട് ശിക്ഷയിൽ അകപ്പെടുന്നു. 'ജുനാഹ്' എന്നാണ് പാപത്തിന് പറയുന്നത്. മലിനമാക്കുക, യഥാർത്ഥ കേന്ദ്രത്തിൽനിന്ന് തെന്നിപ്പോകുക എന്നാണ് അതിന്നർത്ഥം. മനുഷ്യൻ ദൈവത്തിൽനിന്ന് പിന്തിരിയുകയും അവന്റെ പ്രകാശത്തിന്നെതിർ നില്ക്കുകയും ദൈവത്തിൽനിന്ന് മാത്രം ഹൃദയങ്ങളിൽ ഇറങ്ങുന്ന പ്രകാശത്തിൽനിന്ന് അകന്നുപോവുകയും ചെയ്യുമ്പോൾ അവനൊരു ഇരുട്ടിൽ അകപ്പെടുന്നു. അതവന് ശിക്ഷയ്ക്ക് കാരണമാകുന്നു. പിന്നീട് ഏത് തരത്തിലാണോ അവൻ തിരിയുന്നത് അതേരീതിയിലുള്ള ശിക്ഷ അവൻ അനുഭവിക്കുന്നു. എന്നാൽ, അവൻ യഥാർത്ഥ കേന്ദ്രത്തിലേക്ക് വീണ്ടും മടങ്ങിവരാൻ ഉദ്ദേശിക്കുകയും ആ പ്രകാശം പതിയുന്ന സ്ഥാനത്ത് അവനവനെ എത്തിക്കുകയും ചെയ്താൽ, കൈവിട്ടുപോയ ആ പ്രകാശം വീണ്ടും അവൻ പ്രാപിക്കും. കാരണം മുറി തുറക്കുമ്പോൾ വെളിച്ചം ഉള്ളിൽ പ്രവേശിക്കുന്നത് നാം കാണുന്നുണ്ടല്ലോ. അതേപോലെ ആത്മീയവ്യവസ്ഥിതിയിലെ യഥാർത്ഥ കേന്ദ്രത്തിലേക്ക് മടങ്ങുമ്പോൾത്തന്നെ അത് ആനന്ദനിർവൃതിക്ക് കാരണമാകും. ശരിയായ കേന്ദ്രത്തിൽനിന്ന് വ്യതിചലിച്ചതുകൊണ്ടുണ്ടായ ദുഃഖങ്ങളേയും കഷ്ടങ്ങളേയും അതകറ്റുകയും ചെയ്യും. അതിന്റെ പേരാണ് തൗബ. മുകളിൽ പറഞ്ഞ പ്രകാരം ഉണ്ടാകുന്ന അന്ധകാരത്തിനാണ് ദുർമാർഗം എന്നും നരകം എന്നും പറയുന്നത്. യഥാർത്ഥ കേന്ദ്രത്തിലേക്കുള്ള മടക്കം മുഖേന കിട്ടുന്ന നിർവൃതിയെ സ്വർഗ്ഗവുമായി ഉപമിക്കാം. അല്ലാഹു സംതൃപ്തനാകുംവിധം പാപകൃത്യങ്ങളിൽനിന്ന് പിന്മാറി വീണ്ടും സൽകൃത്യങ്ങളിലേക്ക് വരിക എന്നത് ചെയ്തുപോയ പാപകൃത്യങ്ങളുടെ പ്രായശ്ചിത്തമായിത്തീരുകയും അതിനെ ദൂരീകരിക്കുകയും അതിന്റെ തിക്തഫലത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു പറയുന്നു: ***ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയ്യി ആത്തി*** അതായത്, നന്മകൾ, തിന്മകളെ അകറ്റിക്കളയുന്നു (11:115). കാരണം തിന്മയിൽ നാശമടയാനുള്ള വിഷമാണുള്ളത്. നന്മയിൽ ആയുസ്സിനുള്ള ഔഷധവും. തിന്മയുടെ വിഷത്തെ അകറ്റുന്നതിനുള്ള മാർഗ്ഗം നന്മ തന്നെയാണ്. നിർവൃതിയുടെ അഭാവത്തിന് ശിക്ഷ എന്ന് നമുക്ക് പേര് പറയാവുന്നതാണ്. നിർവൃതി ലഭ്യമാകുന്നതിന്റെ പേരാണ് മോക്ഷം.

പ്രകൃതി നിശ്ചയിച്ചിട്ടുള്ള സമീകൃതമായ അവസ്ഥ നിലനില്ക്കുമ്പോൾ അത് ആരോഗ്യമുള്ള അവസ്ഥയും അതിൽനിന്ന് വ്യതിചലിക്കുമ്പോൾ അത് രോഗമുള്ള അവസ്ഥയുമായി നാം പറയുന്നു. ഏതുപോലെയെന്നാൽ, കൈയോ കാലോ ശരീരത്തിന്റെ മറ്റേതെങ്കിലും അവയവമോ അതിന്റെ നിശ്ചിതസ്ഥാനത്തുനിന്ന് തെന്നിമാറിയാൽ വേദന അനുഭവപ്പെടുന്നു. അതിന്റെ അർത്ഥം ആ അവയവത്തിന് പ്രവർത്തനക്ഷമത കുറയുന്നു എന്നതാണ്. ആ അവസ്ഥ തുടരാൻ അനുവദിച്ചാൽ അത് പൂർണ്ണമായും പ്രയോജനരഹിതമാകുമെന്ന് മാത്രമല്ല, മറ്റ് അവയവങ്ങളേയും അത് ബാധിക്കാൻ തുടങ്ങുന്നു. ആത്മീയമായവസ്ഥയും ഇതുതന്നെയാണ്. മനുഷ്യൻ തന്റെ ജീവിതത്തിന്റെ സാക്ഷാൽ കാരണഭൂതനായ അല്ലാഹുവിൽനിന്ന് അകലുകയും യഥാർത്ഥമായ മതത്തെ ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ അവനിൽ ശിക്ഷ ഇറങ്ങാൻ തുടങ്ങുന്നു. മനസ്സിന് അല്പമെങ്കിലും ചൈതന്യമുണ്ടാകുകയും ബോധം ശേഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ ശിക്ഷയെ അവൻ നല്ലവണ്ണം അനുഭവിച്ചറിയുന്നതാണ്. ദാരുണമായ അവസ്ഥയിൽനിന്ന് അവൻ അവനെ രക്ഷപ്പെടുത്തുന്നില്ലെങ്കിൽ അവനിൽ ശേഷിക്കുന്ന മറ്റ് ആത്മീയശക്തികളും ക്രമേണ ക്ഷയോന്മുഖമായിത്തീരുന്നതാണ്. കഠിനമായ ശിക്ഷ ഇറങ്ങുമോ എന്ന ആശങ്ക ആ അവസരത്തിൽ അവനുണ്ടാകുന്നു. ഇപ്പോൾ ഒരു ശിക്ഷയും പുറമേനിന്ന് വരുന്നില്ലെന്നും മനുഷ്യന്റെ ഉള്ളിൽനിന്നുതന്നെയാണ് വരുന്നതെന്നുമുള്ള കാര്യം എത്ര വ്യക്തമാ

യിട്ടാണ് മനസ്സിലാകുന്നത്. ശിക്ഷ അല്ലാഹുവിന്റെ പ്രവൃത്തിയാണെന്നതിനെ നാം ഒരിക്കലും നിഷേധിക്കുന്നില്ല. നിസ്സംശയം അത് അവന്റെ പ്രവൃത്തിതന്നെയാണ്. ഏതുപോലെയെന്നാൽ, വിഷം കഴിക്കുന്നവനെ അല്ലാഹു നശിപ്പിക്കുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ പ്രവൃത്തി മനുഷ്യന്റെ പ്രവൃത്തിക്ക് ശേഷമാണുണ്ടാകുന്നത്. അതിലേക്ക് സൂചന നല്കിക്കൊണ്ട് അല്ലാഹു പറയുന്നു: '***നാറുല്ലാഹിൽ മൂഖദ- അല്ലത്തീ തത്തലിഉ അലൽ അഫ്‌യിദ***' അതായത്, അല്ലാഹുവിന്റെ ശിക്ഷ എന്നത് അല്ലാഹുതന്നെ ജ്വലിപ്പിക്കുന്ന അഗ്നിയാണ്. അതിന്റെ തീനാളം മനുഷ്യന്റെ ഹൃദയത്തിൽ നിന്നുയരുന്നു. വ്യക്തമായ ഭാഷയിൽ പറഞ്ഞാൽ ശിക്ഷയുടെ യഥാർത്ഥ ബീജം മനുഷ്യന്റെ തന്നെ അശുദ്ധിയാണ്. അത് ശിക്ഷയുടെ രൂപം പ്രാപിക്കുകയാണ് ചെയ്യുന്നത്.

**സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ യാഥാർത്ഥ്യം**

ഇതേപോലെ, സ്വർഗ്ഗീയസുഖങ്ങളുടെ യഥാർത്ഥ ഉറവിടവും മനുഷ്യന്റെതന്നെ പ്രവൃത്തികളാണ്. അവൻ പ്രകൃതിമതത്തെ ഉപേക്ഷിക്കാതെയും മിതവർത്തിത്ത്വത്തിൽനിന്ന് അല്പംപോലും വ്യതിചലിക്കാതെയും അവന്റെ ദാസത്ത്വം ദൈവത്ത്വത്തിന്റെ അണിയിൽ വീണുകിടക്കുന്ന പ്രകാശത്തിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുകയും മനുഷ്യന്റെ ശരീരാവയവങ്ങൾ ശരിയായ നിലയിലിരിക്കുകയുമാണെങ്കിൽ അത് എപ്രകാരം സുഗമമായും കാര്യക്ഷമമായും പ്രവൃത്തിക്കുമോ അപ്രകാരമുള്ള അവസ്ഥയിലായിരിക്കും അവൻ. അവന് ഒരു വേദനയും ഉണ്ടാകുകയില്ല. ശാന്തി അനുഭവപ്പെടുകയും ചെയ്യും. വിശുദ്ധഖുർആൻ പറയുന്നു: "വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവർക്ക് സുവിശേഷമറിയിക്കുക. അവർ താഴോരത്തൂടെ അരുവികളൊഴുകുന്ന തോട്ടങ്ങളുടെ അവകാശികളായിരിക്കും.

ഈ ഖുർആനിക വചനത്തിൽ ഈമാനിനെ-സത്യവിശ്വാസത്തെ- അല്ലാഹു തോട്ടത്തോടും സൽകർമ്മങ്ങളെ അരുവികളോടും ഉപമിക്കുന്നു. ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയും വൃക്ഷവും തമ്മിലുള്ള അതേ ബന്ധമാണ് സൽകർമ്മങ്ങളും സത്യവിശ്വാസവും തമ്മിലുള്ളത്. വെള്ളം കൂടാതെ ഒരു തോട്ടവും നിലനിൽക്കുകയില്ല. ഇതുപോലെതന്നെ സൽകർമ്മങ്ങളില്ലാതെ ഒരു വിശ്വാസവും ഫലപ്രദമാവുകയില്ല. അപ്പോൾ, എന്താണ് സ്വർഗ്ഗം? അത് സത്യവിശ്വാസത്തിന്റേയും സൽകർമ്മത്തിന്റേയും പ്രതീകാത്മക രൂപങ്ങളാണ്. അതും പുറമേനിന്ന് വരുന്ന വസ്തുവല്ല. അതായത് മനുഷ്യന്റെ സ്വർഗ്ഗവും അവന്റെ ഉള്ളിൽനിന്നുതന്നെ വരുന്നതാകുന്നു.

ഇഹലോകത്ത് ഉണ്ടാക്കിയെടുത്ത പരിശുദ്ധാത്മാവ് തന്നെയാണ് പരലോകത്ത് ലഭിക്കുന്ന നിത്യമായ ആനന്ദാനുഭൂതി എന്ന കാര്യം ഇവിടെ ഓർമ്മിക്കേണ്ടതാണ്. പരിശുദ്ധമായ വിശ്വാസത്തിന് ചെടിയുമായി സാദൃശ്യമുണ്ട്. ഉത്ക്കൃഷ്ടമായ സ്വഭാവം ആ ചെടിയുടെ സേചനത്തിനുള്ള നദിയാണ്. അതാണ് അതിന്റെ പച്ചപ്പിനേയും തളിർപ്പിനേയും നിലനിറുത്തുന്നത്. അത് ഇഹലോകത്ത് സ്വപ്നത്തിൽ കാണുന്നതുപോലെയുള്ള ഒന്നാണ്. എന്നാൽ, പരലോകത്ത് നേരിട്ടനുഭവിക്കുകയും കാണുകയും ചെയ്യും. ഇക്കാരണത്താൽ സ്വർഗ്ഗവാസികൾ അവിടുത്തെ അനുഗ്രഹങ്ങൾ കാണുമ്പോൾ '***ഹാദല്ലദീ റൂസിഖ്നാ മിൻഖബ്‌ലു വ ഉത്തൂബിഹി മുതശാബിഹാ***' എന്ന് പറയുമെന്ന് ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം, ഇഹലോകത്ത് നമ്മൾ തിന്നുകയും കുടിക്കുകയും ചെയ്ത പാലോ തേനോ മുന്തിരിയോ അനാറോ, അവിടെ കിട്ടുമെന്നല്ല. അവ അതിന്റെ ഇനത്തിലും അവസ്ഥയിലും തികച്ചും വിഭിന്നമായിരിക്കും. പേരിൽ മാത്രമേ അത് ഒന്നാവുകയുള്ളൂ. ഈ എല്ലാ അനുഗ്രഹങ്ങളുടേയും ചിത്രം പ്രത്യക്ഷമായ നിലയിൽ കാണിക്കപ്പെട്ടെങ്കിലും അതിനോടൊപ്പംതന്നെ ആ വസ്തുക്കൾ ആത്മാവിനെ തിളക്കമുള്ളതാക്കുന്നതും ദൈവജ്ഞാനമുണ്ടാക്കുന്നതുമാണെന്ന് പറയുകയും ചെയ്തിരിക്കുന്നു. അതിന്റെ ഉറവിടം ആത്മാവും സത്യസന്ധതയുമാണ്. റുസിഖ്നാ മിൻ ഖബ്‌ലു എന്ന് പറഞ്ഞത് ലോകത്തുള്ള ഭൗതികാനുഗ്രഹങ്ങളാണെന്ന് കരുതുന്നത് തികച്ചും തെറ്റാണ്. സൽകർമ്മങ്ങൾ ചെയ്തിട്ടുള്ള സത്യവിശ്വാസികൾ തങ്ങളുടെ കൈകൾകൊണ്ട് ഒരു സ്വർഗ്ഗം പണിതു. അതിന്റെ പഴം അവർ പരലോകത്തും തിന്നുന്നതാണ്. പ്രസ്തുത വചനത്തിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത് ഇതാണ്, ആ ഫലം ആത്മീയമായ നിലയിൽ അവർ ഇഹലോകത്ത് തിന്നുകഴിഞ്ഞതാണ്. അതുകൊണ്ടാണ് പരലോകത്ത് അവർ അതിനെ തിരിച്ചറിയുന്നത്. അപ്പോൾ അവർ പറയും, 'ഇത് അതേ പഴം തന്നെയാണെന്ന് മനസ്സിലാകുന്നു'. അത് ഇഹലോകത്ത് കൈവരിച്ചിട്ടുള്ള ആത്മീയാഭിവൃദ്ധികളായതുകൊണ്ട് അവയുമായി ബന്ധപ്പെട്ട ഭക്തരും ജ്ഞാനികളും അവയെ തിരിച്ചറിയും.

ഞാൻ വീണ്ടും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. നരകത്തെ സംബന്ധിച്ചും സ്വർഗ്ഗത്തെ സംബന്ധിച്ചും ഒരു തത്ത്വമുണ്ട്. ഞാൻ വിവരിച്ചുതുപോലെ അത് പരസ്പരം ബന്ധപ്പെട്ടുനില്ക്കുന്നു. എന്നാൽ, ഇഹലോകശിക്ഷ ഇവിടെ ജാഗ്രതപ്പെടുത്തുന്നതിനും ഗുണപാഠത്തിനും വേണ്ടിയുള്ള ഏർപ്പാടാണെന്ന കാര്യം മറക്കാതിരിക്കേണ്ടതാണ്.

ഭരണവും കരുണയും തമ്മിൽ പരസ്പരം ഒരു ബന്ധമുണ്ട്. ഈ ബന്ധത്തിന്റെ തണലുകളിലാണ് ശിക്ഷകളും രക്ഷകളും ഉണ്ടാകുന്നത്. ഫോണോഗ്രാഫിൽ ശബ്ദം രേഖപ്പെടുത്തുന്നതുപോലെ മനുഷ്യന്റെ കർമ്മങ്ങളും പ്രവൃത്തികളും സുരക്ഷിതമാക്കി രേഖപ്പെടുത്തുന്നു. മനുഷ്യൻ ജ്ഞാനമാർജ്ജിക്കാത്തിടത്തോളം ഈ വിഷയത്തിൽ ചിന്തിച്ച് ശാന്തിയടയാനോ ഫലം രുചിക്കാനോ അവന് സാധിക്കുകയില്ല.

ദൈവികമായ ജ്ഞാനം സമ്പാദിക്കുന്നതിന് ഒന്നാമതായി ദൈവത്തെ തിരിച്ചറിയേണ്ടത് നിർബന്ധമാണ്. ദൈവവുമായി ബന്ധമുള്ള ഒരു മനുഷ്യന്റെ മജ്‌ലിസിൽ സദുദ്ദേശ്യത്തോടും ആത്മാർത്ഥതയോടുംകൂടി ദീർഘകാലം വസിക്കാത്തിടത്തോളംകാലം

ദൈവത്തെ തിരിച്ചറിയാൻ സാധിക്കുകയില്ല. ഇതിനു ശേഷമേ രക്ഷാശിക്ഷയുടേയും ഇഹപരലോകത്തിന്റേയും ശൃംഖലകൾ വളരെ എളുപ്പത്തിൽ അവന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഈ വിവരണത്തിൽ ചിന്തിക്കുന്നതുകൊണ്ട് മറ്റൊരു കാര്യംകൂടി മനസ്സിലാകുന്നു. അതായത്, വിശുദ്ധഖുർആൻ പറഞ്ഞ നരകത്തിന്റേയും സ്വർഗ്ഗത്തിന്റേയും തത്ത്വം. അത് മറ്റൊരു മതഗ്രന്ഥവും പറയാത്തതാണ്. എന്നാൽ, വിശുദ്ധഖുർആനിലൂടെ അത് വ്യക്തമാകുന്നു. അല്ലാഹു അത് മുറപ്രകാരം വിവരിച്ചിട്ടുണ്ട്. എന്നാൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മുജാഹദ (സ്വയേച്ഛയോടുള്ള പോരാട്ടം) നടത്തുകയും പരിശുദ്ധഹൃദയത്തോടെ ചിന്തിക്കുകയും ചെയ്യുന്നവരിൽ മാത്രമേ ഈ രഹസ്യം തുറക്കപ്പെടുകയുള്ളൂ. കാരണം വിലമതിപ്പുകളുള്ള കാര്യങ്ങൾ പ്രയത്നിക്കാതെ ലഭിക്കുകയില്ല. എല്ലാവർക്കും ആ രഹസ്യം എന്തുകൊണ്ട് അറിയിച്ചുകൊടുക്കുന്നില്ല എന്ന് ചോദിച്ചാൽ ഞാൻ പറയുന്നു. മനുഷ്യേന്ദ്രിയങ്ങളുടെ പ്രവൃത്തികളെല്ലാം വ്യത്യസ്തമാണ്. ഉദാഹരണത്തിന്, കണ്ണിന് കാണാൻ കഴിയുന്നു. നാവിന് രുചിക്കാനും സംസാരിക്കാനും കഴിയുന്നു. ചെവിക്ക് കേൾക്കാൻ കഴിയുന്നു. അതായത് ഓരോ ഇന്ദ്രിയവും അതാതിന്റെ കടമയുടേയും ശക്തിയുടേയും ഉത്തരവാദിയാണ്. ചെവിയുടെ അടുക്കൽ മധുരമുള്ള ഒരു പഴം വെച്ചിട്ട് അത് നാവിന്റെ രുചി പറയണമെന്നു പറഞ്ഞാൽ നടക്കുകയില്ല. അതേപോലെ കണ്ണ് ശബ്ദം കേൾക്കണമെന്നും നാവ് കാണണമെന്നും ശാഠ്യം പിടിച്ചാലും അത് സംഭവിക്കാൻ പോകുന്നില്ല. ദൈവജ്ഞാനത്തിന്റെ അതിസൂക്ഷ്മമായ രഹസ്യങ്ങളെ തിരിച്ചറിയുന്നതിന് പ്രത്യേകമായ ശക്തിതന്നെ വേണം. ആ ശക്തിക്ക് മാത്രമേ അതിനെക്കുറിച്ച് പറഞ്ഞുതരാൻ സാധിക്കുകയുള്ളൂ. ഈ ശക്തി എല്ലാവർക്കും നല്കിയിട്ടുണ്ട്. പക്ഷേ, അത് പ്രയോജനപ്പെടുത്തുന്നവർ വളരെ വിരളമാണ്. ഊഹത്തിന്റെ ഒരു ശക്തിയും ഫലമുണ്ടാക്കുകയില്ല. അക്കാരണത്താലാണ് തത്ത്വചിന്തകന്മാരുടെ വിശ്വാസപരമായ അവസ്ഥ വളരെ ബലഹീനമായിരിക്കുന്നത്. അവർ ഊഹങ്ങൾക്കപ്പുറം കടക്കുന്നില്ല. അതുകൊണ്ടാണ് വലിയ ചിന്തകനും ബുദ്ധിമാനുമായി കരുതപ്പെടുന്ന പ്ലാറ്റോ മരിക്കാൻ നേരത്ത് തനിക്കുവേണ്ടി ഇന്ന ബിംബത്തിന് ഒരു കോഴിയെ ബലികൊടുക്കാൻ പറഞ്ഞതും. എത്രമാത്രം ബലഹീനമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അദ്ദേഹം ഏകദൈവത്ത്വസിദ്ധാന്തത്തിൽ നിലനിന്നില്ല.

**സാത്വികരോടൊപ്പമുള്ള ജീവിതം**

തിളക്കമാർന്ന ദൃഢവിശ്വാസം ലഭിക്കുന്നതിനും ഉൾക്കാഴ്ചയോടെ അല്ലാഹുവിലുള്ള വിശ്വാസത്തിൽ നിലകൊള്ളുന്നതിനും മഹത്തായ ഒരേയൊരു മാർഗ്ഗമേയുള്ളൂ. അതായത് അവർ, അല്ലാഹുവിന്റെ ഉണ്മയെക്കുറിച്ച് ജീവസ്സുറ്റ സാക്ഷ്യം പറയുന്ന ആളുകളുടെ സത്സംഗം സ്വീകരിക്കുക; ആ മഹാത്മാക്കൾ സർവ്വശക്തനും അദൃശ്യജ്ഞാനിയും സകലഗുണങ്ങളുടേയും ഉറവിടവുമായ അല്ലാഹുവിൽനിന്ന് നേരിട്ടു കേട്ട കാര്യങ്ങളാണ് പറയുന്നത്.

അത്തരക്കാരുടെ സത്സംഗത്തിൽ ആദ്യം പോകുമ്പോൾ അവർ പറയുന്ന കാര്യങ്ങൾ തികച്ചും വിചിത്രവും അപൂർവ്വവുമായിട്ട് തോന്നാം. അത് വളരെ കുറച്ചേ മനസ്സിൽ പതിയുകയുള്ളൂ. പക്ഷേ, ഹൃദയം ആ മഹാത്മാക്കളിലേക്ക് ആകർഷിക്കപ്പെടുന്നു. മനസ്സിലുള്ള മാലിന്യങ്ങളും അവർ കേൾക്കുന്ന ദൈവജ്ഞാനപരമായ കാര്യങ്ങളും തമ്മിൽ യുദ്ധമാരംഭിക്കുന്നതാണ് അതിന് കാരണം. മനസ്സിൽ അടിഞ്ഞുകൂടിയിട്ടുള്ള പൊടിപടലങ്ങൾ അകറ്റി അതിനെ കത്തിച്ചുകളയാനും ആ മനസ്സിൽ ദൃഢവിശ്വാസത്തിന്റെ ശക്തിയുണ്ടാക്കാനും സത്യവാനായ ജ്ഞാനിയുടെ വാക്കുകൾ ആഗ്രഹിക്കുന്നു. അപ്പോഴാണ് നന്മയും തിന്മയും തമ്മിൽ യുദ്ധമുണ്ടാകുന്നത്. ഏതുപോലെയെന്നാൽ, വയറിളക്കത്തിന് മരുന്ന് കൊടുത്താൽ അത് വയറ്റിൽ ചെന്ന് മലത്തെ ഇളക്കുന്നു. അങ്ങനെ അനാവശ്യവും കുഴപ്പമുണ്ടാക്കുന്നതുമായ എല്ലാ മാലിന്യങ്ങളും അടിച്ച് വെളിയിൽകളയുന്നു. ഇതേപോലെ സത്യസന്ധനായ മനുഷ്യൻ ഊഹത്തെ അകറ്റാനും സത്യമായ അറിവുകളുടേയും ശരിയായ വിശ്വാസത്തിന്റെ തിരിച്ചറിവ് പഠിപ്പിക്കാനും ആഗ്രഹിക്കുന്നു. അക്കാര്യങ്ങൾ, ദീർഘകാലമായി മറ്റൊരു ലോകത്ത് വസിച്ചിരുന്ന ഹൃദയത്തിന് ഉൾക്കൊള്ളാൻ പ്രയാസമായി തോന്നാം. എങ്കിലും അവസാനം സത്യം വിജയിക്കുകയും ബഹുദൈവാരാധനയുടെ ശക്തി നശിച്ച് ഏകദൈവാരാധനയുടെ ശക്തി തളിർക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ആ പ്രകാശവുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. ലോകത്ത് ദൃഢവിശ്വാസം സ്ഥാപിക്കുക എന്നതാണ് എന്റെ വരവിന്റെ ഉദ്ദേശ്യം. അത് ഉണ്ടാക്കിയെടുക്കാൻ കേവലം വാക്കുകൾക്ക് സാധ്യമല്ല. മറിച്ച്, അല്ലാഹുവിന്റെ ശക്തിപ്രഭാവം കൊണ്ട് സത്യവാന്മാരുടെ കൈയിലൂടെ വെളിപ്പെടുന്ന അടയാളങ്ങളിലൂടെയാണ് അത് വെളിച്ചം കാണുന്നത്. (മൽഫൂസാത്ത്, വാള്യം 3, പേജ് 22-32. വിവ: മുഹമ്മദ് ഇസ്മായീൽ) ●

## മാന്യവരിക്കാരോട്

സത്യമിത്രം ചില കാരണങ്ങളാൽ പുറത്തിറങ്ങാൻ കാലതാമസം നേരിടുകയുണ്ടായി. അതിന് മാന്യവരിക്കാരോട് ക്ഷമ ചോദിക്കുന്നു. തുടർന്നങ്ങോട്ട് കൃത്യമായി പുറത്തിറക്കാൻ ശ്രമിക്കുന്നതാണ്.

സത്യമിത്രത്തിന്റെ പുതിയ വർഷത്തെ വരിസംഖ്യ എത്രയും വേഗം പിരിച്ചെടുത്തയക്കാൻ അൻസാറുല്ലാ സഈമുമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

*പി.പി. നാസിറുദ്ദീൻ*
*നാസിം, മജ്‌ലിസ് അൻസാറുല്ലാ, കേരള*

അനുസ്മരണം

# സുബൈദ സുൽത്താന സാഹിബ ഖാദിയാൻ

സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ നാസിർ ബയ്ത്തുൽമാൽ ആമദ്, ബഹുമാനപ്പെട്ട മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യറിന്റെ മാതാവ് സുബൈദ സുൽത്താന സാഹിബ ഫെബ്രുവരി 8 വ്യാഴാഴ്ച രാവിലെ 5 മണിക്ക് ഖാദിയാനിൽ വഫാത്തായി. (ഇന്നാ ലില്ലാഹി വ ഇന്ന ഇലൈഹി റാജിഊൻ.) മരണസമയത്ത് അവരുടെ എല്ലാ മക്കളും സമീപത്തുണ്ടായിരുന്നു.

സുബൈദ സുൽത്താന സാഹിബ താൻകണ്ട ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ നിന്ന് ഖാദിയാനിലേക്ക് പോയത്. സത്യദൂതൻ മാസികയുടെ പ്രഥമ പത്രാധിപരും തന്റെ ഭർത്താവുമായ എച്ച് ഹുസൈൻ സാഹിബിനെ ഖാദിയാനിലേക്ക് പോകാൻ പ്രേരിപ്പിച്ചത് സുബൈദ സാഹിബയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ അനുവാദത്തോടെ അവർ രണ്ടുപേരും 1950 മാർച്ചിൽ ഖാദിയാനിലെത്തി. അവരോടൊപ്പം അവരുടെ രണ്ട് ആൺകുട്ടികളും രണ്ടു പെൺകുട്ടികളും ഉണ്ടായിരുന്നു. അങ്ങനെ ദർവേശീ ജീവിതം നയിച്ചുപോന്നു.

എന്നാൽ, 8 മാസത്തിനുശേഷം 1950 നവംബറിൽ സുബൈദ സാഹിബയുടെ ഭർത്താവ് എച്ച്. ഹുസയ്ൻ സാഹിബ് ഹൃദയസ്തംഭനമൂലം വഫാത്തായി. അങ്ങനെ വളരെ ചെറുപ്രായത്തിൽത്തന്നെ അവർ വിധവയായി.

1951-ൽ അവരുടെ വിവാഹം ചൗദ്ദരി അബ്ദുൽഹഖ് സാഹിബ് ദർവേശുമായി നടന്നു. അതിൽ രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. ചൗദ്ദരി അബ്ദുൽഹഖ് സാഹിബും സുബൈദ സാഹിബയും എല്ലാ കുട്ടികളേയും നല്ലനിലയിൽ ശിക്ഷണം നൽകി വളർത്തി. രണ്ടുപ്പയുടെ മക്കളാണെന്ന തോന്നലിനു പോലും ഇടകൊടുക്കാത്ത നിലയിലാണ് അവർ മക്കൾക്ക് ശിക്ഷണം നല്കിയത്. എന്നല്ല, ചൗദ്ദരി സാഹിബിന്റെ ആദ്യ ഭാര്യയിലുള്ള കുട്ടികളോടും തന്റെ സ്വന്തം കുട്ടികളോടെന്നപോലെ തന്നെയായിരുന്നു സുബൈദ സാഹിബ പെരുമാറിയിരുന്നത്.

1980-ൽ സുബയ്ദ സാഹിബയ്ക്ക് ചൗദ്ദരി അബ്ദുൽ ഹഖ് സാഹിബിന്റെ വേർപാടിന്റെ വേദനയും സഹിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം 27 വർഷം അവർ ജീവിച്ചു.

ആ ദർവേശി ജീവിതത്തിനിടയിൽ യുവാവായ മകന്റേയും യുവതിയായ ഒരു മകളുടേയും ദേഹവിയോഗത്തിന്റെ ദുഃഖവും അവർ സഹിച്ചു. ആ കനത്ത ദുഃഖത്തിന്റെ അവസരങ്ങളിൽ സഹിക്കാനുള്ള കരുത്ത് സുബയ്ദ സാഹിബയ്ക്ക് അല്ലാഹു നല്കിയതിനോടൊപ്പം തന്റെ മക്കളുടേയും മക്കളുടെ മക്കളുടേയും വിവാഹ സന്തോഷവേളകൾ കണ്ട് മനം കുളിർക്കാനും അല്ലാഹു തൗഫീഖ് നല്കി.

സൽസ്വഭാവത്തോടും സ്നേഹത്തോടുമുള്ള സുബയ്ദ സാഹിബയുടെ പെരുമാറ്റം ആളുകളിൽ വളരെ സ്വാധീനമുണ്ടാക്കിയിരുന്നു. മറ്റുള്ളവരുടെ ദുഃഖം തന്റെ ദുഃഖമായി കാണുന്ന പ്രകൃതമായിരുന്നു. ഒരുപാട് ദുആ ചെയ്യുകയും ദാനധർമ്മങ്ങൾ കൊടുക്കുകയും ചെയ്യുന്നത് സുബയ്ദ സാഹിബയുടെ ശീലമായിരുന്നു.

മരണവാർത്തയറിഞ്ഞ് ഹദ്റത്ത് മിയാൻ സാഹിബ് സുഖമില്ലാഞ്ഞിട്ടും തന്റെ മക്കളോടും മകന്റെ ഭാര്യയോടുമൊപ്പം സുബയ്ദ സാഹിബയുടെ വീട്ടിലെത്തി ദുഃഖത്തിൽ ഭാഗഭാക്കായി. ജനാസ നമസ്കരിപ്പിച്ചതും മിയാൻ സാഹിബായിരുന്നു. ഖബ്റടക്കത്തിനുശേഷം ദുആ ചെയ്യിച്ചതും ഹദ്റത്ത് മിയാൻ സാഹിബായിരുന്നു. സുബയ്ദ സാഹിബയുടെ ദേഹവിയോഗം ഉണ്ടായ ഉടൻ ഹദ്റത്ത് മിയാൻസാഹിബ് ഖലീഫത്തുൽ മസീഹിനെ (അയ്യദഹുല്ലാഹ്) വിവരം അറിയിച്ചിരുന്നു.

നമ്മുടെ പ്രിയങ്കരനായ ഇമാം 9-നോ 10-നോ പരേതയ്ക്കുവേണ്ടി ജനാസ ഗായിബ് നമസ്കരിപ്പിച്ചു. ജനാസ നമസ്കാരത്തിനു മുമ്പേ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ സുബയ്ദ സുൽത്താന സാഹിബയെക്കുറിച്ച് പറഞ്ഞു: 'പരേതയ്ക്ക് ഖിലാഫത്തുമായി സുദൃഢബന്ധമുണ്ടായിരുന്നു. എപ്പോഴും ദുആയ്ക്കുവേണ്ടി എഴുതുമായിരുന്നു. അവസാനം മരണസമയത്തുപോലും ഹുസൂറിന് കത്തെഴുതിയോ മറുപടി വന്നോ എന്ന് തിരക്കാറുണ്ടായിരുന്നു.' ഹുസൂർ പറഞ്ഞു: 'പരേത ഒരുപാട് ദുആ ചെയ്യുന്ന മഹതിയായിരുന്നു. ദുആ ചെയ്യിക്കുക എന്ന ഉദ്ദേശ്യത്തോടെ ആളുകൾ പരേതയുടെ അടുക്കൽ വരുമായിരുന്നു. ചിലയാളുകളുടെ ആവശ്യപൂർത്തീകരണത്തിനായി ആയിരം സ്വലാത്ത് ചൊല്ലാമെന്ന് ഏല്ക്കുകയും അത് നിറവേറ്റുകയും ചെയ്തിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുബൈദ സാഹിബായുടെ എല്ലാ മക്കളും ജമാഅത്തിന് സേവനം ചെയ്യുന്നവരാണ്.

ആൺമക്കൾ മൗലാനാ ജലാലുദ്ദീൻ സാഹിബ്, ചൗദ്ദരി നൂറുദ്ദീൻ സാഹിബ് (തദ്ദേശ ജർമ്മൻ ജമാഅത്തിന്റെ സദ്ർ), ചൗദ്ദരി സ്വലാഹുദ്ദീൻ സാഹിബ്. പെൺമക്കൾ ഇ. അബ്ദുൽഹഖ് സാഹിബിന്റെ ഭാര്യ മസ്ഊദ സാഹിബ, മോഗ്രാൽ സിദ്ദീഖ് അശ്റഫ് അലി സാഹിബിന്റെ ഭാര്യ സഈദ സാഹിബ, ചൗദ്ദരി സഈദ് അഹ്മദ് സാഹിബിന്റെ(ജർമ്മനി) ഭാര്യ ജമീല സുൽത്വാനാ സാഹിബ.

കേരളത്തിലെ ആദ്യത്തെ അഹ്മദിയായ അബ്ദുൽ ഖാദിർകുട്ടി സാഹിബിന്റെ മകളായിരുന്നു സുബയ്ദാ സുൽത്വാന സാഹിബ. ജീവിതത്തിന്റെ അവസാന നാളുകളിൽ ഖുർആൻ ഓതിക്കേൾക്കുവാനും

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യശകലങ്ങളും അറബി ഖസീദയും കേൾക്കുവാനും അതിയായ താൽപര്യം പ്രകടിപ്പിച്ചിരുന്നു. മരണസമയത്ത് സൂറഃയാസീൻ ഓതിക്കേൾപ്പിച്ചു. അതുകേട്ടുകൊണ്ട് വളരെ സമാധാനത്തോടുകൂടി തന്റെ ജീവൻ അല്ലാഹുവിൽ സമർപ്പിച്ചു. പരേത മൂസിയായിരുന്നു. മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബ് അന്ത്യ വിശ്രമം കൊള്ളുന്ന പ്ലോട്ടിലാണ് സുബയ്ദാ സാഹിബയേയും ഖബറടക്കിയത്. മരിക്കുന്നതിന് കുറച്ചു നാൾമുമ്പേ കേരളത്തിൽ വരികയും ബന്ധുമിത്രാദികളെ കാണുകയും പഴയ ബന്ധങ്ങൾ പുതുക്കുകയും ചെയ്തിരുന്നു.

അല്ലാഹു സുബയ്ദ സാഹിബക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ. ജന്നത്തിൽ അഅ്ലാ ഇല്ലിയ്യീനിൽ ഇടം നല്കുമാറാകട്ടെ. ബന്ധുമിത്രാദികൾക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

*- അശ്റഫലി സിദ്ദീഖ്, മോഗ്രാൽ*

## ആയിശബീവി സാഹിബ

ചേലക്കര അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ അംഗമായ എം.എ. ആയിശാ ബീവി സാഹിബ(78) 2007 ഫെബ്രുവരി 5-ന് വെളുപ്പിന് 1.30-ന് നിര്യാതയായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ.

1952-ൽ മണ്ണാർക്കാട്‌വച്ച് ബയ്അത്ത് ചെയ്ത മർഹൂം ഹസ്സൻകുട്ടി മൗലവി സാഹിബിന്റെ പ്രവർത്തനഫലമായി മർഹൂം ബീരാൻ സാഹിബ്, മർഹൂം സൈനുദ്ദീൻ സാഹിബ് എന്നിവർ ബയ്അത്ത് ചെയ്തു. എം.എ. ആയിശാ ബീവി സാഹിബ മർഹൂം സൈനുദ്ദീൻ സാഹിബിന്റെ സഹധർമ്മിണിയാണ്. ആദ്യകാലത്ത് വിശ്വാസികൾക്ക് കഠിനമായ എതിർപ്പുകളാണ് നേരിടേണ്ടി വന്നത്. കുടുംബം മുഴുവൻ അനഹ്മദികളായ ആയിശാ ബീവി സാഹിബ തന്റെ ഭർത്താവിനോടൊപ്പം സ്ഥിരചിത്തതയോടെനിന്നു. എല്ലാ എതിർപ്പുകളേയും തരണം ചെയ്തു. ചേലക്കര ജമാഅത്തിന് ഖബർസ്ഥാന് സ്ഥലം ദാനം ചെയ്തത് ജനാബ് സൈനുദ്ദീൻ സാഹിബായിരുന്നു. സാധുക്കളോട് അനുകമ്പയും ദീനിനുവേണ്ടി സേവനം ചെയ്യുന്നവരോട് സ്നേഹവും വെച്ചുപുലർത്തിയിരുന്നു. അതിഥി സൽക്കാരപ്രിയയായിരുന്നു അവർ. ജമാഅത്തിനോടും അമീറുൽ മുഅ്മിനോടും അങ്ങേയറ്റം സ്നേഹവും കൂറും കാണിക്കുകയും അനുസരിക്കുകയും ചെയ്തിരുന്ന ആയിശാബീബി സാഹിബ എപ്പോഴും തസ്ബീഹിലും തഹ്മീദിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. മർയം ബീവി സാഹിബ മകളാണ്. അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്തും ജന്നത്തും നല്കുമാറാകട്ടെ. ആമീൻ.

## പി. കുഞ്ഞിമൊയ്തു സാഹിബ്

മുറിയക്കണ്ണി ജമാഅത്തിലെ പാറപ്പുറത്ത് കുഞ്ഞിമൊയ്തു സാഹിബ്(78) 9.2.07-ന് സ്വഗൃഹത്തിൽവച്ച് നിര്യാതനായി. (ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ) പരേതൻ ജമാഅത്തിലെ ഒരു സജീവാംഗമായിരുന്നു. 1974 കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരെ മുജാഹിദ് വിഭാഗക്കാർ നിരന്തരം പ്രഭാഷണങ്ങൾ നടത്തിവരികയായിരുന്നു. അന്ന് ആ വിഭാഗത്തിന്റെ പ്രവർത്തകനും സംഘാടകനുമായിരുന്നു പരേതൻ. ഇരുവിഭാഗത്തിന്റേയും പ്രസംഗങ്ങൾ ഒരു വാദപ്രതിവാദം പോലെയായി. ഇരുപ്രസംഗങ്ങളും ശ്രദ്ധാപൂർവ്വം ശ്രവിച്ച കുഞ്ഞിമൊയ്തു സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ മറുപടി പ്രസംഗങ്ങൾ കഴിഞ്ഞുടനെ തനിക്ക് അല്പസമയത്തേക്ക് മൈക്ക് വേണമെന്ന് ആവശ്യപ്പെടുകയും 'താൻ ഇരുവിഭാഗത്തിന്റേയും പ്രസംഗങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിച്ചുവരികയായിരുന്നുവെന്നും തനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ സത്യം പൂർണ്ണമായും മനസ്സിലായിരിക്കുന്നുവെന്നും താനിതാ ഇന്നേദിവസം ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിലേക്ക് പ്രവേശിക്കുകയാണെന്നും ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു. വലിയ തറവാട്ടുകാരനായിരുന്ന കുഞ്ഞിമൊയ്തുസാഹിബിന്റെ ഈ പ്രഖ്യാപനം ഈ പ്രദേശത്ത് ഒരുവലിയ കോളിളക്കം തന്നെ സൃഷ്ടിച്ചു. അഹ്മദിയ്യത്തിന് അതൊരു ദൃഷ്ടാന്തമായിരുന്നു. തുടർന്ന് ഭാര്യയും മക്കളിൽ മിക്കവരും ബയ്അത്ത് ചെയ്തു.

പരേതൻ ജമാഅത്തുമായുള്ള ബന്ധം നല്ലനിലയിൽതന്നെ നിലനിറുത്തി. നിസാമെ ജമാഅത്തുമായുള്ള ബന്ധം മാതൃകാപരമായിരുന്നു. എപ്പോഴും തികഞ്ഞ അച്ചടക്കവും അനുസരണവും നിലനിറുത്തിപ്പോന്നു. തബ്ലീഗിൽ തല്പരനായിരുന്നു പരേതൻ. ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ വഫാത്തും അഞ്ചാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പും കേബിൾ ടിവി മുഖേന നാട്ടുകാർ ശ്രദ്ധിച്ചപ്പോൾ ആരോ അദ്ദേഹത്തോട് ചോദിച്ചു, പുതിയ ഖലീഫക്ക് താടി കുറവാണ് അല്ലേ? പരേതന്റെ മറുപടി ശ്രദ്ധേയവും രസകരവുമായിരുന്നു. 'അതെ, അല്ലാഹുവിന്റെ ഖലീഫയാണെന്നതിന് അതുതന്നെയാണ് തെളിവ്. താടിയും തലപ്പാവുമായി ഒരുങ്ങിവരുന്ന ആളല്ല ഖലീഫ.'

ആസ്യസാഹിബ ഭാര്യയും, യൂസുഫ് കുട്ടി, അലവി, അബ്ദുസ്സലാം, ആന്ധ്രയിൽ മുഅ്ല്ലിമായിരുന്ന മർഹൂം നസീർമൗലവി, ഉമ്മർ, മൈമൂന, മറിയ എന്നിവർ മക്കളും, കുഞ്ഞിമൊയ്തു, അബൂബക്കർ എന്നിവർ മരുമക്കളുമാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തിൽ ഉന്നതസ്ഥാനവും നല്കുമാറാകട്ടെ. ആമീൻ.

*- മൗലവി കമറുദ്ദീൻ*

പേജ് 16 – ൽ നിന്ന്

ഗസ്ഥരും എന്ന നിലയും ഉൾക്കൊള്ളുന്നു. ഒരിടത്ത് അല്ലാഹു പറയുന്നു: "നിങ്ങളുടെ ജീവൻ പിടിച്ചെടുക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള മരണത്തിന്റെ മലക്ക് നിങ്ങളുടെ ജീവനെ പിടിച്ചെടുക്കുന്നു. പിന്നീട് നിങ്ങളുടെ നാഥനിലേക്ക് നിങ്ങൾ തിരിച്ചുകൊണ്ടുപോകപ്പെടുകയും ചെയ്യും" (32:12).

മറ്റൊരിടത്ത് പറയുന്നു. "അധർമ്മി മരണത്തിന്റെ ബുദ്ധിമുട്ടിലായിരിക്കുന്ന നിമിഷം നീ കാണുകയാണെങ്കിൽ മലക്കുകൾ തങ്ങളുടെ കൈകൾ അവരിലേക്ക് നീട്ടിക്കൊണ്ട് പറയുകയായിരിക്കും, 'നിങ്ങളുടെ ജീവൻ നിങ്ങൾ പുറത്തെടുക്കുക' അല്ലാഹുവിനെ സംബന്ധിച്ച് ശരിയല്ലാത്ത കാര്യങ്ങൾ പറയുകയും അഹംഭാവംകൊണ്ട് അവന്റെ ദൃഷ്ടാന്തങ്ങളിൽനിന്ന് വിമുഖരാവുകയും ചെയ്യുന്ന കാരണത്താൽ ഇന്നേ ദിവസം നിങ്ങൾക്ക് അപമാനത്തിന്റെ ശിക്ഷ നല്കുന്നതാണ്" (6:94).

വീണ്ടും പറയുന്നു: "സ്വന്തം ആത്മാക്കളുടെമേൽ ദ്രോഹം ചെയ്തവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവൻ പിടിച്ചെടുക്കുന്നുവോ അവരോട് മലക്കുകൾ പറയും: "നിങ്ങൾ ഏത് സ്ഥിതിയിലായിരുന്നു?" (4:99).

ഈ മൂന്ന് വചനങ്ങളും കൂട്ടിവായിക്കുമ്പോൾ ഒന്നാമത്തെ വചനത്തിൽ പറയപ്പെട്ടിരിക്കുന്നത് എല്ലാ മനുഷ്യരുടേയും ജീവനെടുക്കുന്ന ജോലി ഒരേയൊരു മലക്കിനെ ഏല്പിച്ചിരിക്കുന്നുവെന്നാണ്. മറ്റ് രണ്ട് വചനങ്ങളിലും പറയപ്പെട്ടിരിക്കുന്നത് ജീവനെടുക്കുന്നതിന് ഒരുപാട് മലക്കുകൾ ഉണ്ടെന്നാകുന്നു. ഇതിൽ നിന്ന് മനസ്സിലാകുന്നത് കാര്യങ്ങളൊക്കെ ചുമതലപ്പെടുത്തുന്നത് ഒരു മലക്കാണെന്നും ആ മലക്കിന് നിരവധി സഹായികളുണ്ടെന്നുമാണ്. അവർ ആ നേതാവായ മലക്കിനെ അനുസരിച്ചുകൊണ്ട് തങ്ങളിൽ അർപ്പിതമായ ജോലികൾ ചെയ്യുന്നു. ഭരണകർത്താവും കീഴുദ്യോഗസ്ഥരും എന്ന ക്രമത്തെ മരണസംവിധാനത്തിൽ നിഷ്കൃഷ്ടമാക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് മറ്റ് കാര്യങ്ങളും അങ്ങനെതന്നെ എന്ന് തീരുമാനിക്കാൻ കഴിയുന്നതാണ്. അതായത്, മലക്കുകൾ മുഖേന നടക്കുന്ന എല്ലാ കാര്യങ്ങളുടേയും ചുമതല ചില വലിയ മലക്കുകൾക്കാണ്. അവരുടെ കീഴിലുള്ളവർ ഒരു മുറയനുസരിച്ച് വെളിയിൽ പ്രവർത്തിക്കുന്നു. ●

## അറിയിപ്പ്

ഖിലാഫത്ത് ജൂബിലി ആകുമ്പോഴേക്കും 25 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള പരിശ്രമത്തിലാണ് ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് കേരള. ഇതിന്റെ ആദ്യഘട്ടമായി മൂന്ന് പുസ്തകങ്ങൾ 11.02.07-ന് ഞായറാഴ്ച കണ്ണൂരിൽവെച്ച് പ്രകാശനം ചെയ്യുകയുണ്ടായി. 2007 മാർച്ച് അവസാനമാകുമ്പോഴേക്കും 8 പുസ്തകങ്ങൾകൂടി പ്രസിദ്ധീകരിക്കുവാനുള്ള തീവ്രശ്രമത്തിലാണ്. ഇതിന് ഞങ്ങൾക്ക് കൂട്ടായി നിങ്ങളുടെ പ്രാർത്ഥന എപ്പോഴും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

പുതുതായി പ്രസിദ്ധീകരിച്ചതും പ്രസിദ്ധീകരിക്കുന്നതുമായ പുസ്തകങ്ങളിൽ കുട്ടികളുടെ പഠനാവശ്യത്തിനുള്ളതൊഴിച്ച് ബാക്കി എല്ലാ പുസ്തകങ്ങളും 50% ഡിസ്കൗണ്ട് (നിബന്ധനകൾക്ക് വിധേയമായി) ജമാഅത്തുകൾക്കും, മറ്റു ഏജൻസികൾക്കും നൽകുന്നതാണ്. കണ്ണൂർ, കോഴിക്കോട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ ബുക്ക് ഡിപ്പോകൾ ആരംഭിക്കുവാൻ പബ്ലിക്കേഷൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റേതെങ്കിലും സ്ഥലങ്ങളിൽ ഡിപ്പോകൾ ആരംഭിക്കുവാൻ സൗകര്യമുള്ള ജമാഅത്തുകൾ സന്നദ്ധമാവുകയാണെങ്കിൽ അതിനുവേണ്ടുന്ന സഹായങ്ങൾ പബ്ലിക്കേഷൻ വിഭാഗം അതിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് ചെയ്യുന്നതാണ്. (ഇൻശാഅല്ലാഹ്) സ്റ്റോക്കുള്ള പുസ്തകത്തിന്റെ വിവരങ്ങൾ സത്യമിത്രത്തിന്റെ അവസാനപേജിൽ കാണുക.

**മൂന്ന് ബുക്ക് ഡിപ്പോകളും ഫോൺനമ്പറും താഴെ ചേർക്കുന്നു**

1. കണ്ണൂർ: അഹ്മദിയ്യാ മുസ്ലിം കോംപ്ലക്സ്, ഫോർട്ട് റോഡ്- 0497 3202308
2. കോഴിക്കോട്: അഹ്മദിയ്യാ മുസ്ലിം ബുക്സ്റ്റാൾ, ബൈത്തുൽഖുദ്ദൂസ്- 0495 6520733
3. എറണാകുളം: അഹ്മദിയ്യാ മുസ്ലിം മിഷൻ, സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത്- 9447783875

*കൂടുതൽ വിവരങ്ങൾ അറിയുവാൻ താഴെ കാണുന്ന ഫോൺനമ്പറിൽ ബന്ധപ്പെടുക.*

ടി. ശറഫുദ്ദീൻ, അഡ്മിനിസ്ട്രേറ്റർ: 9846876867; 0497 3202308; 0497 3202142 (റസി)

പ്രൊഫ. മഹ്മൂദ് അഹ്മദ്, ചെയർമാൻ: 9447485136; 0497 2876406 (റസി)

# അഹ്മദിയ്യാ സാഹിത്യങ്ങൾ

| | |
|---|---|
| മൈത്രിസന്ദേശം | 10 |
| തിരുനബി ചരിത്രം | 100 |
| വാഗ്ദത്ത മസീഹിന്റെ അത്ഭുതദൃഷ്ടാന്തങ്ങൾ | 30 |
| ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം | 50 |
| ഇസ്‌ലാമിക പാഠാവലി 1–ാം ഭാഗം | 10 |
| ഹദ്റത്ത് അഹ്മദ്– (കുട്ടികൾക്കുള്ളത്) | 20 |
| തിരുദൂതരുടെ പ്രാർത്ഥനകൾ | 50 |
| മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനകൾ | 100 |
| ഹദ്റത്ത് അഹ്മദ് (ജീവചരിത്രം 2–ാം ഭാഗം) | 30 |
| വിശ്വാസികളുടെ പാത | 40 |
| യേശുക്രിസ്തു കാശ്മീരിൽ | 25 |
| യേശു മിശിഹാ ഇന്ത്യയിൽ | 20 |
| മുസ്‌ലിം–ക്രിസ്ത്യൻ സംവാദം | 20 |
| പരമകാരുണികന്റെ വരദാനങ്ങൾ | 10 |
| അൽവസിയ്യത്ത് | 75 |
| വിശ്വാസവും ജീവിതവും ഖുർആനിൽ | 80 |
| ഈസാനബിയുടെ മരണവും പുനരാഗമനവും | 10 |
| പ്രവാചകത്വം ഖുർആനിൽ | 20 |
| ഇസ്‌ലാം ദർശനവും ജീവിതവും | 25 |
| ഇസ്‌ലാം പ്രബുദ്ധതയുടെ മതം | 80 |
| ദുആ സ്വീകാര്യതയുടെ രഹസ്യം | 20 |
| സത്യമാർഗ്ഗം ഒരു സംവാദം | 20 |
| ഇസ്‌ലാമും ജമാഅത്തെ ഇസ്‌ലാമിയും | 12 |
| നമ്മുടെ അദ്ധ്യാപനങ്ങൾ | 15 |

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള
അഹ്മദിയ്യാ കോംപ്ലക്സ്, ഫോർട്ട് റോഡ്, കണ്ണൂർ– 670 001